VI റിപ്പോർട്ട് സമർപ്പണം

IX- ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ 2000-2001 വർഷത്തെ ആനുകാലിക റിപ്പോർട്ട്

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ) : സർ, സഹകരണവും തുറമുഖവും സംബന്ധിച്ച IX -ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ 2000-2001 വർഷത്തെ (മാർച്ച് 31 വരെയുള്ള) ആനുകാലിക റിപ്പോർട്ട് സമർപ്പിക്കുന്നു.

VII ധനകാര്യം

2003-2004 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, സംസ്ഥാന ഭരണത്തലവന്മാർ മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2003-04 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

		ബഡ്ജറ്റ് എസ്റ്റിമേറ്റ് 2003-2004				
ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെ പേര്	18-3-2003-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക		സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക		ആകെ
		റവന്യൂ (രൂപ)	മൂലധനം (രൂപ)	റവന്യൂ (രൂപ)	മൂലധനം (രൂപ)	രൂപ (രൂപ)
(1)	(2)	(3)	(4)	(5)	(6)	(7)
II	സംസ്ഥാനഭരണത്തലവൻമാർ മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ	87,18,14,000	..	1,74,36,29,000	..	1,74,36,29,000

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥർ എന്നീ II -ാം നമ്പർ ധനാഭ്യർത്ഥനയെ സംബന്ധിക്കുന്ന ചട്ടം 236- III അനുസരിച്ചുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ

താഴെപ്പറയുന്ന അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു. നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ,

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,74,36,29,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

(സർക്കാർ ജീവനക്കാരുടെ ആനുകൂല്യങ്ങൾ വെട്ടിക്കുറച്ചതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു

ശ്രീ. ടി. കെ. ദേവകുമാർ : സർ,

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,74,36,29,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

(സംസ്ഥാനത്ത് നിയമനനിരോധനം ഏർപ്പെടുത്തിയതിന്റെ ഫലമായി സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ ലക്ഷക്കണക്കിന് യുവതീ-യുവാക്കൾക്ക് തൊഴിൽ നിഷേധിക്കപ്പെട്ടതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. ബാലൻ : സർ,

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,74,36,29,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

(സംസ്ഥാനത്തിന്റെ വികസനം മുരടിപ്പിക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. കെ. ബാലൻ : സർ,

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,74,36,29,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(വിവിധ സർക്കാർ വകുപ്പുകളിലെ തസ്തികകൾ വെട്ടിക്കുറച്ചതായി പറയപ്പെടുന്ന നടപടിയെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ,

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,74,36,29,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

(സംസ്ഥാനം സാമ്പത്തിക ബുദ്ധിമുട്ടിലാണെന്ന് നിരന്തരം പ്രഖ്യാപിക്കുമ്പോഴും ഭരണപരമായ ചെലവുകൾ കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ബിനോയ് വിശ്വം : സർ,

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,74,36,29,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

(സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും വെട്ടിക്കുറച്ച ആനുകൂല്യങ്ങൾ മുഴുവനും പുനഃസ്ഥാപിച്ചു നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. നാരായണൻ : സർ,

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,74,36,29,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

(കേരളത്തെ വികസിപ്പിക്കുമെന്ന് ആവർത്തിച്ച് പ്രഖ്യാപിക്കുന്നതല്ലാതെ അതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ കഴിയാതിരിക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. കുമാരൻ : സർ,

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,74,36,29,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

(യാതൊരു മാനദണ്ഡവും പാലിക്കാതെ ജീവനക്കാരെ സ്ഥലം മാറ്റുന്നത് കൊണ്ടുണ്ടായിരിക്കുന്നതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകളെ കുറിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സൂചക വെട്ടിക്കുറയ്ക്കൽ

ശ്രീ. മഞ്ഞളാംകുഴി അലി : സർ,

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥർ എന്ന II -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,74,36,29,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി. കെ. ദേവകുമാർ : സർ,

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥർ എന്ന II -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,74,36,29,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. കെ. ചന്ദ്രൻ : സർ,

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥർ എന്ന II -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,74,36,29,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ,

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥർ എന്ന II -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,74,36,29,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി. കെ. ബാലൻ : സർ,

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,74,36,29,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി. ജയരാജൻ : സർ,

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥർ എന്ന II -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

1,74,36,29,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. സാജുപോൾ : സർ,

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥർ എന്ന II -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,74,36,29,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി. പി. രാമകൃഷ്ണൻ : സർ,

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥർ എന്ന II -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,74,36,29,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ,

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥർ എന്ന II -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,74,36,29,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. കെ. ബാലൻ : സർ,

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥർ എന്ന II -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,74,36,29,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.)

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. പി. മോഹനൻ : സർ,

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥർ എന്ന II -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,74,36,29,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.)

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ,

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥർ എന്ന II -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,74,36,29,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ഡോ. കെ. സി. ജോസഫ് : സർ,

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥർ എന്ന II -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,74,36,29,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. സി. കെ. നാണു : സർ,

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,74,36,29,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. എ. അസീസ് : സർ,

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗർ എന്ന II -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,74,36,29,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്. 100 പേരുടെ പിന്തുണയോടുകൂടി അധികാരത്തിൽ വന്ന ഗവൺമെന്റിന് 100 പേരുടെ പിന്തുണ ഇല്ല എന്ന് രണ്ട് വർഷം കഴിഞ്ഞപ്പോൾ അനുദിനമെന്നോണം ഓരോ സംഭവങ്ങളിലൂടെ പുറത്തു വന്നുകൊണ്ടിരിക്കുകയാണ്. 2 മന്ത്രിമാർ ഉൾപ്പെടെ 24 എം.എൽ.എ.മാർ യോഗം ചേർന്ന് ഈ ഗവണ്മെന്റ് സമ്പൂർണ്ണമായ പരാജയമാണെന്ന് ഈ ഗവൺമെന്റിന്റെ 2-ാം വാർഷികത്തിന് ഒരു ചാർത്തായിട്ട് നടത്തിയ പ്രസ്താവന ഞങ്ങൾ വായിച്ചു. അതുകഴിഞ്ഞ് യു.ഡി.എഫിന്റെ കൺവീനർ ശ്രീ. ഉമ്മൻചാണ്ടി പറഞ്ഞു സർക്കാരിനെ വിമർശിച്ച മന്ത്രിമാർ രാജി വയ്ക്കണം, ഭരണം പൂർണ്ണമായും പരാജയമാണെന്ന് അഭിപ്രായമുള്ളവർ രാജിവയ്ക്കണം. തുടർന്ന് ശ്രീ. ഉമ്മൻ ചാണ്ടിയെ

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിച്ചുകൊണ്ട് ശ്രീ. രാമചന്ദ്രൻമാസ്റ്റർ ഉൾപ്പെടെയുള്ളവർ ശ്രീ. പി. ശങ്കരനേയും ശ്രീ. കടവൂർ ശിവദാസനേയും പുറത്താക്കാനുള്ള നിവേദനങ്ങളുമായി ഡൽഹിയിൽ പോയതും ഒക്കെ നമ്മുടെ മുൻപിലുള്ള വാർത്തകളാണ്. കെ.പി.സി.സി. പ്രസിഡന്റ് കഴിഞ്ഞ 20-ാം തീയതിയിലെ സർവ്വ കക്ഷി യോഗത്തിൽ നടത്തിയ പ്രസംഗങ്ങൾ കേരളത്തിലെ മുഴുവൻ പത്രങ്ങളിലും വാർത്ത വന്നതാണ്. — ഈ സർക്കാർ ഉദ്യോഗസ്ഥരുടെ തടവറയിലാണെന്നാണ് അദ്ദേഹം പ്രസംഗിച്ചത്.

മി. സ്പീക്കർ : ഇങ്ങനെ പത്രങ്ങൾ നോക്കി വായിക്കാൻ പാടില്ല എന്നുള്ളത് ഞാൻ ഇനി നിർബന്ധമായിട്ടെടുക്കും. റൂളിൽ പറഞ്ഞിരിക്കുന്നത് വായിക്കാൻ പാടില്ല എന്നാണ്. എന്നിട്ടും എല്ലാവരും അത് വായിക്കുകയാണ്. നേതാക്കൻമാരും കൂടി ഇങ്ങനെ വായിക്കാൻ തുടങ്ങിയാൽ എങ്ങനെയാണ് ?

ശ്രീ. കെ. പി. രാജേന്ദ്രൻ : പത്രത്തിൽ നോക്കാൻ പാടില്ല എന്ന് സ്പീക്കർ റൂളിംഗ് ചെയ്യുകയാണെങ്കിൽ വായിക്കുന്നില്ല.

മി. സ്പീക്കർ: നോക്കണ്ട എന്ന് പറഞ്ഞില്ല. വായിക്കരുത് എന്നേ പറഞ്ഞുള്ളൂ.

ശ്രീ. കെ. പി. രാജേന്ദ്രൻ: ഭരണം സംപൂർണ്ണ പരാജയമാണ്, ഇവിടെ ഉദ്യോഗസ്ഥ ഭരണം മാത്രമാണ്. അതുപോലെ എം.എൽ.എ. മാർക്ക് ഉൾപ്പെടെ, മന്ത്രിമാർക്ക് ഉൾപ്പെടെ ഒരു റോളും ഇല്ല എന്ന് സർവ്വകക്ഷി യോഗത്തിൽ പ്രസംഗിച്ചത് കെ.പി.സി.സി. പ്രസിഡന്റ് ശ്രീ.കെ. മുരളീധരനാണ്. മുരളിയുടെ പ്രസംഗം വിവാദത്തിൽ, പ്രശ്നം ഹൈക്കമാന്റിലേയ്ക്ക്. കോൺഗ്രസ് എം.എൽ.എ.മാർ, മന്ത്രിമാർ, ബഹുമാനപ്പെട്ട നിയമസഭാ സ്പീക്കർ, നിയമസഭാ സ്പീക്കർക്കെതിരെ നടപടിയെടുക്കണം-കെ.പി.സി.സി. പ്രസിഡന്റ്. ഞാൻ വായിക്കുന്നില്ല. കഴിഞ്ഞ രാജ്യസഭാ തെരഞ്ഞെടുപ്പിനുശേഷം കേരളത്തിൽ കോൺഗ്രസിന്റെ എം.എൽ.എ. മാർ 26 പേർ നിങ്ങളെ പരസ്യമായി വെല്ലുവിളിച്ചു. എതിർ സ്ഥാനാർത്ഥിയെ നിർത്തി വോട്ട് രേഖപ്പെടുത്തിയതോടു കൂടി നിങ്ങളുടെ പിന്നിലുള്ള പിന്തുണയ്ക്ക് വിശ്വാസം പോയില്ലേ ? കഴിഞ്ഞ തവണ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ കോൺഗ്രസിലെ ഒരു വിഭാഗം എം.എൽ.എ.മാർ നിങ്ങളുടെ നയത്തിനോടും നിങ്ങളുടെ ഗവൺമെന്റിനോടും ഞങ്ങൾക്ക് വിശ്വാസമില്ല ; പിന്തുണയില്ല എന്നുപറഞ്ഞല്ലോ പ്രസംഗം ബഹിഷ്ക്കരിച്ചില്ലേ, ആരും പ്രസംഗിച്ചില്ലല്ലോ മാറി നിന്നു. 'ഇന്ന് നിയമസഭയിൽ 26 പേരുടെ ഗ്രൂപ്പ് പ്രസംഗിക്കുന്നില്ല.' പത്ര വാർത്ത. പ്രസംഗിക്കുമ്പോൾ നിങ്ങൾക്ക് കേൾക്കാം. എന്താണിത് ? ഈ ഗവൺമെന്റിൽ നിങ്ങളോടൊപ്പമുള്ള ശ്രീ.ടി.എം.ജേക്കബ് പറഞ്ഞതായിട്ട് പത്ര വാർത്ത. വായിക്കാൻ പാടില്ല എന്നു പറഞ്ഞതുകൊണ്ട് വായിക്കുന്നില്ല. ശ്രീ. ജേക്കബ് പറഞ്ഞിരിക്കുന്നു 1995-ൽ ചെയ്തത് തെറ്റ്, ശ്രീ. എ. കെ. ആന്റണിയെ കൊണ്ടുവന്ന് ശ്രീ. കെ. കരുണാകരനെ ഇറക്കിയതിൽ പശ്ചാത്തപിക്കുന്നു. പിന്നെ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, ഓരോരുത്തരും പറഞ്ഞത് ഇവിടെയുണ്ട്. ഞാൻ പറയുന്നില്ല. ഭരണകക്ഷിയിലുള്ള 100 പേർ ദിവസേന മാറിമാറി

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നു. ഗവൺമെന്റിലുള്ള വിശ്വാസം നഷ്ടപ്പെട്ടു, ഈ ഗവൺമെന്റിന് സമ്പൂർണ്ണമായ പരാജയം, ഉദ്യോഗസ്ഥരുടെ മേധാവിത്വം. ഞങ്ങളും അതുതന്നെയാണ് പറഞ്ഞത്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

'ജിം'-ഉം നിങ്ങളുടെ എ.ഡി.ബി. വായ്പയും എം.ജി.പി.യും...എം.ജി.പി. എന്താണ് ? എം.ജി.പി. നടപ്പാക്കാൻ ക്യാബിനറ്റ് തീരുമാനിച്ച പിറ്റേ ദിവസം മാതൃഭൂമിയിൽ 8 കോളത്തിൽ വാർത്ത വന്നു, ആരോഗ്യ നികുതി, നടപ്പിലാക്കുന്നു. നിങ്ങൾ എം.ജി.പി.യെക്കുറിച്ച് ചോദിച്ചപ്പോൾ ഉത്തരം തന്നിട്ടുണ്ട്. അത് ഞാൻ വായിക്കുകയാണ്. എന്താണ് എം.ജി.പി. ഇവിടെ വിശദീകരിക്കണം. ചർച്ചയുടെ മറുപടിയിൽ പറയണം. ഉദ്യോഗസ്ഥ നിലവാരത്തിൽ വിദേശ വായ്പയുമായി ബന്ധപ്പെട്ടു വന്ന് എ.ഡി.ബി.യുടെതായാലും, വേൾഡ് ബാങ്കിന്റെതായാലും പുതിയ ജിം-ന്റെ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് എം.ജി.പി. കൂടി നടപ്പാക്കിയാൽ കേരളം കടക്കെണിയിലും പുതിയ നികുതികളിലും അടിച്ചേൽപ്പിക്കപ്പെടുകയാണ്. വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങി എല്ലാ മേഖലകളിലും ജനങ്ങളുടെ മേൽ ബാദ്ധ്യത വരികയാണ്. നിങ്ങളുടെ കടം എത്രയാണ്. ഗവൺമെന്റിന്റെ നേട്ടം ശ്രീ. ശങ്കരനാരായണൻ പറഞ്ഞു, കടം വരും, കടം കൊടുക്കും, കടം 30,000 കോടി രൂപ കവിഞ്ഞു. നിങ്ങൾ ധാരാളമായി വായ്പ എടുക്കുന്നു. കോടിക്കണക്കിന് രൂപ വായ്പയെടുക്കുന്നു. നിങ്ങളുടെ ഭരണത്തിന്റെ ഫലമായി കോടിക്കണക്കിന് രൂപയുടെ വായ്പയുടെ മേൽ കേരളം സ്ഥിരമായി കടക്കെണിയിലല്ലേ, മറിച്ച് ഗവൺമെന്റിന്റെ നേട്ടം എന്താണെന്ന് മുഖ്യമന്ത്രി പറയണം. പ്രധാനമന്ത്രിയുമായി സംസാരിച്ച കാര്യം ശ്രീ. ഗോവിന്ദൻ മാസ്റ്ററുടെ ചോദ്യത്തിന് മറുപടിയായിട്ട് ഇന്ന് കാലത്ത് പറഞ്ഞു. ഇവിടെ എന്താണ് ശ്രീ. മാണി മറുപടി പറഞ്ഞത്. 1,057 കോടി രൂപയാണ് നിങ്ങൾ കേന്ദ്രത്തോട് വരൾച്ചാ ദുരിതാശ്വാസമായി ആവശ്യപ്പെട്ടത്. നിങ്ങൾക്കു കിട്ടിയത് വട്ടപൂജ്യം. ഇവിടെ നൽകിയ ഉത്തരമാണ്. നിങ്ങൾക്ക് 601 കോടിരൂപ എ.ഡി.ബി. വായ്പ എന്താ ചെയ്യുന്നത് ? ഞങ്ങൾ നേരത്തെ പ്രസംഗിച്ചതുകൊണ്ട് പറയുന്നില്ല. LDF ഗവൺമെന്റിന്റെ മാനവീയത്തെ കുറിച്ചും കാർഗിൽഫണ്ടിനെക്കുറിച്ചും കുറേ പറഞ്ഞല്ലോ. ഗുജറാത്ത് ഭൂകമ്പത്തിൽ ഉണ്ടായ നാശനഷ്ടങ്ങളെ തുടർന്ന് രൂപീകരിച്ച ദുരിതാശ്വാസ ഫണ്ടിലേയ്ക്ക് പിരിച്ച സംഖ്യ 12 1/2 കോടി രൂപ വകമാറ്റി ചെലവു ചെയ്തില്ലേ, ചില്ലിക്കാശു കൊടുത്തോ ? മൂന്നുകോടി രൂപ നിങ്ങൾ കൊടുത്തതുതന്നെ അവിടെ നരേന്ദ്ര മോഡി വേറെ ആവശ്യത്തിന് എടുത്തില്ലേ. നിങ്ങൾ മറുപടി പറഞ്ഞില്ല. കുഞ്ഞുങ്ങൾക്ക് പാൽ കൊടുത്ത വകയിൽ എത്ര രൂപ...ഇവിടെ ചോദിക്കുന്ന ചോദ്യങ്ങൾക്കൊന്നും മറുപടി പറയുന്നില്ല. 2-ാം വാർഷികത്തിനുവേണ്ടി ശ്രീ. ഹസ്സൻ അച്ചടിച്ചിറക്കിയ വകയിൽ ചെലവ് എത്ര ? ഞങ്ങളുടെ കയ്യിൽ അതിന്റെ ലിസ്റ്റുണ്ട്. മുഖ്യമന്ത്രിയുടെ നാലുനിറത്തിലുള്ള പോസ്റ്ററുകൾ അച്ചടിക്കാൻ, പുസ്തകങ്ങൾ അച്ചടിക്കാൻ 45 ലക്ഷം രൂപ, അത് മൂന്നാം വാർഷികത്തിന്റെ ഭാഗമായി അച്ചടിച്ചിറക്കി. വാട്ടർ അതോറിറ്റിയുടെ 1,800 കോടി രൂപയുടെ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട വിഷയത്തിൽ,

LIBRARY ARCHIVES Kerala Legislative Assembly

വസ്തുത നിങ്ങൾ ഈ സഭയിൽ പറയണം, 121 കോടി രൂപ വാട്ടർ അതോറിറ്റിയിൽ നിന്ന് റിട്ടയർ ചെയ്ത ഉദ്യോഗസ്ഥന്മാരുടെ കറക്കു കമ്പനിക്ക് എഴുതികൊടുത്തുകൊണ്ടുള്ള കൺസൾട്ടൻസിയാണോ, അതിൽ വസ്തുതകൾ പഠിച്ച് വസ്തുനിഷ്ഠമായി തീരുമാനിച്ചതാണോ, മുഖ്യമന്ത്രി വ്യക്തമാക്കണം. കേരളത്തിന്റെ വിവാദമായി കുറെ വർഷങ്ങളായി നിലനിൽക്കുന്ന ഒരു പ്രശ്നത്തിൽ ക്യാബിനറ്റ് തീരുമാനമെടുത്ത ശേഷം പറയുന്നു എനിക്ക് ഒന്നും അറിയില്ലെന്ന്. അതിനെക്കുറിച്ച് ശ്രീ. ടി. എം. ജേക്കബ് സഭയിൽ മറുപടി പറയണം. എന്തുകൊണ്ടും നിങ്ങളുടെ എം.എൽ.എ.മാർ, നിങ്ങളുടെ കക്ഷികൾ, നിങ്ങളുടെ കൂട്ടത്തിലുള്ളവർ അവിശ്വാസം പരസ്യമായി രേഖപ്പെടുത്തിയ സാഹചര്യത്തിൽ ഈ ഗവൺമെന്റിന് സമ്പൂർണ്ണ പരാജയമാണ്. ഈ ഗവൺമെന്റിന് മുന്നോട്ടു പോകാൻ യാതൊരു അവകാശവുമില്ല, അതുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഒരിക്കൽകൂടി ഞാൻ ശക്തമായി എതിർക്കുകയാണ്.

ശ്രീ. കെ. മുഹമ്മദാലി : ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുന്നു. ശ്രീ. കെ. പി. രാജേന്ദ്രന് ഞങ്ങളുടെ പാർട്ടിയെക്കുറിച്ച് അറിയാത്തതുകൊണ്ടാണ്. സ്വയം വിമർശനത്തിന് വളരെ പ്രാധാന്യം കൊടുക്കുന്ന പാർട്ടിയാണ്. ജനാധിപത്യ മര്യാദകൾ പൂർണ്ണമായും പാലിക്കുന്നു. സി.പി.ഐ.യെപ്പോലെയല്ല, ഇതൊരു കേഡർ പാർട്ടിയല്ല, ജനാധിപത്യ അവകാശങ്ങൾ എല്ലാപേർക്കുമുള്ള പാർട്ടിയാണ്. സ്വാഭാവികമായി പരസ്പരം വിമർശനങ്ങൾ എല്ലാം ഉണ്ടാകും. പക്ഷെ, വേണ്ട സന്ദർഭങ്ങളിൽ പാർട്ടിയുടെ ഐക്യം പ്രകടമാക്കേണ്ട സന്ദർഭങ്ങളിലെല്ലാം ശരിയായ രീതിയിൽ അത് വിനിയോഗിക്കുമെന്ന് തെളിയിക്കപ്പെട്ട പാർട്ടിയാണ്. അതുകൊണ്ട് ഞങ്ങളുടെ പാർട്ടിയിൽ നടക്കുന്ന വിമർശനങ്ങൾ കണ്ട് ആഹ്ലാദിച്ച് കാത്തിരിക്കണ്ട എന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. കെ. ബാബു : സി.പി.എം.ൽ സ്വയം വിമർശനം നടത്തിയ പി.ജി.യുടെ സ്ഥിതി ഇന്ന് പത്രത്തിൽ വായിച്ചില്ലേ. അദ്ദേഹത്തെ മാർക്സിസ്റ്റ് പാർട്ടി പരസ്യശാസനം നടത്തിയിരിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

ശ്രീ. കെ. മുഹമ്മദാലി : പി.ജി. യുടെ മാത്രമല്ല, അവസാനം ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണന്റെ സ്ഥിതിയും ഇതുതന്നെ. നാളെ എന്താകുമെന്ന് പറയാൻ കഴിയുകയില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : നിങ്ങളുടെ പാർട്ടിയുടെ പ്രത്യേകത പറഞ്ഞത് ആവശ്യം വരുമ്പോൾ ഒന്നിച്ചുനിൽക്കുമെന്ന്, അത് നമ്മൾ കണ്ടതല്ലേ. രാജ്യസഭാ തെരഞ്ഞെടുപ്പിൽ 26 എം.എൽ.എ മാർ ഒന്നിച്ച് കോടോത്തിന് വോട്ട് ചെയ്തത് നിങ്ങൾ ഒന്നിച്ചതിന്റെ ലക്ഷണമല്ലേ ?

ശ്രീ. കെ. മുഹമ്മദാലി : രാജ്യസഭാ തെരഞ്ഞെടുപ്പിൽ ഒന്നും സംഭവിച്ചില്ലല്ലോ. ഹൈക്കമാന്റ് തീരുമാനിച്ച സ്ഥാനാർത്ഥികൾ വിജയിച്ചു. റിസൽറ്റ് ആണല്ലോ പ്രധാന പ്രശ്നം, അത് നടന്നു. ഇപ്പോൾ രണ്ടു വർഷം

LIBRARY ARCHIVES Kerala Legislative Assembly

പൂർത്തിയായി. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ആത്മവിശ്വാസം ഉണ്ടായിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്ന സാഹചര്യം നമുക്കെല്ലാപേർക്കും അറിയാം. തകർന്നു തരിപ്പണമായ സാമ്പത്തിക മേഖല, ഞാനതിലേയ്ക്ക് കടക്കുന്നില്ല. സാമ്പത്തിക മേഖലയിൽ ഇന്ന് വളരെ ഗുണപരമായ മാറ്റമുണ്ടായിട്ടുണ്ട്. അത് സംസ്ഥാനത്തിന്റെ പുരോഗതിക്ക് വളരെ പ്രയോജനപ്പെട്ടു എന്ന കാര്യത്തിൽ സംശയമില്ല. റവന്യൂ കമ്മിയും ധനകമ്മിയും മുൻ വർഷത്തേക്കാൾ ഏറെ കുറഞ്ഞു. വിൽപ്പന നികുതി പിരിവിൽ റിക്കാർഡ് വർദ്ധനവാണ്. ഏതാണ്ട് 1,136 കോടി രൂപ പിരിക്കാൻ കഴിഞ്ഞുവെന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഭരണരംഗം കാര്യക്ഷമമാകുന്നുവെന്നതിന്റെ സൂചനയാണ്. ഇപ്പോൾത്തന്നെ ഗവൺമെന്റ് വളരെ മുൻഗണന നൽകിയിരിക്കുന്നത് ഭരണ നവീകരണത്തിനാണ് എ.ഡി.ബി.യുടെ 513 കോടി രൂപ ഭരണനവീകരണത്തിനുവേണ്ടി വിനിയോഗിക്കാൻ തീരുമാനിച്ചിരിക്കുന്നു. അപ്പോൾ ഗവൺമെന്റിന്റെ കാഴ്ചപ്പാട് വളരെ വ്യക്തമാണ്. ഭരണരംഗം കാര്യക്ഷമമാക്കുവാൻ സഹായകരമായ എല്ലാ കാര്യങ്ങളും പ്രാവർത്തികമാക്കുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇന്ന് മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിനനുകൂലമായി ഭരണരംഗത്ത് നവീകരണമുണ്ടാകണം. പഴയ രീതിക്ക് കാതലായ മാറ്റമുണ്ടാകണം. ഭരണരംഗത്ത് ഇവിടത്തെ ഫയൽ മൂവ്മെന്റുതന്നെ വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഒരു സെക്ഷൻ ഓഫീസർ എഴുതുന്ന കാര്യങ്ങൾ തന്നെയാണ് വിവിധ തലങ്ങളിൽ കണ്ട് തീർപ്പാക്കുന്നത്. ഇപ്പോൾ സെക്രട്ടേറിയറ്റിൽ തന്നെ ഏകദേശം ഒരു ലക്ഷത്തിലേറെ ഫയലുകൾ തീർപ്പ് കൽപ്പിക്കുവാൻ കാത്തുകിടക്കുകയാണ്. ഇത് സാധാരണക്കാരെ സംബന്ധിച്ചിടത്തോളം വളരെ പ്രയാസമുണ്ടാക്കും. ഭരണ രംഗത്ത് കാര്യക്ഷമതയുണ്ടാകണമെങ്കിൽ വിവിധ തട്ടുകളുടെ എണ്ണം കുറയ്ക്കണം. കേരള രൂപീകരണത്തിനുശേഷം ഭരണ പരിഷ്ക്കാരത്തിനുവേണ്ടി മൂന്നു കമ്മിഷനുകൾ രൂപീകരിച്ചു. ഇ.എം.എസ്.ന്റെ നേതൃത്വത്തിൽ ഒരു കമ്മിഷനുണ്ടായി. വെള്ളോടി കമ്മിഷനുണ്ടായി, നായനാരുടെ നേതൃത്വത്തിൽ ഒരു കമ്മിഷൻ രൂപീകരിച്ചു. അതിന്റെയെല്ലാം റിപ്പോർട്ടുകൾ വച്ചിട്ടുണ്ട്. ഈ റിപ്പോർട്ടുകളിൽ സ്വീകരിക്കാവുന്ന പല കാര്യങ്ങളും ഉണ്ട്. ഭരണ പരിഷ്ക്കാര രംഗത്ത് കാതലായ മാറ്റങ്ങൾ ഉണ്ടാകണം. ഇന്ന് ലോകം വളരെ വേഗത്തിൽ മുന്നോട്ടുപോയി കൊണ്ടിരിക്കുകയാണ്. ഭരണ രംഗത്ത് ആധുനിക സൗകര്യങ്ങൾ ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്നു. സാധാരണക്കാരെ സംബന്ധിച്ചിടത്തോളം വേഗം നീതി ലഭിക്കുവാൻ കഴിയുന്ന സാഹചര്യമുണ്ടാകണം. നീതി വേഗത്തിൽ ലഭിക്കുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അതിന് സഹായകരമായ മാറ്റങ്ങൾ ഭരണരംഗത്ത് ഉണ്ടാകണമെന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. നടപടിക്രമങ്ങൾ ലഘൂകരിച്ചുകൊണ്ട് ഫലം ഉറപ്പാക്കുന്ന മികച്ച പബ്ലിക് മാനേജ്മെന്റാണ് ഇന്ന് ആവശ്യം. അതെക്കുറിച്ച് വളരെ ഗൗരവമായി ആലോചിക്കണം. പബ്ലിക് അഡ്മിനിസ്ട്രേറ്റീവ് സിസ്റ്റം പബ്ലിക് സർവ്വീസ് സിസ്റ്റമാക്കി മാറ്റിയെടുക്കുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ആ കാര്യങ്ങൾ വളരെ ഗൗരവമായി നാം ആലോചിക്കണം. ഭരണരംഗം കാര്യക്ഷമമാക്കുന്നതിനെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ആലോചിക്കുമ്പോൾ അതിന് പ്രതിബന്ധമാകാവുന്ന പല കാര്യങ്ങളുമുണ്ട്. ഏത് ഗവൺമെന്റ് അധികാരത്തിൽ വരുമ്പോഴും ഉണ്ടാകുന്ന കാര്യങ്ങളാണ്. ഇപ്പോൾ വളരെയേറെ ചർച്ച ചെയ്യപ്പെടുന്ന കാര്യമാണ് ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം. അനിയന്ത്രിതമായി, ഒരു മാനദണ്ഡവുമില്ലാതെ ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റങ്ങൾ ഉണ്ടാകുമ്പോൾ സ്വാഭാവികമായും ഭരണ രംഗത്തെ കാര്യക്ഷമതയ്ക്ക് കുഴപ്പമുണ്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റങ്ങളിൽ ശരിയായ മാനദണ്ഡം പാലിക്കാൻ കഴിയുകയാണെങ്കിൽ, കാര്യക്ഷമതയോടെ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാർക്ക് സ്വതന്ത്രമായി പ്രവർത്തിക്കുവാനുള്ള സൗകര്യങ്ങൾ ഉറപ്പാക്കുവാൻ കഴിയുകയാണെങ്കിൽ, ഭരണ രംഗത്ത് കാര്യമായ മാറ്റം ഉണ്ടാക്കുവാൻ കഴിയും. അതിന് പലപ്പോഴും കഴിയാതെ പോകുന്നു. ഏതു ഗവൺമെന്റ് ഭരിക്കുന്ന സന്ദർഭത്തിലും ഭരണരംഗത്ത് ഇന്ന് ഉണ്ടാകുന്ന ഈ സ്ഥിതിക്ക് കാരണം രാഷ്ട്രീയ ഇടപെടലുകളാണ്. ആ രാഷ്ട്രീയ ഇടപെടലുകൾ പരമാവധി ഒഴിവാക്കി ഭരണരംഗത്ത് സ്വതന്ത്രമായി പ്രവർത്തിക്കുവാനുള്ള സാഹചര്യം ഉണ്ടാക്കുവാൻ ശ്രമിക്കണം. ശ്രീ. എ. കെ. ആന്റണി ആ കാര്യങ്ങളിൽ വളരെയേറെ പ്രതിജ്ഞാബദ്ധമായി പ്രവർത്തിക്കുന്ന ആളാണ്. അതുകൊണ്ടാണ് അദ്ദേഹത്തിന്റെ ഭരണ കാലത്ത് ഈ കാര്യങ്ങൾ കൂടുതൽ മുന്നോട്ടു പോകുവാൻ സാഹചര്യമുണ്ടായത്. ഒരു സമ്മർദ്ദത്തിനും വിധേയനാകാതെ നീതിപൂർവ്വമായി കാര്യങ്ങൾ നടത്തുവാൻ പ്രതിജ്ഞ എടുത്തിട്ടുള്ള ഒരു മുഖ്യമന്ത്രിക്ക്, അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റിന് ഈ സന്ദർഭത്തിൽ ഈ കാര്യത്തിൽ വ്യക്തമായ ഒരു കാഴ്ച്ചപ്പാട് ഉണ്ടാകുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. വിവിധ വകുപ്പുകളിലെ പ്രവർത്തനങ്ങളെ കുറിച്ച് മുഖ്യമന്ത്രി വിലയിരുത്തുമെന്നു പറയുകയുണ്ടായി. അതോടൊപ്പംതന്നെ ഉദ്യോഗ തലത്തിൽ ഇന്ന് വിലയിരുത്തൽ നടക്കുന്നില്ല. കഴിഞ്ഞ കാലങ്ങളിലെ കാര്യം നമുക്ക് അറിയാം. ഓരോ ഓഫീസുകളിലും മേലുദ്യോഗസ്ഥന്റെ പരിശോധന ഉണ്ടെന്ന് അറിയുമ്പോൾ ഒന്നുരണ്ട് ആഴ്ചയ്ക്ക് മുമ്പുതന്നെ ആ ഓഫീസുകളിൽ ജാഗ്രതയോടെ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാകാറുണ്ട്. ഇന്ന് അത് ഉണ്ടോ? ഇന്ന് മേലുദ്യോഗസ്ഥർ പരിശോധിക്കുക എന്നത് ഒരു സാധാരണ നടപടിക്രമം എന്നതിൽ കവിഞ്ഞ് അതിൽ യാതൊരു ഗൗരവവും ഇല്ലാത്ത സ്ഥിതി വന്നിരിക്കുന്നു. അതുകൊണ്ട് ഗവൺമെന്റ് സെക്രട്ടറിമാർ അവർക്ക് താഴെയുള്ള ഓഫീസുകൾ, ഡിപ്പാർട്ടുമെന്റ് അദ്ധ്യക്ഷന്മാർ അവർക്ക് തഴെയുള്ള ഓഫീസുകൾ സ്ഥിരമായി പരിശോധിച്ച് പാകപ്പിഴ ഉണ്ടെങ്കിൽ അതു തിരുത്താനുള്ള ശ്രമം നടത്തണം. പാകപ്പിഴകൾക്ക് കാരണക്കാരായവർക്ക് എതിരെ ഉറച്ച നിലപാട് സ്വീകരിക്കുന്ന സംവിധാനം ഈ സംസ്ഥാനത്ത് ഉണ്ടാവുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ചീഫ് സെക്രട്ടറി ഈ കാര്യങ്ങളെക്കുറിച്ച് മോണിറ്റർ ചെയ്യണം. അതൊന്നും ഇന്ന് നടക്കുന്നില്ല. അതൊക്കെയാണ് ഇന്ന് ഈ ഭരണരംഗത്ത് ഉണ്ടായിരിക്കുന്ന പല പാളിച്ചകൾക്കും പാകപ്പിഴകൾക്കും കാരണമായിട്ടുള്ളത്. സംസ്ഥാനത്ത് മാറിമാറിവരുന്ന ഗവൺമെന്റുകൾ ആവശ്യമില്ലാത്ത കാര്യങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇടപെടലുകൾ നടത്തുമ്പോൾ സ്വാഭാവികമായും സ്വതന്ത്രമായി ബ്യൂറോക്രസിക്ക് പ്രവർത്തിക്കുവാൻ കഴിയാത്ത സാഹചര്യം ഉണ്ടാകും. ബ്യൂറോക്രസിയും ഇന്ന് അഴിമതി വിമുക്തമാകുന്നില്ല എന്നുള്ളതാണ് നാം നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. അഴിമതി വിമുക്തമാക്കാൻ കഴിയുന്ന നിലയിൽ സുതാര്യമായ നടപടികളും പ്രവർത്തനങ്ങളും നമ്മുടെ ഭരണ രംഗത്ത് ഉണ്ടാകുക എന്നത് വളരെയേറെ പ്രധാനപ്പെട്ട കാര്യമാണ്. ആ കാര്യത്തിൽ വ്യക്തമായ കാഴ്ചപ്പാടോടുകൂടിയാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ കാര്യത്തിൽ മുൻകൈ എടുത്തിട്ടുണ്ട്. അത് വിജയകരമായി തീരേണ്ടത് ഈ സംസ്ഥാനത്തിന്റെ ആവശ്യമാണെന്ന് പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വികസന രംഗത്ത് ഒരു കുതിപ്പിനുവേണ്ടി ശ്രമിക്കുകയാണ്. ഓരോ മേഖലയിലും കുതിപ്പിനുവേണ്ടി ശ്രമിക്കുകയാണ്. അവിടെ സർക്കാർ മുടക്കുന്ന പണം അതിന്റെ 50 ശതമാനമെങ്കിലും പ്രാവർത്തിക രംഗത്ത് ഉണ്ടാകുന്നില്ല എന്നതാണ് പ്രധാനപ്പെട്ട പ്രശ്നം. ഇന്ന് നമ്മുടെ കരാർ വർക്കുകൾ പലപ്പോഴും എസ്റ്റിമേറ്റ് ചെയ്യപ്പെടുന്ന തുകയുടെ പകുതിപോലും ചെലവഴിക്കുന്നില്ല. അതെല്ലാം പല തട്ടുകളിലായി ചോർന്നുപോകുന്നു. ഇത് എങ്ങനെ നമുക്ക് പരിഹരിക്കുവാൻ കഴിയും? ഇതിനെക്കുറിച്ച് വളരെ ഗൗരവമായി ആലോചിക്കണ്ടേ? ഇപ്പോൾ പുതിയ ധനകാര്യ സ്ഥാപനങ്ങളിൽനിന്നുകിട്ടുന്ന പണം, നാം ഏറ്റെടുക്കുന്ന പല പദ്ധതികളെക്കുറിച്ചും ഉണ്ടാകാവുന്ന ആക്ഷേപങ്ങൾ,... കൺസൾട്ടൻസി സംവിധാനങ്ങൾ അതു സുതാര്യമായി പ്രവർത്തിക്കുന്ന സംവിധാനമാക്കി മാറ്റി എടുക്കേണ്ടിയിരിക്കുന്നു. എസ്റ്റിമേറ്റ് ചെയ്യപ്പെടുമ്പോൾ ഉണ്ടാകുന്ന സാഹചര്യങ്ങൾ നമുക്ക് അറിയാം. ഇവിടെ സംസ്ഥാന പൊതുമരാമത്ത് നേരിട്ട് നടത്തുന്ന പല പദ്ധതികൾക്കുംവേണ്ടി എസ്റ്റിമേറ്റ് ചെയ്യപ്പെടുന്ന തുകയുടെ പതിൻമടങ്ങ് തുക കൺസൾട്ടൻസി വഴി ധനകാര്യസ്ഥാപനങ്ങളുടെ സഹായത്തോടെ ചെലവഴിക്കുമ്പോൾ സ്വാഭാവികമായും ഗുണപരമായ മാറ്റങ്ങൾ ഉണ്ടാകേണ്ടതാണ്. പക്ഷെ പലപ്പോഴും അതുണ്ടാകുന്നില്ല. അതിനെ കുറിച്ചൊക്കെ ഗൗരവമായി പരിശോധിക്കണം. പൊതുപണം ചോർന്നു പോകുന്ന വഴികൾ പരമാവധി അടയ്ക്കുവാൻ എങ്ങനെ കഴിയും എന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. വികസന രംഗത്ത് നാം ആഗ്രഹിക്കുന്ന രീതിയിലുള്ള ഊന്നൽ ഉണ്ടാകണമെങ്കിൽ ആ രംഗത്ത് ഇതുപോലുള്ള ചോർച്ചകൾ അവസാനിപ്പിക്കുവാൻ കഴിയുന്ന നിലയിലുള്ള ഒരു സമീപനം ഭരണ രംഗത്ത് ഉണ്ടാക്കുവാൻ ഗവൺമെന്റ് ശ്രമിക്കണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. ഇവിടെ ജിമ്മിനെക്കുറിച്ചൊക്കെ പറഞ്ഞു. ഗ്ലോബൽ മീറ്റ് നടന്നു. അവിടെയുള്ള പ്രോജക്ടുകളെക്കുറിച്ച് പറഞ്ഞു. ഇവിടെ ഒന്നും നടന്നില്ല എന്ന് ശ്രീ. രാജേന്ദ്രൻ പറയുകയുണ്ടായി. എന്റെ പ്രദേശവുമായി ബന്ധപ്പെട്ട കാര്യത്തെക്കുറിച്ച് അറിയാം. അത് ഞാൻ പറയുവാൻ ആഗ്രഹിക്കുകയാണ്. കാക്കനാടുള്ള 'കിൻഫ്രാ'യിൽ ഇന്ന് സ്ഥലം മുഴുവനുംപോയി. വലിയ കമ്പനികളാണ് വന്നിരിക്കുന്നത്. പുതിയ

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യക്കാർക്ക് സ്ഥലം കൊടുക്കണമെങ്കിൽ പുതിയതായി സ്ഥലം എടുക്കണം. ഐ.റ്റി. പാർക്കിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഇത്തരം കാര്യങ്ങളിൽ ഇന്ന് ഉണ്ടായിരിക്കുന്ന ഈ സ്ഥിതിവിശേഷം, ഈ സംസ്ഥാനത്തിന്റെ പുരോഗതിക്ക് ശുഭസൂചകമാണ്. ഈ സംസ്ഥാനത്തെ മാറ്റങ്ങൾക്ക് അനിവാര്യമാണ്. ആ മാറ്റങ്ങൾ ശരിയായ വേഗതയിൽ പോകണമെങ്കിൽ എല്ലാപേരുടെയും സഹകരണം ഉണ്ടാകണം. പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും സഹകരണം ഉണ്ടാകണം, അതുപോലെ നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഇന്ന് കാർന്നുതിന്നുന്ന ഈ അഴിമതി ഒഴിവാക്കുവാൻ കഴിയുന്ന നിലയിൽ സുതാര്യമായ പ്രവർത്തനങ്ങളെക്കുറിച്ച് ആലോചിക്കണം. ഇവിടെ പത്രങ്ങളിൽ വാർത്തവന്നു. ജനകീയാസൂത്രണ പദ്ധതിയുടെ നടത്തിപ്പിൽ 300 കോടി രൂപയുടെ അഴിമതി നടന്നു. ഇന്നും ഗവൺമെന്റ് അതിനെക്കുറിച്ച് ശരിയായ രീതിയിൽ പരിശോധിക്കുവാൻ മുന്നോട്ടുവന്നിട്ടില്ല. അതു പരിശോധിക്കണം. ലോക്കൽ ഫണ്ട് ആഡിറ്റ് ചൂണ്ടിക്കാണിച്ച കാര്യമാണ് 300 കോടി രൂപയുടെ അഴിമതി. ഇത്തരം കാര്യങ്ങൾ പരിശോധിച്ച് കുറ്റവാളികളെ കണ്ടെത്തേണ്ടത് ഇനി അങ്ങോട്ടുള്ള പ്രവർത്തനങ്ങൾക്ക് വളരെ പ്രയോജനകരമായിത്തീരും. ഇത്തരം കാര്യങ്ങൾ നടത്തുന്നവർക്ക് ഇത് താക്കീതായി മാറും എന്നതുകൊണ്ട് ഇതിനെക്കുറിച്ചൊക്കെ വളരെ ഗൗരവമായി പരിശോധിക്കുവാനും അന്വേഷിക്കുവാനും ശ്രീ. എ. കെ. ആന്റണിയുടെ ഗവൺമെന്റ് മുന്നോട്ടുവരണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. അധികാരവികേന്ദ്രീകരണം പ്രാവർത്തികമാക്കിയ സന്ദർഭങ്ങളിൽ പറഞ്ഞിരുന്നു സാധാരണക്കാർ തിരുവനന്തപുരത്തുവന്ന് കാര്യങ്ങൾ നടത്തിക്കൊണ്ട് പോകേണ്ട സ്ഥിതിവിശേഷം ഒഴിവാക്കുവാൻകഴിയും, പാവപ്പെട്ടവരെ സംബന്ധിച്ച് വളരെയേറെ ആശ്വാസമുണ്ടാകുമെന്നൊക്കെ. പക്ഷെ ഇപ്പോൾ എന്തെങ്കിലും കാര്യങ്ങൾ നടക്കണമെങ്കിൽ സെക്രട്ടേറിയറ്റിൽ വരണം. സെക്രട്ടേറിയറ്റിലെ ജീവനക്കാരിൽ മൂന്നിലൊന്ന് ഭാഗത്തിന്റെ ആവശ്യം വരില്ല എന്നാണ് എല്ലാപേരും പറഞ്ഞത്. പക്ഷെ, സെക്രട്ടേറിയറ്റിലെ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ഇപ്പോൾ ആലോചിക്കുന്നു. അതുപോലെത്തന്നെ ഉദ്യോഗരംഗത്ത്, ഉന്നത ഉദ്യോഗസ്ഥരുടെ എണ്ണം കുറയ്ക്കുവാൻ ശ്രമിക്കുന്നില്ല. ഇത്തരം കാര്യങ്ങളെക്കുറിച്ച് ഗവൺമെന്റ് വളരെ സജീവമായ ചർച്ച ചെയ്ത് വ്യക്തമായ നിലപാട് സ്വീകരിക്കണം. രാഷ്ട്രീയ ഇച്ഛാശക്തിയോടെ സമീപിക്കണം. ഓരോ മേഖലയിലും വളരെയധികം ഉദ്യോഗസ്ഥർ ആവശ്യമില്ലാതെ ഉണ്ട്. അങ്ങനെയുള്ള ഉദ്യോഗസ്ഥരുടെ തസ്തിക വെട്ടിക്കുറച്ചുകൊണ്ട് കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ ശ്രമിക്കണം. ജില്ലാതലത്തിൽ ജില്ലാ കളക്ടർക്ക് കോ-ഓർഡിനേഷന് കഴിയുന്നില്ല. വിവിധ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥരെ കോ-ഓർഡിനേറ്റ് ചെയ്യാൻ കഴിയുന്നില്ല. ഒരു കാലഘട്ടത്തിൽ നിയമസമാധാന ചുമതലയുള്ള ജില്ലാ കളക്ടറും പോലീസ് ഉദ്യോഗസ്ഥരും യോജിച്ചാണ് കാര്യങ്ങൾ കൈകാര്യം ചെയ്തിരുന്നത്. ഇന്ന് പോലീസ് ഉദ്യോഗസ്ഥരും കളക്ടർമാരും തമ്മിലുള്ള ബന്ധം നല്ല നിലയിലല്ല. നിയമസമാധാനം സംരക്ഷിക്കുവാൻ

LIBRARY ARCHIVES Kerala Legislative Assembly

ഭരണഘടനാപരമായി ചുമതലയുള്ളവർക്കുപോലും യോജിക്കുവാൻ കഴിയാത്ത, ഐകൃത്തോടെ പ്രവർത്തിക്കുവാൻ കഴിയാത്ത നിലയിലാണ് ഇന്നത്തെ സാഹചര്യം ഉണ്ടായിരിക്കുന്നത്. ജില്ലകളിലെ വിവിധ ഡിപ്പാർട്ടുമെന്റുകളുമായി ഏകോപിപ്പിച്ച് പ്രവർത്തിപ്പിക്കുവാൻ, അഡ്മിനിസ്ട്രേഷൻ കാര്യക്ഷമമായി നടത്താൻ കഴിയുന്ന ഒരു സമീപനം ഉണ്ടാകണമെങ്കിൽ രാഷ്ട്രീയ ഇച്ഛാശക്തി ഈ ഗവൺമെന്റ് ഉണ്ടാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. ഭരണ രംഗത്തെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ ഇന്ന് പരിശീലനങ്ങൾ വളരെ ആവശ്യമാണ്. പലപ്പോഴും പരിശീലനങ്ങൾ ഇല്ല.

പരിശീലനമുണ്ടായെങ്കിൽ മാത്രമേ ഈ രംഗത്ത് മാറ്റങ്ങൾ ഉൾക്കൊള്ളാൻ കഴിയൂ. ഇ-ഗവേണൻസിനെക്കുറിച്ച് ഇവിടെ സംസാരിക്കാറുണ്ട്. ഇ-ഗവേണൻസെന്നു പറഞ്ഞാൽ കോടിക്കണക്കിന് രൂപ മുടക്കി കുറേ കമ്പ്യൂട്ടറുകൾ വാങ്ങിക്കുന്ന നിലപാടിലാണ് ചിലർ എത്തിയിരിക്കുന്നത്. അതു മാറണം. നമ്മുടെ സംസ്ഥാനത്തിന്റെ സാഹചര്യം വച്ചുകൊണ്ട് ഈ രംഗത്തുണ്ടാകുന്ന മാറ്റങ്ങൾ നമ്മുടെ നാട്ടിൽ പ്രാവർത്തികമാക്കാൻ എങ്ങനെ കഴിയുമെന്നതിനെക്കുറിച്ച് ആത്മാർത്ഥമായി പരിശോധിക്കാൻ ഗവൺമെന്റിനു കഴിഞ്ഞാൽ മാത്രമേ പാവപ്പെട്ടവർക്ക്, സാധാരണക്കാർക്ക് നീതി ലഭിക്കാനും അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാനും കഴിയുകയുള്ളൂ. ഈ ഗവൺമെന്റിനെക്കുറിച്ച് സാധാരണക്കാർക്ക് വലിയ പ്രതീക്ഷകളാണുള്ളത്. ആ പ്രതീക്ഷകൾ പൂവണിയാൻ കഴിയുന്ന നിലയിലുള്ള രാഷ്ട്രീയ ഇച്ഛാശക്തിയുള്ള തീരുമാനങ്ങളുമായി ഗവൺമെന്റ് മുന്നോട്ടുപോകണം. മുഖ്യമന്ത്രി ഈ കാര്യത്തിൽ വളരെ കർശനമായ നിലപാട് സ്വീകരിക്കണം. ഉദ്യോഗസ്ഥൻമാരുടെ സ്ഥലംമാറ്റങ്ങളിൽ വ്യക്തമായ മാനദണ്ഡമുണ്ടാകണം. ഗവൺമെന്റ് കൊടുക്കുന്ന ശമ്പളത്തേക്കാൾ ഏറെ ശമ്പളം പുറത്തു നിന്ന് പറ്റുന്ന ഉദ്യോഗസ്ഥന്മാർ പല ഡിപ്പാർട്ടുമെന്റുകളിലുമുണ്ട് എക്സൈസ് ഉൾപ്പെടെയുള്ള മേഖലകളിൽ ഉണ്ട്. അവർക്ക് പുറത്തു നിന്ന് ശമ്പളം കൊടുക്കുന്നുണ്ട്. അങ്ങനെയുള്ള ഉദ്യോഗസ്ഥൻമാരെ കണ്ടെത്തി അവരെ ശിക്ഷിക്കണം. മാനദണ്ഡത്തോടുകൂടി മാത്രം സ്ഥലംമാറ്റം ഉൾപ്പെടെയുള്ള കാര്യങ്ങൾ നടത്തുന്ന ഒരു സാഹചര്യം ഉണ്ടാകണം. അതിന് ഈ ഗവൺമെന്റ് മുന്നോട്ടു വരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഒരിക്കൽകൂടി പിൻതാങ്ങുന്നു.

<u>ശ്രീ. സി. മൊയിൻകുട്ടി</u> : സർ, ഈ ധനാഭ്യർത്ഥനയെ ഞാൻ പിൻതാങ്ങുകയാണ്. 2 വർഷം പിന്നിടുന്ന ഈ ഗവൺമെന്റിന്റെ ഭരണം 11A.M] തകർന്ന ഒരു സംസ്ഥാനത്തിന്റെ ഉയിർത്തെഴുന്നേൽപ്പാണ് ദൃശ്യമാകുന്നത്. തളർവാതം പിടിച്ചിട്ടുള്ള ഒരു രോഗി പരിപൂർണ്ണമായി രക്ഷപ്പെട്ടു വരികയാണ്. ഈ ഗവൺമെന്റ് ഭരണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അനാവശ്യമായിട്ടുള്ള പ്രവർത്തനങ്ങളെ നിയന്ത്രിക്കാൻ അടിത്തറ പാകിക്കഴിഞ്ഞിരിക്കുകയാണ്. ഈ സർക്കാരിന് പൊതുമേഖലയോട് അലർജിയില്ല. പൊതുമേഖല കടത്തിൽ മുങ്ങിക്കിടക്കുമ്പോൾ ഈ രാജ്യത്ത് അസംഘടിതരായിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

98 ലക്ഷത്തോളം ആളുകളെ ബലി കൊടുക്കാൻ തീരുമാനിച്ചിട്ടില്ലായെന്ന തിരിച്ചറിവാണ് സർക്കാരിന്റെ മുഖമുദ്ര. ഏതായാലും നല്ല നിലയിൽ കാര്യങ്ങൾ പുരോഗമിക്കുന്നില്ല, ഒന്നേകാൽ ലക്ഷത്തോളം ഫയലുകൾ സെക്രട്ടേറിയറ്റിൽ കെട്ടിക്കിടക്കുന്നു എന്നത് വളരെ വേദനാജനകമാണ്. ഇത് ഇന്നലെയോ ഇന്നോ ഉള്ള കാര്യങ്ങളല്ല. ശാപമോക്ഷം തേടി, ലക്ഷക്കണക്കിന് ജനങ്ങളുടെ ബുദ്ധിമുട്ടുകളും പ്രയാസങ്ങളുമാണ് ആ ഫയലുകളിൽ ഉറങ്ങിക്കിടക്കുന്നത്. ആത്മഹത്യയുടെ വക്കിൽപ്പോലും കാര്യങ്ങൾ എത്തിച്ചേർന്നു എന്നുള്ളതാണ്. സാമൂഹ്യ ബോധമുള്ള സംഘടനകളും ജീവനക്കാരും ഈ കാര്യത്തിൽ മുൻവിധി മാറ്റി വച്ചുകൊണ്ട് ഒരു സമന്വയത്തിന്റെ മാർഗ്ഗത്തിൽ തീർച്ചയായും വരണം. ഈ വിഷയങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയുള്ള സമയബന്ധിതമായിട്ടുള്ള പരിപാടികൾ ആവിഷ്ക്കരിക്കണം. സായിപ്പിന്റെ കാലത്തുള്ള പഴയ നിയമങ്ങൾ ആണുള്ളത്. ആ നിയമങ്ങൾക്ക് അടിസ്ഥാനപരമായി മാറ്റം വേണം. അതിന് മാറ്റമുണ്ടാക്കണം. സെക്രട്ടേറിയറ്റ് സംവിധാനത്തിൽ, ക്ലാർക്ക്, എസ്.ഒ., അണ്ടർ സെക്രട്ടറി, ഡി. എസ്., ജെ. എസ്. അഡീഷണൽ സെക്രട്ടറി, സെക്രട്ടറി, പി.എസ്, മന്ത്രി എന്നീതലങ്ങളിലൂടെയാണ് ഫയലുകൾ നീങ്ങുന്നത്. അത് മാറണം. കേന്ദ്രസർക്കാർ സർവ്വീസിലുള്ളതുപോലെ ഒന്നോ രണ്ടോ കൈകളിലൂടെ ഫയൽ നീങ്ങുന്ന ഒരു സംവിധാനം ഉണ്ടാകുകയാണെങ്കിൽ കാലതാമസം ഒഴിവാക്കാൻ സാധിക്കും. അതോടൊപ്പം അഴിമതി വിമുക്തമാക്കാനും ഒരു പരിധി വരെ സാധിക്കും. ഫയലുകളുമായി ബന്ധപ്പെടുന്ന റിപ്പോർട്ടുകൾ ഒന്നിച്ചാവശ്യപ്പെടുന്ന സംവിധാനം ഉണ്ടാകണം. ഇപ്പോൾ റിപ്പോർട്ടുകൾ പലപ്പോഴായിട്ടാണ് ആവശ്യപ്പെടുന്നത്. അതുകൊണ്ട് വളരെ കാലതാമസം ഉണ്ടാകുന്നു. എ.ഡി.ബി.-യിൽ നിന്ന് 513 കോടി രൂപ ലോൺ കിട്ടാൻ പോകുന്നു എന്നറിയുന്നു. ഭരണനവീകരണം ലക്ഷ്യം വച്ചാണ്. നമ്മുടെ വെബ്സൈറ്റിൽ ഇതു തെളിയുന്നതോടുകൂടി, ചീഫ്സെക്രട്ടറി അദ്ധ്യക്ഷനായിട്ടുള്ള സ്റ്റിയറിംഗ് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കും. അതോടൊപ്പം തന്നെ കഴിഞ്ഞ കാലങ്ങളിൽ ഉള്ള സാങ്കേതികത്വത്തിന്റെ നൂലാമാലകളുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുമെന്നാണ് വിശ്വാസം. സെയിൽസ് ടാക്സിന്റെ കാര്യത്തിൽ തീർച്ചയായും വമ്പിച്ച മാറ്റമാണ് സംസ്ഥാനത്തുണ്ടാക്കിയിട്ടുള്ളത്. 94% ലക്ഷ്യം കൈവരിച്ചിരിക്കുകയാണ്. വിൽപ്പനനികുതി രംഗത്തെക്കുറിച്ച് സെക്രട്ടേറിയറ്റ് പറയുന്നത് സർവ്വകാല റിക്കാർഡ് ആണെന്നാണ്. അത് നിഷേധിക്കാൻ അപ്പുറത്തുള്ളവർക്ക് കഴിയുന്ന കാര്യമല്ല. കഴിഞ്ഞ വർഷത്തേക്കാൾ 924 കോടി രൂപയുടെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. വമ്പിച്ച ഒരു സമരം നിലനിൽക്കുന്ന ഒരു സന്ദർഭത്തിലായിരുന്നു. ഈ സന്ദർഭത്തിൽ 2003 മാർച്ച് 31 വരെ 5,700 കോടി രൂപയാണ് ലക്ഷ്യം വച്ചത്. 5,375 കോടി രൂപ പിരിച്ചെടുക്കാനായി. ജീവനക്കാരുടെ സമരകോലാഹലങ്ങളുടെ ഇടയിലാണ് ഇതൊക്കെ സംഭവിച്ചത്. ധനകാര്യവകുപ്പുമന്ത്രിയെ ഞാൻ അക്കാര്യത്തിൽ അഭിനന്ദിക്കുകയാണ്. കർശനമായ സാമ്പത്തിക അച്ചടക്കം പാലിക്കാൻ സാധിച്ചു. നികുതി പിരിവ് ഊർജ്ജിതമാക്കി. ചെക്ക്പോസ്റ്റുകൾ നോക്കുകുത്തികളായി മാറിയില്ല. കെട്ടിക്കിടക്കുന്ന കേസുകളിൽ അടിയന്തിരമായി തീർപ്പു കൽപ്പിക്കാൻ കഴിഞ്ഞു. അസസ്മെന്റ് പൂർത്തിയാക്കി. റെയ്ഡുകൾ

LIBRARY ARCHIVES Kerala Legislative Assembly

ഊർജ്ജിതമാക്കി. സി.എ.ജി. റിപ്പോർട്ട് ചെയ്തിട്ടുള്ളത് ഗുണപരമായ മാറ്റമാണ് ഉണ്ടായിട്ടുള്ളതെന്നാണ്. സംസ്ഥാനത്ത് ചെലവു ചുരുക്കാൻ പ്ലാനിംഗ് ബോർഡ് നിർദ്ദേശിച്ചിട്ടുള്ള നിർദ്ദേശങ്ങൾ ഇനിയും നടപ്പാക്കാൻ വൈകരുത്. റവന്യൂ പിരിവ് വർദ്ധിച്ചിട്ടുണ്ട് : കമ്മി കുറഞ്ഞിട്ടുണ്ട്. അതുകൊണ്ട് പ്ലാനിംഗ് ബോർഡിന്റെ നിർദ്ദേശങ്ങൾ സത്വരമായി , ഫലപ്രദമായി പ്രാവർത്തികമാക്കാൻ സാധിക്കണം. ആദിവാസികളോട് മുമ്പെന്നത്തേക്കാളും കൂറു കാണിച്ച ഒരു സർക്കാരാണിത്. നിങ്ങൾ പണ്ട് കൊടുത്തിരുന്നുവെങ്കിൽ കോഴി കിടന്നിടത്ത് പൂടപോലും ഇല്ലെന്നു പറഞ്ഞമാതിരി ഒരെണ്ണമില്ലാതെ അവിടെ നിന്ന് രക്ഷപ്പെട്ടു. ഇത്തവണ എന്റെ മണ്ഡലത്തിലടക്കം 5 ഏക്കർ വീതം പൊന്നുംവിലയുള്ള ഭൂമി 63 ആളുകൾക്കാണ് കൊടുത്തിട്ടുള്ളത്. ഇനി അവശേഷിക്കുന്നവർക്ക് ഒരേക്കർവീതം കൊടുക്കാൻ സാധിക്കും. പരിപൂർണ്ണമായി അതു പൂർത്തിയാക്കണം. ഭൂമി കൊടുത്താൽ അവർക്ക് അവിടെ താമസിക്കാനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഉണ്ടാക്കി കൊടുക്കണം. ഇവർ ചെയ്തതുപോലെ ചെയ്യരുത്. ജോലിക്ക് കൂലി, ഭക്ഷണം എന്നിവയെല്ലാം ചലനാത്മകമാക്കണം. ജോലിക്ക് കൂലി എന്നു പറയുന്ന പദ്ധതി ചലനാത്മകമാക്കി സജീവമാക്കി മാറ്റിയാൽ പട്ടിണിയും പട്ടിണി മരണങ്ങളും ആത്മഹത്യയും കുറയ്ക്കാൻ സാധിക്കും. കളക്ടർമാരുടെ അവലോകനയോഗം പലപ്പോഴും ഒരു വഴിപാടുപോലെ നടക്കുകയാണ്. അതിൽ ജനപ്രതിനിധികളുടെ സാന്നിദ്ധ്യം ഉറപ്പു വരുത്താൻ സാധിക്കണം. അതോടൊപ്പം വകുപ്പുതല ഉദ്യോഗസ്ഥൻമാരെ നിർബന്ധമായും അതിൽ പങ്കെടുപ്പിക്കണം. അതിലൊക്കെ ഒരു നിസ്സാരഭാവമാണ് കാണുന്നത്. അതുകൊണ്ട്, ജനപ്രതിനിധികൾക്ക് ആ കാര്യത്തിലുള്ള ആശങ്ക ദൂരീകരിച്ചുകൊണ്ട് ഫലപ്രദമായ ചർച്ചയ്ക്ക് വഴിയൊരുക്കണം. അതിന്റെ ഫലസിദ്ധി പ്രതീക്ഷിക്കാനുള്ള സാഹചര്യം ഉണ്ടാകണം. ഇപ്പോൾ പോലീസ് സൂപ്രണ്ടുമാരുടെ യോഗം വിളിക്കുന്നില്ല. ആ യോഗം വിളിക്കാൻ വേണ്ടി അടിയന്തിരമായി ഇടപെടൽ ഉണ്ടാകണം. പോലീസ് സൂപ്രണ്ടുമാരുടെ യോഗം വിളിച്ചാൽത്തന്നെ ആ ജില്ലയിൽ ലാ ആൻഡ് ഓർഡർ പ്രശ്നങ്ങൾ ഒരു പരിധി വരെ കൂട്ടായ ചർച്ചയിലൂടെ പരിഹരിക്കാൻ സാധിക്കും. കംപ്യൂട്ടറൈസേഷൻ കൂടുതൽ സജീവമാക്കണം. പ്രവൃത്തിദിവസങ്ങൾ അഞ്ചാക്കുന്നതിന്റെ വിവിധ വശങ്ങളെക്കുറിച്ച് പരിശോധിച്ച് ഫലപ്രദമാണോ എന്നുള്ളത് നോക്കണം. അതുപോലെ പ്രവൃത്തി സമയം 10 മുതൽ 5 വരെ എന്നുള്ളത് കേന്ദ്രഗവൺമെന്റ് സ്ഥാപനങ്ങളെപ്പോലെ 9 മുതൽ 5 വരെയാക്കി മാറ്റാൻ സാധിക്കുമോ എന്നുള്ളതിന്റെ വശങ്ങൾ പരിശോധിച്ച് ആ കാര്യത്തിൽ തീരുമാനമുണ്ടാക്കണം. രാഷ്ട്രീയമേൽക്കോയ്മ, ഭരണസ്വാധീനം ഇതൊക്കെ അവസാനിപ്പിച്ച് യു.ഡി.എഫ്. ഭരണം പ്രതികാര രാഷ്ട്രീയത്തോട് വിട പറഞ്ഞുകൊണ്ട് സ്വീകരിച്ച പുതിയ ശൈലിയുണ്ട്. അത് ശരാശരിയാളുകളും ഇഷ്ടപ്പെടുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ആ തരത്തിലുള്ള ലൈൻ, അദ്ദേഹത്തിന്റെ ഉദ്ദേശശുദ്ധിയെ ഞാൻ അഭിനന്ദിക്കുകയാണ്. അതോടൊപ്പം ജനപ്രതിനിധികൾക്ക് മാന്യതയും അംഗീകാരവും കൂടി ലഭിക്കണം. ഇല്ലെന്നല്ല. എങ്കിൽത്തന്നെയും അത് ഉറപ്പു വരുത്താൻ കൂടി സാധിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

പോലീസ് ജനങ്ങളോടും ജനപ്രതിനിധികളോടും ഉള്ള പെരുമാറ്റം, മാന്യമായ പെരുമാറ്റം അത് ഒരിക്കൽക്കൂടി ഉറപ്പു വരുത്തണം. മാറാടിനെ സംബന്ധിച്ച് പറഞ്ഞു. മാറാട് മാന്തി വൃണമാക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. മതസൌഹാർദവും സമാധാനവും സഹവർത്തിത്വവും ഉണ്ടാകണം. അവിടെയുള്ള ആശങ്കകൾ നീക്കണം. അവിടത്തെ ജനങ്ങൾക്ക് സമാധാനപരമായ നിയമവാഴ്ച ഉറപ്പുകൊടുക്കാൻ സാധിക്കണം. അതല്ലാതെ മാറാട് സംഭവത്തെക്കുറിച്ച് ഇനിയും പറഞ്ഞ് മാറ് പിളർത്തി പ്രശ്നമാക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല. ചാരായ നിരോധനം സംബന്ധിച്ചാണ് എനിക്ക് മറ്റൊരു കാര്യം പറയാനുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചാരായനിരോധനം ഏർപ്പെടുത്തിയ സന്ദർഭത്തിൽ പറഞ്ഞു, ഘട്ടംഘട്ടമായി ചാരായനിരോധനം നടപ്പാക്കും മദ്യവിമുക്തമായ കേരളമാണ് എന്റെ സ്വപ്നമെന്ന്. തീർച്ചയായും അതിപ്പോഴും മുഖവിലയ്ക്കെടുക്കുകയാണ്. ബിവറേജസ് കോർപ്പറേഷന്റെ മദ്യഷാപ്പുകൾ വാരിക്കോരി കൊടുക്കണോ ? മദ്യഷാപ്പുകൾ പരമാവധി കുറച്ചുകൊണ്ട്, രാജ്യത്തെ മദ്യവിമുക്തമാക്കി ആദർശപരമായ ലക്ഷ്യത്തിനുവേണ്ടിയുള്ള മുന്നേറ്റം അങ്ങ് നടത്തണം. അങ്ങയിൽ നമുക്ക് വിശ്വാസമുണ്ട്. അതുകൊണ്ട് മദ്യവിമുക്തമായ കേരളത്തിനുവേണ്ടിയുള്ള പ്രവർത്തനം നടത്തണം. ഇച്ഛാശക്തിയുള്ള നിലപാടുമായി മുന്നോട്ടുപോകണം. ഈ രാജ്യത്തിലെ ജനങ്ങൾ അങ്ങയോടൊപ്പമുണ്ട്. രാജ്യത്ത് സൌഹാർദവും സമാധാനവും ആഗ്രഹിക്കുന്ന ആളുകൾ രാഷ്ട്രീയ പ്രതികാരം നിർത്തിയിരിക്കുകയാണ്. ചോരയ്ക്കു ചോര എന്നുള്ള മുദ്രാവാക്യം ഇപ്പോഴില്ല. അത് പഴയ മുദ്രാവാക്യമാണ്. ഇപ്പോൾ ഇവിടെ മാറ്റമുണ്ട്. അതാണ് ഇവിടത്തെ പ്രശ്നവും. ഇവിടെ സമാധാനപരമായ സഹവർത്തിത്വം ഉറപ്പു കൊടുക്കുന്ന മുഖ്യമന്ത്രിയെ പലർക്കും സഹിക്കാൻ സാധിക്കുന്നില്ല. ഈ ഗവൺമെന്റിന് എല്ലാവിധ പിൻതുണയും ഒരിക്കൽക്കൂടി അറിയിച്ചുകൊണ്ട് ധനാഭ്യർത്ഥനയെ അനുകൂലിക്കുകയാണ്.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : സർ, ഈ ധനാഭ്യർത്ഥനയെ ഞാൻ പിൻതാങ്ങുകയാണ്. വളരെ മോശപ്പെട്ട ഒരു സാമ്പത്തിക പശ്ചാത്തലത്തിൽ അധികാരത്തിൽ വന്ന ഐക്യജനാധിപത്യ മുണന്നി ഗവൺമെന്റ് 2 വർഷം പിന്നിടുമ്പോൾ കരിഞ്ഞുണങ്ങിയ മണ്ണിൽ പച്ചപ്പ് ദൃശ്യമായ ഒരനുഭൂതിയാണ് കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഉള്ളത്. ശ്രീ. കെ. പി. രാജേന്ദ്രൻ ഈ ഗവൺമെന്റിനെ കുറ്റപ്പെടുത്തുകയുണ്ടായി. കടം വാങ്ങുന്നതിനെക്കുറിച്ചും വരൾച്ചാ ദുരിതാശ്വാസം ലഭിക്കാത്തതിനെക്കുറിച്ചും പി.ആർ.ഡി. ഗവൺമെന്റിന്റെ നേട്ടങ്ങളെക്കുറിച്ച് അച്ചടിച്ച് പ്രസിദ്ധീകരിച്ചതിനെക്കുറിച്ചു മാണിവിടെ പറഞ്ഞത്. സ്വന്തം കണ്ണിൽ കോലിരിക്കുമ്പോൾ മറ്റുള്ളവരുടെ കണ്ണിലെ കരട് എടുക്കുന്നതിന് തുല്യമായിപ്പോയി ഇത് എന്നാണ് എനിക്ക് അദ്ദേഹത്തോട് സൂചിപ്പിക്കാനുള്ളത്. ഐക്യ കേരളമുണ്ടായ ശേഷം ഗവൺമെന്റുകളെല്ലാമുണ്ടാക്കിയ കടം, അത് ഇത്രയുമാക്കി വർദ്ധിച്ചത് കഴിഞ്ഞ 5 വർഷക്കാലത്തെ ഇടതുപക്ഷജനാധിപത്യമുന്നണിയുടെ ഭരണം കൊണ്ടാണ്. വരൾച്ചാ ദുരിതാശ്വാസത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. അദ്ദേഹത്തിന്റെ നേതാവ്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഇ. ഇസ്മയിൽ കേരളത്തിലെ റവന്യൂ വകുപ്പുമന്ത്രിയായിരിക്കുമ്പോൾ 1999-2000 വർഷങ്ങളിൽ കേന്ദ്ര ഗവൺമെന്റിനോട് വരൾച്ചാ ദുരിതാശ്വാസത്തിന് സഹായം അഭ്യർത്ഥിച്ചിട്ട് ഒരു ചില്ലിക്കാശുപോലും ലഭിച്ചിട്ടില്ല. ഇക്കാര്യം നാം ഒരുമിച്ചുനിന്ന് കേന്ദ്രഗവൺമെന്റിനുമുമ്പിൽ അഭ്യർത്ഥിക്കേണ്ടതും നേടിയെടുക്കേണ്ടതുമാണ്. അക്കാര്യത്തിൽ ഏകോപിച്ച ഒരു സ്വരം, ഒരു ശബ്ദമുയർത്താൻ ശ്രമിക്കേണ്ടതിനുപകരം അക്കാര്യത്തിൽ തങ്ങളുടെ കുറവുകൾ മറച്ചുവച്ചുകൊണ്ട് .....

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഒരു ചില്ലിക്കാശുപോലും കിട്ടിയില്ല എന്നു പറഞ്ഞല്ലോ, ആ പീരിയേഡിലാണ്, ശ്രീ. ചതുരാനൻ മിശ്ര ഈ വകുപ്പിന്റെ ചുമതല വഹിക്കുന്ന കാലത്ത്, 24 കോടിരൂപ കിട്ടിയെന്ന് ഈ സഭയിൽ ശ്രീ. കെ. എം. മാണി ഉത്തരം നൽകിയത് എന്റെ കൈയിലുണ്ട്. 20-6-2003-ൽ നൽകിയ മറുപടിയിൽ ഈ ഗവൺമെന്റ് 1057.07 കോടി രൂപ ആവശ്യപ്പെട്ടതിൽ ഒന്നും കിട്ടിയില്ല എന്നാണ് പറഞ്ഞിരിക്കുന്നത്. ആ കാലത്ത് വരൾച്ചാ ദുരിതാശ്വാസ നിധിയിലേയ്ക്ക് കേന്ദ്ര സഹായമായി ഒരു രൂപപോലും കിട്ടിയില്ലെന്ന് ശ്രീ. കെ. എം. മാണി കഴിഞ്ഞ വെള്ളിയാഴ്ച ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററുടെ ചോദ്യത്തിനു മറുപടിയായി തന്നിരിക്കുകയാണ്.

ശ്രീ. ജോസഫ്. എം. പുതുശ്ശേരി : ഞാനത് നിഷേധിച്ചല്ലല്ലോ സംസാരിച്ചത്. കേന്ദ്ര ഗവൺമെന്റ് വരൾച്ച ദുരിതാശ്വാസ കാര്യത്തിൽ പല കാലഘട്ടങ്ങളിലും നിഷേധാത്മകമായ സമീപനം സ്വീകരിച്ചിട്ടുണ്ട്. ശ്രീ. കെ. ഇ. ഇസ്മയിൽ കേരളത്തിന്റെ റവന്യൂ വകുപ്പുമന്ത്രിയായിരിക്കുന്ന അവസരത്തിലും അതുണ്ടായിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒരു പൈസപോലും ആനുകൂല്യം നമുക്ക് ലഭിച്ചിട്ടില്ല. അക്കാര്യത്തിൽ നമുക്ക് യോജിച്ച് സംസാരിക്കാൻ കഴിയണം. അല്ലാതെ അത് രാഷ്ട്രീയ പ്രചരണത്തിനുള്ള ഒരുപാധിയായി ഉപയോഗിക്കുന്നത് തെറ്റാണ് എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇവിടെ ശ്രീ. ഇ. കെ. നായനാരുടെ പുസ്തകം അച്ചടിച്ചു വിതരണം ചെയ്യുന്നതു സംബന്ധിച്ച് വളരെയേറെ ആക്ഷേപമുണ്ടായതാണ്. ഇനി ശ്രീ. കെ. പി. രാജേന്ദ്രന് മറ്റുവല്ല ഉദ്ദേശവുമുണ്ടോ എന്ന് എനിക്കറിയില്ല. ശ്രീ. ഇ. കെ. നായനാരെക്കുറിച്ചുള്ള ആക്ഷേപം ഈ സഭയിൽ ഒന്നുകൂടി ഉന്നയിക്കപ്പെടട്ടെ എന്നുള്ളതാണോ ശ്രീ. കെ. പി. രാജേന്ദ്രന്റെ മനസ്സിലിരിപ്പെന്നുള്ളത് എനിക്കറിയില്ല.

ശ്രീ. തോമസ് ചാഴികാടൻ : സർ, ശ്രീ. ഇ. കെ. നായനാരുടെ പുസ്തകം അച്ചടിച്ച കാര്യം ശ്രീ. ജോസഫ് എം. പുതുശ്ശേരി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ശ്രീ. ഇ. കെ. നായനാരുടെ പുസ്തകം അച്ചടിച്ചിട്ട് അത് വിതരണം ചെയ്യാനായി സർക്കാരിന്റെ സംവിധാനം പോരാതിരുന്നിട്ട് ഓരോ ജില്ലകളിലേയ്ക്കും കെ.ടി.ഡി.സി.യുടെ വണ്ടികൾ പ്രത്യേകമായി അയച്ചാണ് അത് ഓരോ പ്രദേശത്തും എത്തിച്ചത് എന്നുള്ളത് അങ്ങേയ്ക്ക് അറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ്. എം, പുതുശ്ശേരി : ഞാൻ അതു തന്നെയാണ് സൂചിപ്പിച്ചത്. ഈ ആക്ഷേപങ്ങൾ വീണ്ടും ഈ സഭയിൽ ചർച്ച ചെയ്യപ്പെടട്ടെ എന്നുള്ള ദുരുദ്ദേശമാണോ ശ്രീ. കെ. പി. രാജേന്ദ്രൻ ഇതു പറഞ്ഞതിനു പിന്നിലുള്ളതെന്ന് എനിക്കറിയില്ല. ഈ ഗവൺമെന്റ് ദിശാബോധത്തോടു കൂടിയാണ് മുന്നോട്ടു നീങ്ങുന്നത്. ഒട്ടേറെ കാര്യങ്ങളിൽ ഫലപ്രദമായി നടപടികൾ സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോകാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്, ഒട്ടേറെ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞു. സാമ്പത്തിക ബുദ്ധിമുട്ടുള്ളപ്പോൾ കർക്കശമായ ചില നടപടികൾ സ്വീകരിക്കേണ്ടി വന്നിട്ടുണ്ട്. ഗവൺമെന്റ് അക്കാര്യം തുറന്നു പറഞ്ഞു. സർക്കാർ ജീവനക്കാരുടെ ചില ആനുകൂല്യങ്ങൾ വെട്ടിക്കുറയ്ക്കേണ്ടി വന്നു. സാമ്പത്തിക നില മെച്ചപ്പെട്ടാൽ അവരുടെ ആനുകൂല്യങ്ങൽ തിരിച്ചുകൊടുക്കുമെന്ന് അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഗവൺമെന്റും പറഞ്ഞു. സാമ്പത്തിക നില അൽപ്പതോതിൽ മെച്ചപ്പെട്ടപ്പോൾ ആ ആനുകൂല്യങ്ങൾ തിരിച്ചു നൽകിക്കൊണ്ട് പ്രതിജ്ഞാബദ്ധമായി പ്രവർത്തിച്ചു. ആ വാക്കുപാലിച്ചുകൊണ്ട് മുന്നോട്ടു പോകാൻ കഴിഞ്ഞിരിക്കുന്നു. ആ നിലയിൽ എല്ലാ രംഗങ്ങളിലും മുന്നോട്ടു പോകുകയാണ്. ജനങ്ങളോട് ഉത്തരവാദിത്വമുള്ള ഒരു ഗവൺമെന്റെന്നുള്ള നിലയിൽ നടപടികൾ സ്വീകരിച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടു പോകുന്നത്. ഒട്ടേറെ നടപടികൾ അതുമായി ബന്ധപ്പെട്ട് സ്വീകരിക്കാൻ കഴിഞ്ഞു. ഇവിടെ സ്വാശ്രയ കോളേജുകളുടെ കാര്യങ്ങൾ അതുപോലുള്ള ഒട്ടേറെ കാര്യങ്ങളുണ്ട്. ഞാൻ ഗവൺമെന്റിനെ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. കാരണം അഞ്ച് പൈസയില്ലാതെ സാമ്പത്തിക ഞെരുക്കം അനുഭവിക്കുന്ന ഒരു ഗവൺമെന്റിന് ഫലപ്രദമായി പ്രവർത്തിക്കാമെന്നുള്ളതിന് തെളിവായിട്ടാണ് വിദ്യാഭ്യാസ മേഖലയിൽ സ്വാശ്രയ കോളേജുകൾ അനുവദിച്ചതിലൂടെ ഗവൺമെന്റ് ബോദ്ധ്യപ്പെടുത്തിയിരിക്കുന്നത്. ആയിരക്കണക്കിന് സീറ്റുകൾ ഈ സംസ്ഥാനത്തുണ്ടാക്കിയെടുക്കാൻ കഴിഞ്ഞു. ഇവിടെ മുഖ്യമന്ത്രിതന്നെ പലപ്പോഴും സൂചിപ്പിച്ചിട്ടുള്ളതുപോലെ അന്യ സംസ്ഥാനങ്ങളിൽ എഞ്ചിനീയറിംഗ്, മെഡിക്കൽ പ്രവേശനത്തിനുവേണ്ടിയുള്ള തുക കുറയ്ക്കാൻ, അതിനുവേണ്ടി വാങ്ങിച്ചുകൊണ്ടിരിക്കുന്ന കോഴ കുറച്ചുകൊണ്ടുവരാൻ, ഈ സംസ്ഥാനത്ത് ആളുകളെ പിടിക്കാൻ വേണ്ടിയുള്ള പ്രചരണ പരിപാടിയുമായി കടന്നുവരുന്നത് നമുക്ക് കാണാൻ കഴിഞ്ഞു. കേരളത്തിൽ വന്ന വലിയ മാറ്റമാണത്. കോടിക്കണക്കിന് രൂപയുടെ നിക്ഷേപം കേരളത്തിനുണ്ടാക്കാൻ കഴിഞ്ഞു. ആ തരത്തിലൊക്കെ ഒട്ടേറെ നടപടികളുമായി മുന്നോട്ടുപോവുകയാണ്. ഇത്രയും സീറ്റുകളുണ്ടായപ്പോൾ, ഇത്രയും കോളേജുകളുണ്ടായപ്പോൾ അൽപ്പംപോലും അഴിമതി ഉണ്ടാകാതെ മുന്നോട്ടു കൊണ്ടുപോകാൻ കഴിഞ്ഞു എന്നുള്ളത് ഈ ഗവൺമെന്റിന്റെ പ്രവർത്തന രംഗത്തെ ഏറ്റവും വലിയ നേട്ടമായി ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇവിടെ പ്ലസ് ടു അടക്കമുള്ള കാര്യങ്ങൾ നമുക്കറിയാം. പ്ലസ് ടു അഴിമതിയെക്കുറിച്ച് ഇടതുപക്ഷ കക്ഷികൾ തന്നെ പരസ്പരം സംസാരിച്ചു തുടങ്ങിയിരിക്കുന്നു. പ്ലസ് ടു കൊടുത്തതിൽ അഴിമതി ആരോപണങ്ങൾ ഉന്നയിക്കപ്പെടുന്ന സംസ്ഥാനത്ത് എഞ്ചിനീയറിംഗ്, മെഡിക്കൽ കോളേജുകൾ അനുവദിച്ചിട്ട് ഒരു

ചില്ലിക്കാശിന്റെ, ഒരു ചായയുടെ അഴിമതി ആരോപണംപോലും ഈ സർക്കാരിനെതിരെ ഉന്നയിക്കാൻ കഴിഞ്ഞില്ല എന്നു പറയുന്നത് പ്രധാനപ്പെട്ട ഒരു കാര്യമാണ്. ആ കാര്യങ്ങളിൽ ഈ ഗവൺമെന്റിനെ മുക്തകണ്ഠം പ്രശംസിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതോടൊപ്പംതന്നെ ഗവൺമെന്റിനു മുമ്പാകെ ഒരു കാര്യംകൂടി ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. ഈ പരിഷ്ക്കാരങ്ങൾ ആ നിലയിൽത്തന്നെ മുന്നോട്ടുപോകട്ടെ, അത് കേരളത്തെ ഒട്ടേറെ മുന്നോട്ടു നയിക്കുന്ന കാര്യമാണ്. അതോടൊപ്പംതന്നെ ഗവൺമെന്റു തലത്തിലുള്ള സ്ക്കൂളുകളുടേയും കോളേജുകളുടേയും കാര്യത്തിലും നടപടികൾ ശക്തിപ്പെടുത്താൻകൂടിയുള്ള ശ്രമങ്ങളുണ്ടാകണം. ഇപ്പോൾ കോളേജുകളുൾപ്പെടെയുള്ളത് പരിഷ്ക്കരിക്കുമെന്നു പറയുമ്പോൾ ആ നിലയിലുള്ള ഒരു സ്പീഡിനുമാത്രം മുന്നോട്ടുപോയാൽപോരാ. സ്വാശ്രയ കോളേജുകൾക്ക് കൂടുതൽ അവസരങ്ങളുണ്ടാകണം. പക്ഷേ അതുമാത്രമാണ് പരിഷ്ക്കാരത്തിന്റെ ഒരു ധാര എന്നുള്ള നിലയിൽ കാര്യങ്ങൾ കാണരുത്. പുതിയ കോഴ്സുകൾ അനുവദിച്ച് മറ്റു കാര്യങ്ങളിലൊക്കെ മാറ്റം വരുത്തിക്കൊണ്ട് അപ്ഡേറ്റ് ചെയ്ത് കാര്യങ്ങൾ മുന്നോട്ടുപോകണം. സാധാരണക്കാരായ ജനങ്ങൾക്ക്, സാമ്പത്തികമായ പ്രയാസങ്ങൾ അനുഭവിക്കുന്ന ആളുകൾക്ക് പ്രയോജനപ്പെടത്തക്കവിധത്തിൽ ഈ കാര്യത്തിൽ പ്രത്യേകമായ ശ്രദ്ധയുണ്ടാകണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കാൻ ഈ അവസരം ഞാൻ വിനിയോഗിക്കുന്നു. അതുപോലെതന്നെ ആരോഗ്യരംഗത്ത് നേരത്തേ കിടത്തി ചികിൽസയുണ്ടായിരുന്ന പി.എച്ച്.സി.കൾ പലതും ഇന്ന് കിടത്തി ചികിൽസയില്ലാതെ, ഐ. പി. വിഭാഗമില്ലാതെ പ്രവർത്തിക്കുകയാണ്. ഒരു സ്റ്റാഫ് നേഴ്സിനേയോ ഒരു നേഴ്സിംഗ് അസിസ്റ്റന്റിനേയോ അഡീഷണലായി അവിടെ നിയമിച്ചാൽ കിടത്തി ചികിൽസയുണ്ടാകാവുന്ന പല കേന്ദ്രങ്ങളിലും ഇന്നത് ഉണ്ടാകുന്നില്ല. അതുകൊണ്ട് പാവപ്പെട്ട ആളുകൾപോലും സ്വകാര്യമേഖലയെ ആശ്രയിക്കേണ്ട സ്ഥിതിവിശേഷം ഉണ്ടാകുന്നു. പനിയും അതുപോലുള്ള രോഗങ്ങളും പടർന്നു പിടിക്കുന്നതിനെ കുറിച്ച് ദിവസങ്ങളായി നമ്മൾ ചർച്ച ചെയ്യപ്പെടുകയാണ്. സർക്കാർ ആശുപത്രികളുടെ പ്രവർത്തനം ഫലപ്രദമായുണ്ടാകാത്തതുകൊണ്ട് രോഗികൾക്ക് കൂടുതൽ ചെലവു വരുന്ന സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ടിവരുന്നു. സാമ്പത്തികഭാരത്തെക്കുറിച്ച് ആലോചിക്കുമ്പോൾ ഒരു പരിധിവരെ രോഗം മൂർച്ഛിച്ചതിനുശേഷമേ അവർ ആശുപത്രികളിലേയ്ക്ക് പോകാൻ തയ്യാറാകുന്നുള്ളൂ. പി.എച്ച്.സി.കളിൽ ഒരു സ്റ്റാഫ് നേഴ്സിനേയോ ഒരു നേഴ്സിംഗ് അസിസ്റ്റന്റിനേയോ കൂടി അഡീഷണലായി നിയമിച്ചാൽ അവിടെ ഐ.പി. വിഭാഗം പ്രവർത്തിപ്പിക്കാൻ കഴിയുമെന്നുള്ളതിനാൽ അത്തരം തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് നടപടികൾ സ്വീകരിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു. സാധാരണക്കാരോടുള്ള പ്രതിബദ്ധത നിറവേറ്റിക്കൊണ്ട് സ്വാശ്രയ കോളേജുകളും മറ്റുമായി മുന്നോട്ടുപോകുന്നതോടൊപ്പം തന്നെ മനുഷ്യത്വപരമായിട്ടുള്ള ഇത്തരം സമീപനങ്ങളിൽ ഒട്ടും അമാന്തിക്കരുതെന്നും അത്തരം മേഖലകളെ ശക്തിപ്പെടുത്തി മുന്നോട്ടുപോകാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

നടപടിയുണ്ടാകണമെന്നും വിനയപൂർവ്വം ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെ ഇവിടെ തസ്തികകൾ കുറയ്ക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ നേരത്തേ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. അതിന് ഗവൺമെന്റ് ഒരു കമ്മിറ്റിയെ നിയമിക്കുകയുണ്ടായി. ആ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളായി എന്ന് എനിക്കറിയില്ല. ഒട്ടേറെ ഉന്നത തസ്തികകൾ കുറച്ചുകൊണ്ടുള്ള തീരുമാനങ്ങൾ ഈ ഗവൺമെന്റ് സ്വീകരിക്കുകയുണ്ടായി. അത് സ്വാഗതാർഹമായ കാര്യമാണ്. ഈ കാര്യത്തിൽ വളരെ കർക്കശമായി മുന്നോട്ടുപോകാൻ കഴിയണം. ഇവിടെ ശ്രീ. സി. മോയിൻകുട്ടി സൂചിപ്പിച്ചു, സെക്രട്ടേറിയറ്റിൽ ക്ലാർക്ക് മുതൽ ഏതാണ്ട് 11 തലങ്ങളിലൂടെ തസ്തികകളിലൂടെ ഫയലുകൾ കറങ്ങുന്ന സ്ഥിതിക്ക് ഒരു മാറ്റമുണ്ടാകണം. ഒരു ഫയലിനെ സംബന്ധിച്ച പരിശോധനയാണ് അർത്ഥമാക്കുന്നതെങ്കിൽ ഒന്നുരണ്ടു തലംകൊണ്ട് കർശനമായ പരിശോധന നടത്തി അവസാനിപ്പിക്കുന്ന തരത്തിൽ അത് പുനഃക്രമീകരിക്കാൻ കഴിയണം. സെക്രട്ടേറിയറ്റിൽ ജീവനക്കാരുടെ പ്രൊമോഷൻ ലക്ഷ്യമാക്കിക്കൊണ്ടുള്ള തസ്തികകൾ എന്നുള്ള സങ്കൽപ്പത്തിനപ്പുറത്ത് ജനങ്ങൾക്ക് പ്രയോജനപ്രദമായി ഇതിനെ പുനഃക്രമീകരിക്കാൻ കഴിയണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.. അതുപോലെ മന്ത്രിമാരുടെ ഓഫീസുകളോട് ചേർന്ന് ആ വകുപ്പുകളുടെ ആഫീസുകൾ പുനഃക്രമീകരിക്കാനുള്ള നടപടിയുണ്ടാകണം. ഞാൻ മനസ്സിലാക്കുന്നത് മന്ത്രിമാരുടെ ഓഫീസും അതുമായി ബന്ധപ്പെട്ട വകുപ്പിന്റെ ഓഫീസുകളുമെല്ലാം ഒരുമിച്ചു പ്രവർത്തിക്കുന്ന ഒരു ക്രമീകരണം കേന്ദ്ര ഗവൺമെന്റ് തലത്തിലൊക്കെയുണ്ട്. ആ സമീപനം ഇവിടേയും സ്വീകരിക്കാൻ കഴിയണം. ഒരാവശ്യത്തിന് ഒരു മന്ത്രിയെ കണ്ടാൽ അതുമായി ബന്ധപ്പെട്ട് താഴേയ്ക്ക് ഡിപ്പാർട്ടുമെന്റു തലത്തിൽ ഒരു അന്വേഷണം വേണ്ടിവന്നാൽ ആ ഒരു ഓഫീസുമായി ബന്ധപ്പെട്ട് അത് ക്രമീകരിക്കത്തക്കവണ്ണം അതിനുള്ള ഒരാലോചനയും നടപടിയും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ഈ അവസരത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്. ഗവൺമെന്റിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കിക്കൊണ്ട്, രണ്ടുവർഷംകൊണ്ട് ജനങ്ങൾക്ക് പ്രതീക്ഷയുളവാക്കുന്ന നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞു. അത് കൂടുതൽ ശക്തിപ്പെടുത്തിക്കൊണ്ട് മുന്നോട്ടുപോകാൻ കഴിയണമെന്നുമാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി ഞാൻ പിന്താങ്ങുന്നു.

ശ്രീ. ഷിബു ബേബിജോൺ : സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്തുണയ്ക്കുകയാണ്. രണ്ടു വർഷം കൊണ്ട് എല്ലാ മേഖലയിലും പൂർണ്ണമായി വിജയം കൈവരിക്കാൻ സാധിച്ചില്ലെങ്കിലും കേരളത്തെ സംബന്ധിച്ചിടത്തോളം അഭിമാനിക്കാവുന്നത് ടൂറിസം, ഐ.ടി. തുടങ്ങിയ മേഖലകളിൽ ഈ കാലയളവിൽ നമുക്ക് കൈവരിക്കാൻ സാധിച്ച നേട്ടങ്ങളാണ്. കഴിഞ്ഞ ദിവസം ഡൽഹിയിൽനിന്നും വന്ന ഒരു പൊതുമേഖലാ സ്ഥാപനത്തിന്റെ തലപ്പത്തുള്ള ഒരുദ്യോഗസ്ഥൻ എന്നെ വന്നു കണ്ടത് ഇന്ത്യൻ എയർലൈൻസിന്റെ 'സ്വാഗത്' എന്ന മാസികയുംകൊണ്ടാണ്. ആ 'സ്വാഗത്' മാസിക ഇന്ത്യയിലുടനീളം ഇന്ത്യൻ എയർലൈൻസിൽ

LIBRARY ARCHIVES Kerala Legislative Assembly

പറക്കുന്നവരും പുറത്തുള്ളവരും വായിക്കുന്നതാണ്. അതിൽ പറഞ്ഞിരിക്കുന്നത് ഈ രണ്ടു വർഷക്കാലംകൊണ്ട് ഐ.ടി. മേഖലയിൽ ഇന്ത്യയിൽ ഒന്നാംസ്ഥാനം കേരളം കരസ്ഥമാക്കിക്കഴിഞ്ഞു എന്നാണ്. ഇത് നമ്മളാരും പറഞ്ഞതല്ല, അവർതന്നെ വിലയിരുത്തലും അതിന്റെ സാദ്ധ്യതകളുമെല്ലാം പറഞ്ഞിരിക്കുകയാണ്. മറ്റെല്ലാ സംസ്ഥാനങ്ങളേയും പിന്തള്ളിക്കൊണ്ട് കേരളം മുന്നിൽ വന്നിരിക്കുന്നു. ആ കേരളത്തിലേയ്ക്ക് പോകണമെന്നാണ് അവർ പറഞ്ഞിരിക്കുന്നത്. ഇൻഫോസിസ് അടക്കമുള്ള കമ്പനികൾ കേരളത്തിൽ വരുന്നതോടെ കേരളത്തിൽ ആ മേഖലയിലുള്ള മുഖച്ഛായതന്നെ മാറും. പക്ഷേ ഇവിടത്തെ പ്രധാന പ്രശ്നം, ഇവിടെ ഒരു ഭാഗത്തു ഗവൺമെന്റ് ഇതിനുവേണ്ടി പരിശ്രമം നടത്തുമ്പോൾ പ്രതിപക്ഷം ചെയ്യുന്നത് എന്താണ് ? കഴിഞ്ഞ ഇറാക് യുദ്ധകാലത്ത് ഞാൻ ഗൾഫ് നാടുകൾ സന്ദർശിക്കുകയുണ്ടായി. അവിടെ വച്ചാണ് കൊക്കകോളയ്ക്ക് എതിരെയുള്ള സമരം വീക്ഷിക്കാൻ സാധിച്ചത്. ഗൾഫിലെ എല്ലാ മാധ്യമങ്ങളും വളരെ പ്രാധാന്യം നൽകിക്കൊണ്ട് കൊക്കകോളയ്ക്ക് എതിരെയുള്ള സമരം തുറന്നു കാണിക്കുകയുണ്ടായി. അവിടെയുള്ള മലയാളിയായ ഒരു സ്ത്രീ എന്റെ മുമ്പിൽ വച്ചാണ് തലയിൽ കൈ വച്ചുകൊണ്ട് ഇവൻമാർ ഗുണം പിടിക്കാതെ പോകട്ടെ എന്നു പിരാകിയത്. എന്നിട്ടും എനിക്ക് അഭിപ്രായ വ്യത്യാസമില്ലായിരുന്നു. സാമ്രാജ്യത്വ ശക്തികൾക്ക് എതിരെയുള്ള പോരാട്ടം അൽപ്പം അതിരു കടന്നതാണ് എന്നുതോന്നി എങ്കിലും അവരുടെ ആത്മാർത്ഥതയിൽ എനിക്കു സംശയമില്ലായിരുന്നു. പക്ഷേ ഞാൻ വന്ന ദിവസം കൈരളി ടി.വി. കാണുകയുണ്ടായി. അന്നു കൈരളിയിൽ സാക്ഷി എന്ന പരിപാടിയിൽ കൊക്കകോളയ്ക്ക് എതിരെയുള്ള സമരവും സാധനങ്ങളൊക്കെ അടിച്ചു തകർക്കുന്നതുമൊക്ക കാണിക്കുകയുണ്ടായി. അതു കഴിഞ്ഞ് ഒരു ഇടവേളയിൽ ഒരു പരസ്യം കണ്ടു. വിസാകാർഡിന്റെ ഒരു പരസ്യം. കമ്പോളവൽക്കരണത്തിൽ ഉപഭോഗ സംസ്ക്കാരം വളർത്തി എടുക്കാൻ ഉതകുന്ന മൾട്ടി നാഷണലായ വിസാകാർഡിന്റെ പരസ്യം ഉപയോഗിച്ചുകൊണ്ടാണ് കൊക്കകോളയ്ക്ക് എതിരെയുള്ള സമരം ഇവിടെ കാണിക്കുന്നത്. എന്തു ആത്മാർത്ഥതയാണുള്ളത് ? ഈ സംസ്ഥാനത്തെ തകർക്കുക എന്നുള്ള ഉദ്ദേശത്തോടുകൂടി സമസ്ത മേഖലകളിലും ഇപ്പോൾ വിപ്ലവം അഴിച്ചു വിട്ടിരിക്കുകയാണ്. ഇപ്പോൾ മാറാട് പ്രശ്നം പറഞ്ഞാണ് കേരളത്തിൽ വിപ്ലവം അഴിച്ചു വിട്ടിരിക്കുന്നത്. ഉത്തരവാദിത്വമുള്ള ഒരു രാഷ്ട്രീയ നേതൃത്വത്തിന് ചെയ്യാൻ കഴിയുന്നതാണോ ഇവിടെ നടന്നത്. ഇതൊരു വർഗ്ഗീയ കലാപം ആണെന്നു ഞാൻ വിശ്വസിക്കുന്നില്ല. ഏതാനും സാമൂഹ്യവിരുദ്ധൻമാർ ആസൂത്രിതമായി നടത്തിയ കൊലപാതകങ്ങൾ. ആ കൊലപാതകത്തെ വർഗ്ഗീയകലാപമായി ചിത്രീകരിച്ചതാരാണ് ? രാഷ്ട്രീയ മുതലെടുപ്പിനു വേണ്ടി ബി. ജെ. പി. യോടൊപ്പം നിന്നു കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനങ്ങൾ എന്നു വിശേഷിപ്പിക്കുന്നവർ അല്ലേ ഇന്നു ലീഗിനെ കുറ്റക്കാരാക്കാൻ വേണ്ടി അതിന്റെ പിന്നാലെ ഇറങ്ങിയിരിക്കുന്നത്. അവർ വ്യവസായ വകുപ്പുമന്ത്രിയെ ചൂണ്ടിക്കാണിച്ചുകൊണ്ട് എന്തെല്ലാം ആരോപണങ്ങളാണ് അഴിച്ചു വിട്ടത്. ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗിനെ തകർക്കുകയാണെങ്കിൽ, ബദലായി

LIBRARY ARCHIVES Kerala Legislative Assembly

സി. പി. എം. ന് വളരാൻ സാധിക്കുമെങ്കിൽ, ഞാൻ അവിടെ നിൽക്കാം. ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗിനെ തകർക്കുക വഴി ഇവിടെ വർഗ്ഗീയ ശക്തികളെയാണ് വളർത്തുന്നത് എന്നുള്ള ഒരു ഓർമ്മ ഉണ്ടെങ്കിൽ നിങ്ങൾ ഈ പ്രചരണവുമായി ഇറങ്ങുമായിരുന്നോ ? നിങ്ങൾ ഇവിടെ അനൈക്യത്തെക്കുറിച്ചു പറഞ്ഞു. ഇടതു മുന്നണിയിൽ എത്ര കക്ഷികൾ ഉണ്ടെന്ന് ആർക്കെങ്കിലും പറയാൻ കഴിയുമോ ? കഴിഞ്ഞ തെരഞ്ഞെടുപ്പിൽ എത്ര കക്ഷികൾ ഉണ്ടായിരുന്നു? ഇപ്പോൾ ഇടതുപക്ഷ കക്ഷികൾക്ക് എത്ര ഘടകകക്ഷികൾ ഉണ്ടെന്നു പറയാൻ കഴിയുമോ : അതു പറയാൻ കഴിയാത്തവരാണ് ബാക്കി കാര്യങ്ങൾ പറയുന്നത്. വളരെ ഗൗരവത്തോടുകൂടി നിങ്ങൾ വർഗ്ഗീയതയെ കാണണം. ഞാൻ പ്രതിനിധാനം ചെയ്യുന്ന രാഷ്ട്രീയ പാർട്ടി കൊച്ചു പാർട്ടിയാണെങ്കിലും വർഗ്ഗീയതയ്ക്ക് എതിരെയുള്ള ഒരു സന്ദേശം എന്നുള്ള നിലയിൽ 24 മണിക്കൂർ ഉപവാസം രക്തസാക്ഷി മണ്ഡപത്തിന്റെ മുമ്പിൽ നടക്കുകയാണ്. ഇവിടെ വർഗ്ഗീയതയെ വളർത്തുന്നു എന്ന യാഥാർത്ഥ്യം മറച്ചു വച്ചുകൊണ്ട് നമുക്ക് പോകാൻ സാധിക്കില്ല. അതിനു രാഷ്ട്രീയ ലക്ഷ്യമല്ല വേണ്ടത്. ഞാൻ ഇതു പറയാൻ കാരണം, ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ തകർച്ച, ആ പ്രസ്ഥാനങ്ങളിൻമേലുള്ള വിശ്വാസം നഷ്ടപ്പെട്ടവരാണ് കൂടുതലായി ആത്മീയത എന്ന പേരിൽ വർഗ്ഗീയതയിൽ ചെന്ന് എത്തുന്നത്. അതൊരു യാഥാർത്ഥ്യമാണ്. ഇവരെ നയിക്കുന്നത് എന്താണ് ? ഞാൻ ഒരു കഥ ഓർക്കുകയാണ്. ആദ്യമായി ബഹിരാകാശത്തു പോയ യൂറിഗഗാറിൻ സോവിയറ്റ് യൂണിയനിൽ തിരിച്ചു വന്നപ്പോൾ അദ്ദേഹത്തിന് ഒരു നിർദ്ദേശമുണ്ടായിരുന്നു. ആദ്യത്തെ അപ്പോയിന്റുമെന്റ് ബ്രഷ്നേവുമായിട്ടായിരിക്കണമെന്ന്. വേറെ ആരെയും കാണാൻ പാടില്ല. അങ്ങനെ അദ്ദേഹത്തെ ചെന്നു കണ്ടു. അദ്ദേഹം ചോദിച്ചു, കണ്ടായിരുന്നോ ? ഗഗാറിൻ ചോദിച്ചു, ആരെ ? ദൈവത്തെ കണ്ടായിരുന്നോ ? പുള്ളി പറഞ്ഞു, കണ്ടിരുന്നു. അപ്പോൾ അദ്ദേഹം പറഞ്ഞു, എനിക്ക് അറിയാം കാണും എന്ന്. പക്ഷേപുറത്തു പറയരുത്. ഇതാണ് ബ്രഷ്നേവ്. കഴിഞ്ഞ പ്രാവശ്യം നിയമസഭ കൂടിയപ്പോൾ ബഹുമാനപ്പെട്ട എ.കെ. ബാലൻ, പല കാര്യങ്ങളിലും അദ്ദേഹത്തോട് എനിക്കു വിയോജിപ്പുണ്ടെങ്കിലും വളരെ പഠിച്ചുകൊണ്ട് കേരളത്തിലെ അനാചാരങ്ങൾക്കും ദുഷ്പ്രവണതകൾക്കും എതിരായി ഒരു ശ്രദ്ധക്ഷണിക്കൽ കൊണ്ടു വന്നു. സി.പി.എം. എന്ന രാഷ്ട്രീയ പ്രസ്ഥാനം ഒരു ക്യാംപയിൻ ആയിട്ട് വർഗ്ഗീയതയെ ഏറ്റെടുക്കാൻ ഇന്നു വരെ തയ്യാറായിട്ടുണ്ടോ : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഒഴിച്ച് ബാക്കി എല്ലാവരും കഴിഞ്ഞ് തെരഞ്ഞെടുപ്പിനു മുമ്പായി മുസ്ലീം ലീഗിനു പിന്നാലെ, മുട്ടനാടിന്റെ പിന്നാലെ പട്ടി നടക്കുന്നതുപോലെ നടന്നു നടന്നു അവസാനം ക്ഷീണിച്ച് ഗതി കിട്ടാതെ വന്നപ്പോൾ മുസ്ലീം ലീഗിനെ ഇതിന്റെ പേരിൽ പഴി പറയുന്നു. സ്വന്തമായി ഒരു ക്യാംപയിൻ പോലും ഈ വർഗ്ഗീയതയ്ക്ക് എതിരെ ആത്മാർത്ഥതയോടുകൂടി നടത്താൻ സാധിക്കാതെ ഇവിടെ സാമുദായിക ശക്തികളെ വളർത്താൻ വേണ്ടി സ്വന്തം കേഡറുകളോട് നിങ്ങൾ അതിൽ കയറി പ്രവർത്തിച്ചോ എന്നു നിർദ്ദേശം കൊടുത്തതല്ലേ ? പിന്നെ എങ്ങനെ ഇവിടെ വർഗ്ഗീയത തടയാൻ സാധിക്കും ? കഴിഞ്ഞ സമ്മേളനക്കാലത്ത് എന്റെ രാഷ്ട്രീയ പ്രസ്ഥാനത്തെ ശ്രീ. കോടിയേരി ഒന്നു

LIBRARY ARCHIVES Kerala Legislative Assembly

പരാമർശിച്ചു. യു.ഡി.എഫ്. എന്ന ആടിന്റെ കഴുത്തിലെ മുഴയാണ് ഞങ്ങൾ എന്ന്. എന്നാൽ ശ്രീ. വെളിയം ഭാർഗ്ഗവൻ ഒരു കാര്യം ഈയിടെ പറഞ്ഞു, ഇതു രണ്ടും കൂടിച്ചേർന്നാൽ ഇന്ത്യാ രാജ്യത്ത് നാണം മറയ്ക്കാൻ തികയത്തില്ല എന്ന്. ആർ.എസ്.പി.യുടെ പ്രതിനിധികൾ ഇവിടെ ഇരിപ്പുണ്ട്. ഇപ്പോൾ സി. പി. എം. ൽ നിന്നും ആളുകൾ വിട്ടു പോകുന്നു. അതു മറയ്ക്കുവാൻ വേണ്ടിയുള്ള പ്രക്ഷോഭ പരിപാടികളാണ് നിങ്ങൾ നടത്തുന്നത്. സി .പി. ഐ. യെ നിങ്ങൾ വിമർശിക്കുന്നു. ഔദ്യോഗിക ആർ. എസ്. പി. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ബംഗാളിൽ, പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ, സി. പി. എം. ന് എതിരായി ഒറ്റയ്ക്ക് മൽസരിച്ചതിന്റെ ,പേരിൽ അനേകം ആർ. എസ്. പി. പ്രവർത്തകരെ അവിടെ വെട്ടി കൊന്നു. അതിന്റെ പേരിൽ ബംഗാളിൽ നിന്നുള്ളവർ ഇടതുപക്ഷ ഐക്യം അവസാനിപ്പിക്കണം, ഇന്ത്യൻ നാഷണൽ കോൺഗ്രസ്സുമായി ചേരണം എന്ന് ആവശ്യപ്പെട്ടപ്പോൾ കേരളത്തിലെ ചിലർ അതിന് തടസ്സം നിൽക്കുകയാണ്. ഇന്നിപ്പോൾ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭാഗമായി നിൽക്കുന്ന എല്ലാ കക്ഷികൾക്കും ആശയക്കുഴപ്പവും എങ്ങോട്ടു പോകണമെന്ന് അറിയാൻ വയ്യാത്ത സാഹചര്യവുമാണ് കേരളത്തിൽ ഉള്ളത്. ഇവിടെ ഉദ്യോഗസ്ഥന്മാരുടെ ഭരണമാണ് എന്നൊരു വാദമുണ്ട്. അൽപ്പമൊക്കെ അതിൽ കഴമ്പുമുണ്ട്. അതുകൊണ്ടു തന്നെ അവരെ നിലയ്ക്കു നിർത്തണം, ശ്രീ. കെ. പി. രാജേന്ദ്രൻ ഉൾപ്പെടെയുള്ളവർ ഇക്കാര്യം ഉന്നയിച്ചതുകൊണ്ടു ഞാൻ പറയുകയാണ്. സർക്കാർ ഉദ്യോഗസ്ഥൻമാർക്ക് പഞ്ചിംഗ് സിസ്റ്റം ഏർപ്പെടുത്താൻ ഈ ഗവൺമെന്റ് തയ്യാറാകണം. അങ്ങനെ വരുമ്പോൾ നിങ്ങൾ എന്തു നിലപാട് കൈക്കൊള്ളും എന്നു നിങ്ങൾ ഇപ്പോൾ പറയണം. അവരെ നിയന്ത്രിക്കണമെങ്കിൽ പഞ്ചിംഗ് സിസ്റ്റം കൊണ്ടു വരണം. അങ്ങനെ ഇച്ഛാശക്തിയോടുകൂടി പ്രവർത്തിച്ച് പരമ്പരാഗത മേഖലകൾക്കും കാർഷിക മേഖലകൾക്കും കുറച്ചു കൂടി ഊന്നൽ നൽകി പ്രവർത്തിച്ച് ആ മേഖലകളെ അഭിവൃദ്ധിയിലേയ്ക്കു കൊണ്ടുവരണം എന്നു അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി പിന്താങ്ങുകയാണ്.

ശ്രീ. സി. പി. മുഹമ്മദ്: ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്താങ്ങുകയാണ്. പരിഷ്കൃത സമൂഹത്തിൽ ഒരു ജനതയുടെ ജാതകം തിരുത്തി കുറിക്കാനും ശിരോലിഖിതം മാറ്റി എഴുതാനും ഒരു ഗവൺമെന്റിനു കഴിയണം. ഏതാനും കാലത്തെ ദുർമ്മുഖങ്ങൾക്കു ശേഷം കണ്ട സൗമ്യ സുന്ദരമായ ഒരു മുഖമാണ് ഈ ഗവൺമെന്റിൽ കേരളത്തിലെ ജനത ദർശിച്ചത്. സാധാരണ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ ഉണ്ടാകുന്ന അക്കങ്ങളുടെ വ്യാമോഹങ്ങളിൽ നിന്നും സ്ഥിതിവിവര കണക്കുകളുടെ പഴംപുരാണങ്ങളിൽ നിന്നും പ്രായോഗികമല്ലാത്ത പ്രതീക്ഷകളുടെ സ്വപ്നാടനങ്ങളിൽ നിന്നും ഉള്ള പതിവു തെറ്റിച്ചുകൊണ്ട് ജനങ്ങൾക്ക് പ്രതീക്ഷ നൽകിയ ഒരു ബഡ്ജറ്റായിരുന്നു ഈ സാമ്പത്തിക വർഷം ധനകാര്യമന്ത്രി അവതരിപ്പിച്ചത്. ഈ ഗവൺമെന്റ്, പ്രത്യയ ശാസ്ത്രങ്ങൾ തീർത്ത പ്രഹേളികകൾക്കു മുമ്പിൽ പകച്ചു നിന്നിരുന്ന കേരളത്തിലെ ജനങ്ങൾക്കു മുമ്പിൽ ശുഭ പ്രതീക്ഷയാണ് നൽകിയത്. വളരെ നിർമ്മാണപരമായ, സൃഷ്ടിപരമായ അനേകം കാര്യങ്ങൾക്ക് ഈ ഗവൺമെന്റിന് അടിത്തറ പാകാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞു. ഇവിടെ പല സുഹൃത്തുക്കളും ഈ ഗവൺമെന്റിന്റെ രണ്ടു വർഷം പാഴായിപ്പോയതിനെക്കുറിച്ചു പരിതപിക്കാറുണ്ട്. സീതയെ കട്ടു കൊണ്ടു പോയി അശോക വനത്തിൽ ശിംശപ വൃക്ഷച്ചുവട്ടിൽ പാർപ്പിച്ച രാവണൻ അനേകം തവണ പ്രണയാഭ്യർത്ഥന നടത്തിയിട്ടും സീതാദേവി വഴങ്ങാതെ വന്നപ്പോൾ 'ഇവളുടെ കാലം ഇങ്ങനെ പോകുകയല്ലേ' എന്ന് വിലപിച്ചതായി കേട്ടിട്ടുണ്ട്. ഇവിടെ ഗവൺമെന്റിന്റെ രണ്ടു വർഷം പാഴായി പോയതിനെക്കുറിച്ച് പരിതപിക്കുന്ന പ്രതിപക്ഷത്തിന്റെ ജല്പനങ്ങളെപ്പറ്റി അങ്ങനെയാണ് എനിക്കു തോന്നുന്നത്. ധനകാര്യമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞതുപോലെ പുനർ നിർമ്മാണവും പുനർ സൃഷ്ടിയും പുനരർപ്പണവുമാണ് ഈ ഗവൺമെന്റിന്റെ മുഖമുദ്ര. കഴിഞ്ഞ അഞ്ചു വർഷത്തെ ദുർഭരണംകൊണ്ടുണ്ടായ കേരളത്തിന്റെ പരിതാപകരമായ അവസ്ഥ നമ്മുടെ മുൻപിലുണ്ട്. കടം കൊണ്ട് വീർപ്പുമുട്ടിച്ച് വ്യാമോഹങ്ങൾകൊണ്ട് മയക്കി കിടത്തിയിരുന്ന ഒരു ജനതയെ മോഹ നിദ്രയിൽനിന്നുണർത്താൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ബന്ദും ഹർത്താലും പണിമുടക്കും ഘെരാവോയും അട്ടിമറിയും കയറ്റുമതി ചെയ്താലും ബാക്കിയാകുന്ന ഒരു സംസ്ഥാനമാണ് കേരളം. കേരം തിങ്ങുന്ന കേരള നാട്ടിൽ കേരവൃക്ഷത്തിന്റെ ചുവട്ടിൽ അക്കേഷ്യയും മാഞ്ചിയവും വച്ച് നാലു രൂപയ്ക്ക് ഇളനീർ വിറ്റ് 15 രൂപയ്ക്ക് മിനറൽ വാട്ടറും അര ലിറ്റർ പശുവിൻ പാൽ ആറുരൂപയ്ക്ക് വിറ്റ് 10 രൂപയുടെ പെപ്സിയും കോളയും പുഴുവരിക്കുന്ന ഫ്രൂട്ടിയും കുടിക്കുന്ന കേരളത്തിലെ ജനങ്ങൾ, മലയാളി മങ്കമാരുടെ തലയിൽ ചൂടുന്ന മുല്ലപ്പൂവ് വരെ തമിഴ്നാട്ടിൽ നിന്നും ഇറക്കുമതി ചെയ്യുന്ന കേരളത്തിലെ പരിതാപകരമായ അവസ്ഥ, 40 ലക്ഷം തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ വേദനകൾ, കർഷകർ കടംകൊണ്ട് സഹികെട്ട് ഒരു മുഴം കയറിൽ ജീവിതം ഹോമിക്കപ്പെടുന്ന പരിതാപകരമായ അവസ്ഥ, പോലീസ് സ്റ്റേഷനിൽ പോയാൽ സഖാക്കളെല്ലാം സാറൻമാരാകുന്ന പരിതാപകരമായ അവസ്ഥ എന്നിവയ്ക്ക് മാറ്റം ഉണ്ടായി. ഈ രണ്ടു കൊല്ലം കൊണ്ടുണ്ടായ മാറ്റവും ശുഭപ്രതീക്ഷയും തകർക്കാനാണ് പ്രതിപക്ഷം കഴിഞ്ഞ രണ്ടു വർഷവും ശ്രമിച്ചത്. എത്തിപ്പിടിക്കാൻ കഴിയാത്ത കച്ചിത്തുരുമ്പിലേയ്ക്ക് കണ്ണുംപായിച്ച് കുറ്റിയിൽ കിടന്നു കറങ്ങുന്ന ഒരു പശുക്കിടാവിനെപ്പോലെ പ്രത്യയ ശാസ്ത്രത്തിന്റെ കുറ്റിയിൽ കിടന്നുകൊണ്ട് കേരളത്തിലെയും ഇൻഡ്യയിലേയും ഇടതുപക്ഷം ഇന്ന് വീർപ്പുമുട്ടുകയാണ്. ജിമ്മിലൂടേയും വ്യവസായവൽക്കരണത്തിലൂടേയും അതുപോലുള്ള നവീകരണ പരിപാടികളിലൂടേയും, കടാശ്വാസ പദ്ധതിയിലൂടേയും, വിദ്യാഭ്യാസ പുരോഗതിയിലൂടേയും കാർഷിക മേഖലയിലുള്ള മാറ്റങ്ങളിലൂടേയും 16 ശതമാനം സാമ്പത്തിക കമ്മി കുറയ്ക്കാനെടുത്ത നടപടികളിലൂടേയും, കേരളത്തിലെ ഗവൺമെന്റ് നിർണ്ണായക നേട്ടങ്ങളുണ്ടാക്കി. ആ മാറ്റത്തിന്റെ കാറ്റാണ് ഇവിടെ വീശിക്കൊണ്ടിരിക്കുന്നത്. ആ മാറ്റത്തിന്റെ കാറ്റ് വീശുന്നത് കാണുമ്പോൾ 'കാറ്റേ നീ വീശരുതിപ്പോൾ കാറേ നീ പെയ്യരുതിപ്പോൾ എന്ന് പ്രതിപക്ഷം പാട്ടുപാടുകയാണ്. എന്തെല്ലാം സമരങ്ങൾ.....

ശ്രീ. കെ. വി. കുഞ്ഞിരാമൻ : അതുകൊണ്ടാണോ, മാറ്റത്തിന്റെ കാറ്റ് ആഞ്ഞുവീശുന്നതിനിടയിലാണോ അങ്ങ് (ഐ) ഗ്രൂപ്പിൽ നിന്ന് ഗ്രൂപ്പില്ലാത്ത അവസ്ഥയിൽ എത്തിച്ചേർന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. പി. മുഹമ്മദ് : എന്റെ ഗ്രൂപ്പ് 'ഒ. നെഗറ്റീവ്' ആണ്. രണ്ട് വർഷം കൊണ്ട് സമരങ്ങളെ അന്വേഷിച്ചു നടക്കുകയായിരുന്നു പ്രതിപക്ഷം. മോങ്ങാനിരുന്ന പട്ടിയുടെ തലയിൽ തേങ്ങ വീണതുപോലെയാണ് പ്രതിപക്ഷത്തിന് ഓരോ സമരവും വീണു കിട്ടിയത്. ധർണ്ണ, കൂട്ടധർണ്ണ, പ്രഭാത ധർണ്ണ, മദ്ധ്യാഹ്ന ധർണ്ണ, സായാഹ്ന ധർണ്ണ, നിശാ ധർണ്ണ, പാതിരാ ധർണ്ണ. അതുപോലെ വില്ലേജ് പിക്കറ്റിംഗ്, താലൂക്ക് പിക്കറ്റിംഗ്, കളക്ടറേറ്റ് പിക്കറ്റിംഗ് എന്തെല്ലാം സമരങ്ങളാണ് അവർ ഇവിടെ നടത്തിയത്. അതുകൊണ്ട് സമരങ്ങൾ കൊണ്ട് ഈ ഗവൺമെന്റിനെ പിൻതിരിപ്പിക്കാമെന്ന് നിങ്ങൾ കരുതുന്നുവെങ്കിൽ അത് നിങ്ങളുടെ വ്യാമോഹമാണ്. ഈ ഗവൺമെന്റിന്റെ എല്ലാ കാര്യങ്ങളും സുതാര്യമാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എപ്പോഴും പറയാറുണ്ട്. വാതിൽ തുറന്നു കിടക്കുന്ന വീട്ടിൽ ആ വാതിൽ അടച്ചിട്ട് താക്കോൽ പഴുതിലൂടെ മാത്രമേ പ്രതിപക്ഷം നോക്കുകയുള്ളൂ എന്ന സമീപനമാണ് കേരളത്തിൽ ഇന്ന് സ്വീകരിച്ചിരിക്കുന്ന നയം. ഏത് പുരോഗതിയെയാണ് കഴിഞ്ഞ കാലഘട്ടങ്ങളിൽ നിങ്ങൾ എതിർക്കാത്തത് ? മഹാനായ എം. എൻ ഗോവിന്ദൻ നായർ, അദ്ദേഹവും എന്റെ നാട്ടുകാരനായ ഞാൻ ഗുരുനാഥനെപ്പോലെ ബഹുമാനിക്കുന്ന ആളും ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ചെയർമാനായിരുന്ന ഇ. പി. ഗോപാലനുമൊക്കെ ട്രാക്ടർ പാടത്തിറക്കിയപ്പോൾ നിങ്ങൾ സമരം ചെയ്തില്ലേ ? അതുപോലെ അച്ചുതമേനോൻ കൊണ്ടുവന്ന നല്ല നല്ല കാര്യങ്ങളെയെല്ലാം നിങ്ങൾ വിമർശിച്ചിട്ടില്ലേ ? പെരിയാർ ജലം വിൽക്കുന്നതിന്റെ പ്രാരംഭ നടപടികൾ 1997 മാർച്ചുമാസം 19-ാം തീയതി നിങ്ങളല്ലേ തീരുമാനിച്ചത്. ചൈനയിൽ നാലരലക്ഷത്തോളം ആളുകൾക്ക് കൊക്കകോള ജോലി നൽകുന്ന അവസരത്തിൽ കേരളത്തിൽ 50,000 പേർക്ക് തൊഴിൽ കിട്ടുമെന്ന് പറഞ്ഞല്ലേ പ്ലാച്ചിമടയിലും അതുപോലെ വാളയാറിലും കൊക്കകോളയ്ക്കും പെപ്സിക്കും ലൈസൻസ് കൊടുത്തത്. ബഹുമാന്യനായ പ്രതിപക്ഷ നേതാവ് ചോദിച്ചു ഈ ചന്ദന ഫാക്ടറികൾ നിരോധിച്ചുകൂടേ എന്ന്. പ്ലാച്ചിമടയിൽ ഇപ്പോൾ കൊക്കകോള കമ്പനിക്ക് ലൈസൻസ് നിഷേധിച്ചത് ഗ്രാമ പഞ്ചായത്ത് അല്ലേ ? നിങ്ങൾ ഭരിക്കുന്ന പഞ്ചായത്തുകൾ എന്തുകൊണ്ട് ചന്ദനഫാക്ടറികൾ നിരോധിക്കുന്നില്ല. അതുപോലെ ഈ രാജ്യത്ത് ബഹുരാഷ്ട്ര കുത്തകയുടെ അകമ്പാഫിന കുടിക്കുന്ന നേതാക്കൻമാർ, വിദേശത്തുനിന്നും കടം വാങ്ങിയിട്ടെങ്കിലും പാവപ്പെട്ട മനുഷ്യർക്ക് കുടിവെള്ളം കൊടുക്കുന്നതിനെ എതിർക്കുകയല്ലേ ചെയ്യുന്നത്. അതുപോലെ മറ്റൊരു സമരമുണ്ടായത് മുത്തങ്ങയെക്കുറിച്ചാണ്. കേരളത്തിൽ യു.ഡി.എഫ് ഭരിക്കുന്നതിനു മുൻപും, ശ്രീ. എ.കെ. ആന്റണി ജനിക്കുന്നതിനു മുൻപും ഇവിടെ കാടും കാടിന്റെ മക്കളും ഉണ്ട്. കാട്, കാട് മനുഷ്യനാദ്യം പിറന്ന വീട് എന്ന് വയലാർ രാമവർമ്മ പാടിയിട്ടുണ്ട്. ആ കാട്ടിൽ ജീവിക്കുന്ന പാവപ്പെട്ട മനുഷ്യർക്ക് ഭൂമി നൽകണമെന്നും അവരെ മനുഷ്യരാക്കി വളർത്തിക്കൊണ്ടു വരണമെന്നും കേരളത്തിൽ ഇതിനുമുൻപ് ഭരിച്ചിരുന്ന ഏതെങ്കിലും ഗവൺമെന്റിന് താൽപ്പര്യമുണ്ടായിട്ടുണ്ടോ ? ബഹുരാഷ്ട്ര കുത്തകയെ കേരളത്തിലേയ്ക്ക് ക്ഷണിച്ചതിന്റെ രേഖകളുടെ കുഴിമാടങ്ങൾ ഇന്നും കേരളത്തിലെ

സെക്രട്ടേറിയറ്റിലുണ്ട്. ശ്രീ. പിണറായി വിജയൻ അകാഫിന കുടിക്കുമ്പോൾ, അതുപോലെത്തന്നെ നേതാക്കൾ വിദേശ ചികിൽസയ്ക്ക് പോകുമ്പോൾ യൂസേഴ്സ് ഫീസ് വാങ്ങി കേരളത്തിലെ ആശുപത്രികളിൽ പാവപ്പെട്ടവന് അതേ ചികിൽസ വേണ്ടയെന്നു പറയുന്ന നയം എന്താണ് ? ഇവിടെ മാറാടിനെക്കുറിച്ച് പലരും പറഞ്ഞു. മാറാട് കേരളത്തിൽ അടുത്തകാലത്തുണ്ടായ ഒരു കാൻസറാണ്. ആ കാൻസറിനെ ഈ രാജ്യത്ത് കരിയിച്ച് കളയണം. അവിടെ ഏതുസമുദായക്കാരൻ മരിച്ചുവെന്നുള്ളതല്ല, മനുഷ്യനാണ് അവിടെ മരിച്ചു വീണത്. ഏഥൻസിലെ തെരുവീഥികളിൽ നട്ടുച്ച നേരത്ത് ചൂട്ടും കത്തിച്ചു മനുഷ്യനെ തെരഞ്ഞു നടന്ന യവനചിന്തകനായ ഡയോജൻസിനെപ്പോലെ ദൈവത്തിന്റെ സ്വന്തം നാട്ടിൽ, മതസൗഹാർദ്ദത്തിന്റെ ഈറ്റില്ലമായ കേരളത്തിൽ ഇന്ന് ഹിന്ദുവിനേയോ. ക്രിസ്ത്യാനിയേയോ മുസ്ലീമിനേയോ അല്ല തിരയേണ്ടത് മനുഷ്യനെയാണ് തിരയേണ്ടത്. മാറാട് അങ്ങനെയൊരു സംഭവമുണ്ടായപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ കർശനമായ ഒരു നിലപാടാണ് സ്വീകരിച്ചത്. നാളെ മാറാടുപോലുള്ള ദുരന്തങ്ങൾ ഈ സംസ്ഥാനത്തുണ്ടാകാൻ പാടില്ല. കക്ഷി രാഷ്ട്രീയാടിസ്ഥാനത്തിൽ കാണേണ്ട ഒരു പ്രശ്നമല്ല ഇത്. ബാബറിമസ്ജിദ് തകർന്നപ്പോൾ പോലും മതസൗഹാർദ്ദത്തിന് നിർണ്ണായകമായ സംഭാവന നൽകിയ ഒരു പാർട്ടിയാണ് മുസ്ലീം ലീഗ്. മുസ്ലീം ലീഗിലെ പാണക്കാട്ശിഹാബ്തങ്ങളുടെ ധീരമായ ഇടപെടലില്ലാതിരുന്നുവെങ്കിൽ ആ ബാബറി മസ്ജിദ് തകർത്തപ്പോൾ കേരളത്തിൽ പ്രശ്നം രൂക്ഷമാകുമായിരുന്നു. അന്ന് അതിന് നേതൃത്വം കൊടുത്ത ശ്രീ. കുഞ്ഞാലിക്കുട്ടിസാഹിബ് അടക്കമുള്ളവരെ രാഷ്ട്രീയ ലക്ഷ്യങ്ങൾക്കുവേണ്ടി പഴി പറയുകയാണ് ഈ രാജ്യത്തെ മാർക്സിസ്റ്റുപാർട്ടി ചെയ്യുന്നത്. അതുപോലെതന്നെ ഭരണനവീകരണ പദ്ധതിയുടെ ഭാഗമായി നമ്മുടെ രാജ്യത്ത് ഇന്ന് സെക്രട്ടേറിയറ്റിൽ കുന്നുകൂടി കിടക്കുന്ന ഫയലുകൾ തീർപ്പാക്കണം. ബഹുമാന്യനായ ഈ നിയമസഭയിലെ ഒരു മുൻ അംഗം സെക്രട്ടേറിയേറ്റ് ഇടിച്ചുനിരത്തി ചൊറിയണം നടണമെന്ന് പണ്ട് പ്രസംഗിക്കുകയുണ്ടായിട്ടുണ്ട്. മനുഷ്യരുടെ വേദനകൾ ചുവപ്പു നാടയിൽ കെട്ടിവച്ച് അതിന്റെ മുകളിൽ അടയിരുന്നു കുംഭകർണ്ണനെപ്പോലെ കൂർക്കംവലിച്ചുറങ്ങുന്ന ഉദ്യോഗസ്ഥ മേധാവികൾക്കെതിരെ നടപടിയുണ്ടാകണം. കർണ്ണാടകയിൽ എസ്.എം കൃഷ്ണ ഈ അടുത്ത കാലത്ത് ഉദ്യോഗസ്ഥൻമാരെ നിയന്ത്രിക്കുന്നതിനുവേണ്ടി നടത്തിയ നയപരിപാടികൾ കേരളത്തിലും പകർത്തണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. കേരളത്തിലെ ജനങ്ങൾ ഗവൺമെന്റിനെ വിലയിരുത്തുന്നത് ഭരണ നടപടികളിലുള്ള വ്യക്തതയിലൂടെയാണ്. പക്ഷെ കേരളത്തിൽ ഈ ഗവൺമെന്റിന്റെ പ്രഖ്യാപിതമായ നയങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ വേണ്ടിയുള്ള ഒന്നു രണ്ട് ഉദാഹരണങ്ങൾ മാത്രം പറയുകയാണ്. 100 വാഹനങ്ങൾ ഒരുമിച്ചു നിർത്തി പരിശോധിക്കുന്ന പോലീസ് ഉദ്യോഗസ്ഥൻമാരും, ടാർ ചെയ്തതിന്റെ പിറ്റേന്ന് റോഡ് കുത്തിപ്പൊളിക്കുന്ന സാമൂഹ്യ ദ്രോഹികളും, ലോകത്തെല്ലായിടത്തും നടപ്പാക്കിയ പഞ്ചിംഗ് സംപ്രദായം വേണ്ടയെന്നു പറയുന്നവരും ദിവസേന ബന്ദും ഹർത്താലും അക്രമസമരങ്ങളും നടത്തുന്ന പ്രതിപക്ഷവും കണ്ടകശനിയുടെ ആൾരൂപങ്ങളാണെന്ന് പറയുന്നതിൽ തെറ്റില്ല.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെയല്ലാതെ പറയാൻ കഴിയില്ല. അതുപോലെതന്നെ വാർത്താ മാധ്യമപ്രവർത്തകർക്കു നേരെയുള്ള കയ്യേറ്റത്തെക്കുറിച്ചും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രദ്ധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഓരോ മന്ത്രിസഭാ യോഗവും ജനക്ഷേമ പരിപാടികൾ പ്രഖ്യാപിക്കുന്ന തരത്തിലുള്ളതാകണം. ഓരോ മന്ത്രിമാരും പരിപാടികൾ ഫലപ്രദമായി നടപ്പാക്കുന്നുണ്ടോയെന്ന് ഉറപ്പു വരുത്തുകയും വേണം. ശ്രീ. ചെമ്മനം ചാക്കോ പറഞ്ഞതുപോലെ സെക്രട്ടേറിയറ്റിലെ ആളില്ലാ കസേരകൾ എന്നുള്ള ആ അവസ്ഥ ഇനിയുണ്ടാകാൻ പാടില്ലയെന്നുള്ള കാര്യത്തിൽ മുഖ്യമന്ത്രി നിർബന്ധബുദ്ധി ചെലുത്തണം. ഓഫീസുകളിൽ നേരിട്ട് ഹാജരാക്കുന്ന എല്ലാ നിവേദനങ്ങൾക്കും അക്നോളജുമെന്റ് നൽകണം. തപാലിൽ വരുന്ന കത്തുകൾക്കും നിവേദനങ്ങൾക്കും റഫറൻസ് നമ്പറിട്ട് അക്നോളജുമെന്റ് അയച്ചു കൊടുക്കണം. റഫറൻസ് നമ്പരും വിഷയവും കമ്പ്യൂട്ടറിൽ രേഖപ്പെടുത്തണം. എല്ലാ ജീവനക്കാരും അവരവരുടെ സ്റ്റാഫ് നമ്പരും പേരും കാണിക്കുന്ന ബാഡ്ജ് ധരിക്കണം. ഏത് കറസ്പോണ്ടൻസിന്റേയും ഫയലുകളും മൂവ്മെന്റ് റിപ്പോർട്ടും കംപ്യൂട്ടറിൽ രേഖപ്പെടുത്തണം. ഇ-മെയിൽ, ഫാക്സ് എന്നിവയ്ക്ക് പലപ്പോഴും മറുപടി ലഭിക്കാറില്ല. അതിന് മറുപടി ലഭിക്കണം. ഉദ്യോഗസ്ഥൻമാർ അവധിയിലാണെങ്കിൽ പകരം ചുമതല ഏൽപ്പിക്കണം. സെക്രട്ടേറിയറ്റിലെ ക്ലാർക്ക് ലീവാണെങ്കിൽ കാസർകോട് നിന്ന് വരുന്ന സാധാരണക്കാരൻ ദിവസങ്ങളോളം തിരുവനന്തപുരത്ത് കാത്തുനിൽക്കേണ്ടി വരുന്നു. അപേക്ഷയിൽ തീരുമാനം എടുക്കുന്നതും നടപടിയെടുക്കുന്നതും സംബന്ധിച്ച വിവരങ്ങൾ അറിയിക്കാൻ ഒന്നിൽക്കൂടുതൽ പേർക്ക് ചുമതല നൽകണം. അറ്റൻഡൻസിൽ പഞ്ചിംഗ് സിസ്റ്റം നടപ്പാക്കണം. ഏത് അപേക്ഷയിലും ഒരു നിശ്ചിത കാലയളവിൽ തീരുമാനം എടുത്തതിനുശേഷം ആ ഫയൽ ക്ലോസ് ചെയ്യണം. ഇന്ന് ജനങ്ങളിൽ ആത്മധൈര്യവും കണ്ണുകളിൽ നക്ഷത്രത്തിളക്കവും ഉണ്ട്. കേരളത്തിന്റെ വികസനഭൂപടം സമരങ്ങളുടെ നരകപടമാക്കാൻ ശ്രമിക്കുന്നവരെ നമുക്ക് അവഗണിക്കാം. വെറുതെയിരിക്കുന്ന സമയത്ത് നാമം ജപിച്ചാൽ വൈഷ്ണവനാകുമെന്ന് പണ്ട് മുത്തശ്ശൻമാർ കുട്ടികളെ പഠിപ്പിച്ചിരുന്നതുപോലെ ഈങ്കുലാബ് വിളിച്ചാലേ, സമരം നടത്തിയാലേ മാർക്സിസ്റ്റ് ആകുകയുള്ളൂ എന്ന് ചിലർ പഠിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

മി. സ്പീക്കർ : പ്ലീസ് കൺക്ലൂഡ്.....

ശ്രീ. സി. പി. മുഹമ്മദ് : ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിൻതാങ്ങുന്നു.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. കേരളത്തിന്റെ ചരിത്രത്തിൽ ഏറ്റവുമധികം സാമ്പത്തിക പ്രതിസന്ധി നേരിടുന്ന അവസരത്തിലാണ് 2001 മേയ് 17-ന് ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റ് ബഹുമാനപ്പെട്ട എ. കെ. ആന്റണിയുടെ നേതൃത്വത്തിൽ അധികാരം ഏറ്റെടുത്തത്. ഈ

LIBRARY ARCHIVES Kerala Legislative Assembly

കാലഘട്ടത്തിന്റെ ചിത്രം നമ്മൾ പത്രങ്ങളിൽ വായിച്ചിരുന്നു. മുഖ്യമന്ത്രിക്ക് ഡൽഹിയിൽ പോകാൻ ഒരു പ്ലെയിൻ ടിക്കറ്റ് കടം കിട്ടാതിരുന്ന ഒരു സാഹചര്യം. ആ സാഹചര്യത്തിലാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത്. ഇപ്പോൾ കേരളത്തിൽ വികസനത്തിന്റെ കാര്യത്തിൽ അനുകൂലമായ അന്തരീക്ഷം ഉണ്ടാക്കാൻ കഴിഞ്ഞു. 2000-2001-ൽ സർക്കാരിന്റെ റവന്യൂ കമ്മി 3,147.06 കോടി രൂപയാണ്. 2001-2002-ൽ അത് 2,605 കോടി രൂപയായി കുറച്ചുകൊണ്ടു വരാൻ സാധിച്ചു. ഏറ്റവും ഒടുവിലത്തെ റവന്യൂ കമ്മി (—) 1,898.67കോടി രൂപയാണ് 10-ാം പഞ്ചവത്സര പദ്ധതിയുടെ അടങ്കൽ 24,000 കോടി രൂപയായി നിശ്ചയിക്കാൻ കഴിഞ്ഞു. 2002-2003-ൽ 3,500 കോടി രൂപ വികസന പ്രവർത്തനങ്ങൾക്ക് ചെലവഴിക്കാൻ കഴിഞ്ഞു. 2003-ൽ പദ്ധതി അടങ്കൽ 4,430 കോടി രൂപയായി നിശ്ചയിക്കാൻ കഴിഞ്ഞു. ഇപ്പോൾ ഈ പ്രതിസന്ധിക്കിടയിലും ഒരുപാട് വികസന കാര്യങ്ങൾ കേരള ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. 11,159.45 കോടി രൂപയുടെ എം.ഒ.യു ആണ് ജിമ്മിന് ശേഷം ഒപ്പു വച്ചിരിക്കുന്നത്. 10,000 കോടി രൂപയുടെ കേന്ദ്ര സഹായം പ്രധാനമന്ത്രി പ്രഖ്യാപിച്ചു. കാർഷിക മേഖലയേയും പരമ്പരാഗത വ്യവസായ മേഖലയേയും സഹായിക്കുന്നതിനുവേണ്ടി ഇതുവരെ 95 കോടി രൂപ സർക്കാർ ചെലവഴിച്ചു. ഇത് ചുരുക്കം ചില കാര്യങ്ങൾ മാത്രം പറഞ്ഞതാണ്. കേരളം ഇന്ന് പുരോഗതിയുടെ പാതയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഒരുപാട് നല്ല കാര്യങ്ങൾ ചെയ്യുന്നു. ജനങ്ങളിൽ നിന്നും ഈ ഗവൺമെന്റ് ഒന്നും മറച്ചു വയ്ക്കാൻ ആഗ്രഹിക്കുന്നില്ല. പ്രതീക്ഷകളും പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ദുരിതങ്ങളുമൊക്കെ ജനങ്ങളുടെ മുൻപിൽ തുറന്നു വച്ച് ഞങ്ങൾ ഇന്നയിന്ന കാര്യങ്ങൾ ചെയ്യുന്നുവെന്ന് ജനങ്ങളെ മനസ്സിലാക്കി, ജനങ്ങളുടെ പിന്തുണയോടുകൂടി ഈ ഗവൺമെന്റ് മുന്നോട്ട് പോവുകയാണ്. നിങ്ങൾ ആര് ആക്ഷേപിച്ചിട്ടും കാര്യമില്ല. ഒരു കാര്യം വളരെ വ്യക്തമാണ്. കേരളത്തിലെ സമസ്ത ജനവിഭാഗങ്ങളുടേയും പിന്തുണയുള്ള ഒരു ഗവൺമെന്റാണിത്. ത്രിതല പഞ്ചായത്തുകളിൽ നിരവധി ഉപ തെരഞ്ഞെടുപ്പുകൾ നടന്നു. ഐക്യ ജനാധിപത്യ മുന്നണിയ്ക്ക് നിലവിലുള്ള സീറ്റുകൾ നിലനിർത്താൻ മാത്രമല്ല, ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ സീറ്റുകൾ പിടിച്ചെടുക്കുവാനും കഴിഞ്ഞു. ഗവൺമെന്റിനെ കൂടി വിലയിരുത്തിക്കൊണ്ടാണ് ജനങ്ങൾ വോട്ട് ചെയ്യുന്നത്. കേരളത്തിലെ മുഖ്യമന്ത്രിയെ ജനങ്ങൾക്ക് വിശ്വാസമാണ്. അദ്ദേഹം ജനങ്ങളുടെ മുൻപിൽ ഒന്നും മറച്ചു വയ്ക്കില്ല. എല്ലാം തുറന്നു പറയും. എന്താണ് സത്യം എന്നുള്ളത് ജനങ്ങളെ അറിയിച്ചുകൊണ്ട് പ്രയാസങ്ങൾക്കിടയിലും പ്രതിസന്ധികൾക്കിടയിലും ഗവൺമെന്റിനെ മുന്നോട്ടു കൊണ്ടുപോകാൻ അദ്ദേഹം ശ്രമിക്കുകയാണ്. ഇതിനിടയിലാണ് നിങ്ങൾ ഈ വികസന പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്ന സമരങ്ങളുമായിട്ട് മുന്നോട്ട് വന്നത്. കഴിഞ്ഞ നിയമസഭാ സമ്മേളനം പ്രതിപക്ഷം പൂർണ്ണമായും അലങ്കോലപ്പെടുത്തി. അത് കഴിഞ്ഞ് പശ്ചാത്താപം തോന്നിയിട്ടായിരിക്കാം ഇത്തവണ നിയമസഭാ നടപടികളുമായി സഹകരിക്കാൻ പ്രതിപക്ഷം തീരുമാനിച്ചത്. നല്ല കാര്യം.. ഇപ്പോഴെങ്കിലും നല്ല ബുദ്ധി വരട്ടെ. നിങ്ങൾ എന്തൊക്കെയാണ് നടത്തിയത് ? കേരളത്തിന്റെ ചരിത്രത്തിൽ അല്ലെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിന്റെ ചരിത്രത്തിൽ, ഏതെങ്കിലും രാജ്യത്തിന്റെ ചരിത്രത്തിൽ ഒരു പ്രദേശത്ത് വെടിവയ്പ് ഉണ്ടായതിനുശേഷം ഭരിക്കുന്ന നേതാക്കൻമാർക്കും മന്ത്രിമാർക്കും അവിടെ യാതൊരു എതിർപ്പും കൂടാതെ കടന്നു ചെല്ലാൻ കഴിഞ്ഞത് മുത്തങ്ങ സമരത്തിൽ മാത്രമാണ്. മുത്തങ്ങാ സംഭവത്തിൽ ഗവൺമെന്റ് നിലപാടിൽ മുഴുവൻ ജനവിഭാഗങ്ങളും അനുകൂലമായിരുന്നു. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റു പാർട്ടിയും അനുകൂലം. പോലീസ് നടപടി വൈകിയതിലാണ് കമ്മ്യൂണിസ്റ്റുപാർട്ടിക്ക് പ്രയാസം. എല്ലാ കക്ഷികളും അനുകൂലം. എല്ലാ കക്ഷികളും ഒറ്റക്കെട്ടായി പറയുന്നു പോലീസ് നടപടി അവിടെ ഉടനെ വേണമെന്ന്. മാർക്സിസ്റ്റു കമ്മ്യണിസ്റ്റു പാർട്ടിയുടേയും സി.പി.ഐ യുടേയും അടക്കം എല്ലാ കക്ഷികളുടേയും പ്രാദേശിക നേതാക്കൾ അനുകൂലമായിരുന്നു. പത്രത്തിന്റ കട്ടിംഗ്സ് ഉണ്ട്. തെളിവു തരാം. കേരള സംസ്ഥാനം പുരോഗതിയിലേയ്ക്ക് പോകുമ്പോൾ എങ്ങനെയെങ്കിലും നിങ്ങൾ തടസ്സം സൃഷ്ടിക്കുകയാണ്. അവിടെ അക്രമാസക്തമായ സമരങ്ങൾ നടത്തുന്നു. ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിന്റെ ഫലമായി ഈ സംസ്ഥാനത്ത് പുതിയ വ്യവസായങ്ങൾ കടന്നുവരാതിരിക്കാൻ ശ്രമിക്കുന്നു. അതല്ലേ നിങ്ങൾ ചെയ്യുന്നത് ? അതിന്റെ ഫലമായി എം.ഒ.യു. ഒപ്പിട്ട പല വ്യവസായങ്ങളും അറച്ചറച്ചാണ് കടന്നു വരുന്നത്. കടന്നു വരും. കടന്നു വരാതിരിക്കില്ല. നാല് പുതിയ മെഡിക്കൽ കോളേജുകൾ കൊടുത്തു. രണ്ട് ഡന്റൽ കോളേജുകൾ കൊടുത്തു. 16 നഴ്സിംഗ് കോളേജ്, നാല് ആയുർവേദ മെഡിക്കൽ കോളേജുകൾ അനുവദിച്ചു. ഒരു സിദ്ധ മെഡിക്കൽ കോളേജ്, 40 പുതിയ സ്വാശ്രയ എഞ്ചിനിയറിംഗ് കോളേജുകൾ, എം.സി.എ കോളേജുകൾ എല്ലാം. സുതാര്യമായി. ഒരു ആക്ഷേപം ഉണ്ടായോ ? എൽ. ഡി. എഫ്. ഭരണക്കാലത്ത് പ്ലസ് ടു അനുവദിച്ചതിനെക്കുറിച്ച് ശ്രീ. പി.സി. ജോർജ് പറഞ്ഞത് എന്താണ് ? കോടിക്കണക്കിന് രൂപയുടെ അഴിമതി നടന്നുവെന്ന്. യു. ഡി. എഫ്. ഗവൺമെൻറിന്റെ ഈ നടപടിയിൽ കേരളത്തിലെ പതിനായിരക്കണക്കിന് വിദ്യാർത്ഥികളും അവരുടെ രക്ഷിതാക്കളും സന്തോഷിക്കുകയാണ്. . ഇപ്പോൾ നിങ്ങൾ പിടിച്ചിരിക്കുന്നത് മാറാട് ആണ്. മുഖ്യമന്ത്രി ആ ദുരന്തസംഭവം ഉണ്ടായ പ്രദേശത്ത് പോയപ്പോൾ മുഖ്യമന്ത്രിയെ ജനങ്ങൾ കൈകൂപ്പിയാണ് സ്വീകരിച്ചത്. ശ്രീ. പിണറായി വിജയൻ ചെന്നപ്പോൾ ജനങ്ങൾ അടിച്ചോടിക്കാനാണ് ശ്രമിച്ചത്. കാരണം നിങ്ങൾ സദുദ്ദേശത്തോടുകൂടിയല്ല പോകുന്നത് എന്ന് ജനങ്ങൾക്ക് അറിയാം. അവർക്കറിയാം നിങ്ങൾ അവിടെ പോകുന്നത് അവിടെ കുഴപ്പം ഉണ്ടാക്കാനാണെന്ന്. എന്നിട്ടിപ്പോൾ സാമുദായിക കലഹം ഉണ്ടാക്കാനുള്ള ശ്രമമാണ് നിങ്ങൾ വീണ്ടും നടത്തിക്കൊണ്ടിരിക്കുന്നത്. ഒരു ഭാഗത്ത് ലീഗിനെ പഴിക്കുന്നു. ഒരു ഭാഗത്ത് ബി.ജെ.പി യെ പഴിക്കുന്നു. സാമുദായിക സംഘട്ടനം അതാണ് നിങ്ങളുടെ ലക്ഷ്യം. എങ്ങനെയെങ്കിലും ഒന്ന് കത്തിച്ചു കിട്ടണം. അത് നടക്കാൻ പോകുന്നില്ല. മുസ്ലീം ലീഗ് എന്ന് പറയുന്നത് ഈ കേരളത്തിൽ മതതീവ്രവാദത്തിനെതിരായ ഹിമാലയപർവ്വതം പോലെ ശക്തമായി നിൽക്കുന്ന സംഘടനയാണ്. എന്തൊക്കെയാണ് നിങ്ങൾ കളിക്കുന്ന കളികൾ ? ക്രമസമാധാന രംഗത്ത് നമ്മുടെ രാജ്യത്ത് ഒന്നാം സ്ഥാനം ലഭിച്ച ഒരു സംസ്ഥാനമാണ് കേരളം. അത് നിങ്ങൾ മനസ്സിലാക്കണം. നിങ്ങളുടെ കാലത്ത്

LIBRARY ARCHIVES Kerala Legislative Assembly

എന്താണ് നടന്നത് ? പരുമല കോളേജിലെ വിധി വന്നല്ലോ, പരുമല കോളേജിലെ മൂന്ന് വിദ്യാർത്ഥികളെ കൊലചെയ്ത കേസിലെ വിധി വന്നല്ലോ, കോടതി എന്താ ദുഃഖത്തോടുകൂടി പറഞ്ഞത്, പ്രോസിക്യൂഷൻ ഭാഗം എടുത്ത നടപടികൾ തെറ്റായിരുന്നു എന്നും അവസാനം രക്ഷിതാക്കൻമാരുടെ കൂടെ ദുഃഖിക്കുകയല്ലാതെ ഞങ്ങൾക്ക് വേറെ ഒരു ഗതിയില്ലെന്ന് പറയേണ്ട ഗതികേടിലേയ്ക്ക്, കോടതിക്ക് പറയേണ്ടി വന്ന സാഹചര്യം ഉണ്ടായില്ലേ ? അന്നത്തെ പോലീസ് അല്ല ഇന്നത്തെ പോലീസ്. ഗവൺമെന്റിനെക്കുറിച്ച് നിങ്ങൾക്ക് ഒന്നും പറയാനില്ല, നിങ്ങൾ ഈ ഗവൺമെന്റിനെക്കുറിച്ച് ആക്ഷേപം ഒന്നും പറഞ്ഞില്ല. അദ്ദേഹത്തിന് ആകെ പറയാനുള്ളത് കോൺഗ്രസിലെ വഴക്കുകളെ കുറിച്ചാണ്. ബഹുമാനപ്പെട്ട രാജേന്ദ്രാ, കോൺഗ്രസിനെക്കുറിച്ച് നിങ്ങൾ പഠിക്കാത്തതുകൊണ്ടാണ്. ഞങ്ങൾ തമ്മിൽ വഴക്കുണ്ടാക്കും, ഞങ്ങൾ തമ്മിൽ യോജിക്കുകയും ചെയ്യും. മഹാകവി വള്ളത്തോൾ പാടിയിട്ടുണ്ട്, "സോദരർ തമ്മിലെ പോരതു പോരല്ല, സൗഹാർദ്ദത്തിന്റെ കലങ്ങിമറിയലാം" എന്ന്. അതാണ് ഞങ്ങളുടെ പാർട്ടി, ഞങ്ങളുടെ പാർട്ടിയെക്കുറിച്ച് നിങ്ങൾ പഠിക്കാത്തതുകൊണ്ടാണ്. ഞങ്ങൾ ആവശ്യം വരുമ്പോഴൊക്കെ യോജിക്കും. നമ്മൾ മലബാറിൽ പറയും "ആ കട്ടിൽ കണ്ട് പനിക്കേണ്ട, ആ കാച്ചിയ വെള്ളം വാങ്ങി വെച്ചേക്ക്" എന്നൊക്കെ. അതുകൊണ്ട് ശ്രീ. കോടിയേരിയും, ശ്രീ. രാജേന്ദ്രനുമൊന്നും ആ കട്ടില് കണ്ട് പനിക്കേണ്ട.

ശ്രീ. കെ. പി. രാജേന്ദ്രൻ : കെ.പി.സി.സി. പ്രസിഡന്റ് വളരെ ഉത്തരവാദിത്വത്തോടുകൂടി മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ കോൺഫറൻസിൽ തൈക്കാട് ഗസ്റ്റ് ഹൗസിൽ എല്ലാ പാർട്ടികളുടെയും സംസ്ഥാന നേതാക്കൻമാരുടെയും, മന്ത്രിമാരുടെയുമൊക്കെ സാന്നിദ്ധ്യത്തിൽ ഈ ഗവൺമെന്റിനെതിരായി നടത്തിയ ശക്തമായ വിമർശനം പത്രങ്ങളിൽ വന്നു. അങ്ങ് അതിൽ യാതൊരു പേടിയോ ഒന്നും കൂടാതെ മറ്റൊന്നും ചിന്തിക്കാതെ കെ.പി.സി.സി. പ്രസിഡന്റിന്റെ പേരിൽ നടപടി സ്വീകരിക്കണമെന്ന് ഹൈക്കമാന്റിനോട് ആവശ്യപ്പെട്ടതായി ഉള്ള പത്രവാർത്ത കണ്ടു. അങ്ങ് ഇതുസംബന്ധിച്ച് തുടർ നടപടി എടുത്തിട്ടുണ്ടോ ? കെ.പി.സി.സി. പ്രസിഡന്റിനെതിരെ നടപടി സ്വീകരിപ്പിക്കാൻ വേണ്ടി ഡൽഹിയിൽ പോയി ശ്രീമതി സോണിയാ ഗാന്ധിയെ നേരിട്ടുകണ്ട് എം.പി. ഗംഗാധരേട്ടൻ ചെയ്യുന്നതുപോലെ ഇടയ്ക്കിടയ്ക്ക് നേരിട്ടുപോയി കണ്ട് കെ.പി.സി.സി. പ്രസിഡന്റിനെ ആ സ്ഥാനത്തു നിന്ന് മാറ്റാൻ ശ്രമിക്കുന്നുണ്ടോ. അത് വള്ളത്തോൾ പാടിയ സോദര പോരാണോ ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : ബഹുമാനപ്പെട്ട രാജേന്ദ്രൻ, വള്ളത്തോളിന്റെ കവിത ഒന്നുകൂടി ഓർമ്മപ്പെടുത്തുകയാണ്. നിങ്ങൾ പറയുന്നുണ്ടല്ലോ ഇ.എം.എസ്. നെ കുറിച്ച്, ഇപ്പോൾ പി. ജി. എന്താ പറയുന്നത്, ഒരുകാലത്ത്, ഇ.എം.എസ് ജീവിച്ചിരുന്നപ്പോൾ തിരുവായ്ക്ക് എതിർവാ ഉണ്ടായിരുന്നില്ല. ഇപ്പോൾ അദ്ദേഹത്തെ പി.ജി. എന്താ പറയുന്നത് സ്റ്റാലിനിസ്റ്റ് ശ്രീ. വി.എസ്. അച്ചുതാനന്ദനെക്കുറിച്ച് പി.ജി. എന്താ പറഞ്ഞത്, ആനാവൂർ നാഗപ്പൻ. ആനാവൂർ നാഗപ്പനും, വി.എസ്. അച്ചുതാനന്ദനും

LIBRARY ARCHIVES Kerala Legislative Assembly

ഒന്നാണെന്നാ പറയുന്നത്. 1964-ൽ പാർട്ടിയിൽ സി.പി.ഐ. യിൽ ഭിന്നിപ്പുണ്ടായി, അപ്പോൾ ബുദ്ധിജീവികളൊക്കെ അങ്ങോട്ടുപോയി സി.പി.ഐ. യിലേയ്ക്ക്. ടി.വി., എം.എൻ, അച്ചുതമേനോൻ അങ്ങനെ എല്ലാ ബുദ്ധിജീവികളും പോയി. ഇപ്പോഴത്തെ സി.പി.ഐ. യെ കുറിച്ച് അങ്ങനെ ഒരു ആരോപണം ഉന്നയിച്ചാൽ അത് തെളിയിക്കാൻ കഴിയില്ല. സി.പി.ഐ. യിൽ ബുദ്ധിജീവികൾ ഉണ്ട് എന്നുള്ള ഒരു ആരോപണം ആരെങ്കിലും ഉന്നയിച്ചാൽ അത് തെളിയിക്കാൻ പ്രയാസമാണ്. കാരണം വെളിയം ഭാർഗ്ഗവൻ, എന്റെ സുഹൃത്ത് ശ്രീ. കെ. പി. രാജേന്ദ്രൻ ഒക്കെയല്ലേ നേതൃത്വം നൽകുന്നത്. കെ.പി. രാജേന്ദ്രനെ എനിക്ക് ഇഷ്ടമാണ്, നല്ല പ്രഗൽഭനായ ആളാണ്. അന്ന് സി.പി.എം. ന് ബുദ്ധിപരമായി നേതൃത്വം കൊടുത്തത് ഇ.എം.എസ്. നമ്പൂതിരിപ്പാടാണ്. അദ്ദേഹത്തിന്റെ ആത്മാർത്ഥമായ ശ്രമംകൊണ്ടാണ് കേരളത്തിൽ സി.പി.എം. തഴച്ചുവളർന്നത്. അദ്ദേഹത്തിന്റെ കോൺട്രിബ്യൂഷൻ വലുതാണ്, സി.പി.എം. വളർന്ന കാര്യത്തിൽ. ആ ഇ.എം.എസ്. നെ കുറിച്ചാണ് സ്റ്റാലിനിസ്റ്റ് എന്നുപറഞ്ഞത്. നിങ്ങളുടെ നേതാക്കൻമാർ പലരും അതിന്റെ പിന്നിലുണ്ടെന്നാണ് ഞാൻ ധരിക്കുന്നത്. ഇ.എം.എസ്. നെ ഇപ്പോൾ ആക്ഷേപിക്കുന്നതിന്റെ പിന്നിൽ നിങ്ങളുടെ പല നേതാക്കൻമാരും പി.ജി. ക്ക് പച്ചക്കൊടി കാണിച്ചു. അതിന്റെ ഫലമായിട്ടാണ് ഇ.എം.എസ് നെ ഇത്ര മോശമായ ഭാഷയിൽ സ്റ്റാലിനിസ്റ്റ് എന്നുപറയുന്നത്. ആ തരത്തിലൊക്കെ പറഞ്ഞ് പി.ജി. യെ നിങ്ങൾ ഇപ്പോൾ എന്താ ചെയ്തിരിക്കുന്നത്, പരസ്യമായി ഒരു താക്കീതിൽ ഒതുക്കിയിരിക്കുകയാണ്. നിങ്ങളുടെ പല നേതാക്കൻമാരും ഇ.എം.എസ്. നെയും, വി.എസ്. നെയും പരസ്യമായി വിമർശിക്കുന്നില്ലേ ? ഞാൻ പറഞ്ഞില്ലേ, കോൺഗ്രസ് വിശാലമായിട്ടുള്ള ജനാധിപത്യ സ്വഭാവമുള്ള ഒരു പാർട്ടിയാണ്. വളരെക്കാലമായി പാർട്ടിക്കകത്തും പുറത്തും അഭിപ്രായങ്ങൾ പരസ്യമായി പറയാറുണ്ട്. ഞങ്ങളുടെ പാർട്ടി അങ്ങനെയാണ്. നിങ്ങളുടെ പാർട്ടി അങ്ങനെയാണോ ? നിങ്ങളുടെ പാർട്ടി മരിച്ചതിനുശേഷവും നേതാക്കളെ വെറുതെ വിടുമോ ? മാതൃഭൂമി പത്രത്തിൽ ഒരു വാർത്തയുണ്ടായിരുന്നു, എന്താണെന്നറിയാമോ, സ്റ്റാൻലിന്റെ പ്രതിമ പഞ്ചാബിലെ ഒരു ആക്രിക്കടയിൽ കണ്ടു എന്നാണ്. അതിന് 18,000-രൂപയാണ് ആ ആക്രിക്കടക്കാരൻ വില പറയുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു കാര്യം ശ്രദ്ധിക്കണം. നമ്മുടെ നിയമസഭാ സെക്രട്ടേറിയറ്റിന്റെ മുമ്പിൽ ഇ.എം.എസ്. ന്റെ പ്രതിമയുണ്ട്, അവിടെ സെക്യൂരിറ്റിയെ വയ്ക്കണം അല്ലെങ്കിൽ പണത്തിന് വിഷമം വരുമ്പോൾ അവർ ഇത് എടുത്തുകൊണ്ടുപോയി വിറ്റെങ്കിലോ, അത് വളരെ സൂക്ഷിക്കേണ്ട കാര്യമാണ്. അവസാനം യു.ഡി.എഫ്. ന്റെ ഭരണകാലത്ത് ഇ.എം.എസ്. ന്റെ പ്രതിമ കാണാനില്ല എന്നുള്ള ആക്ഷേപം, പിന്നെ അതിന്റെ പേരിൽ സമരവുമായിട്ട് ഇവർ മുന്നോട്ടുവരും. അവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു സെക്യൂരിറ്റിയെ ഇടണമെന്നാണ് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അങ്ങ് വല്ലാതെ കത്തിക്കയറി കൊണ്ടിരിക്കുകയാണല്ലോ, പണ്ട് ഗോർക്കി ഭവൻ ആയിരുന്നു നമ്മുടെ കെ.പി.സി.സി. ഓഫീസ്. ആ കെ.പി.സി.സി. ഓഫീസ് വിറ്റ് പുളിശ്ശേരി കുടിച്ച ആൾക്കാരാണ് നിങ്ങളുടെ പാർട്ടിക്കാരെന്നുള്ള കാര്യം നിങ്ങൾക്ക് അറിയാമോ ? നിങ്ങളുടെ ആ പാരമ്പര്യം ഞങ്ങളുടെ പാർട്ടിയിൽ ഉണ്ടാകില്ല. എന്റെ ചോദ്യം, ഇപ്പോൾ ശ്രീ. രാമചന്ദ്രൻ മാഷ് ഞങ്ങളുടെ പാർട്ടിയെപ്പറ്റി ഒരുപാട് കാര്യം പറഞ്ഞു. ഗോവിന്ദപ്പിള്ള എഴുതിയ ലേഖനം അതൊക്കെ ഞങ്ങൾ ചർച്ചചെയ്തു, ഗോവിന്ദപ്പിള്ള എഴുതിയ ലേഖനത്തിന്റെ പേരിൽ, ഗോവിന്ദപ്പിള്ളയുടെ പേരിൽ പാർട്ടി നടപടി എടുത്തു, പാർട്ടി അയാളെ തള്ളിക്കളഞ്ഞു. ഗോവിന്ദപ്പിള്ള തന്നെ അതിൽ പശ്ചാത്തപിച്ചു. അതും ഏറ്റെടുത്ത്, അയാൾ ഛർദ്ദിച്ചതും കൊണ്ട് നിങ്ങൾ നടക്കേണ്ട കാര്യമുണ്ടോ ? ഞങ്ങളുടെ പാർട്ടിയിൽ ഇങ്ങനെ ഒരു തെറ്റ് ചെയ്താൽ ഞങ്ങൾ നടപടിയെടുക്കും, ആര് തെറ്റ്ചെയ്താലും ഞങ്ങൾ നടപടിയെടുക്കും. നിങ്ങളുടെ പാർട്ടിയിലെ 26 എം.എൽ.എ. മാർ എതിരായിട്ട് വോട്ട്ചെയ്തിട്ട് ഒരാളുടെ പേരിൽ ശാസനയെങ്കിലും സ്വീകരിക്കാൻ നിങ്ങളുടെ പാർട്ടിക്ക് സാധിച്ചോ ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : ഞാൻ കോൺഗ്രസിനെ കുറിച്ച് നിങ്ങളോട് പറഞ്ഞല്ലോ, അതിൽപ്പരം എന്താണ് പറയാനുള്ളത് ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : കേരളാ പ്രദേശ് കോൺഗ്രസ് കമ്മിറ്റിയുടെ പഴയ പാർട്ടി ഓഫീസിനെക്കുറിച്ച് ശ്രീ. കോടിയേരി പരാമർശിക്കുകയുണ്ടായി, 1969-ൽ അഖിലേന്ത്യാ തലത്തിൽ കോൺഗ്രസ് ഭിന്നിച്ച സമയത്ത് സംഘടനാ കോൺഗ്രസിന്റെ ഓഫീസായി ആ കെട്ടിടം പിന്നീട് മാറുകയാണുണ്ടായത്. വാടക കെട്ടിടമാണ്, ഞങ്ങൾ മര്യാദ പാലിച്ച് ആ വാടകകെട്ടിടത്തിൽ നിന്ന് മാറിക്കൊടുക്കുകയാണുണ്ടായത് എന്നുള്ള സത്യം അങ്ങേയ്ക്കറിയില്ല.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഐക്യത്തെക്കുറിച്ചാണല്ലോ ഇവർ പറയുന്നത്, ഈ ഐക്യത്തിന്റെ പേരിൽ നമ്മളൊക്കെ ബഹുമാനിക്കുന്ന പ്രതിപക്ഷ നേതാവായ അച്ചുതാനന്ദനെ മാരാരിക്കുളത്ത് തോൽപ്പിച്ചപ്പോൾ ശ്രീ. കോടിയേരിയടക്കമുള്ളവർക്കെതിരെ ഒരു നടപടിയും സ്വീകരിച്ചില്ല എന്നുള്ളത് അങ്ങേയ്ക്കറിയാമോ ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്ററർ : ശ്രീ. അച്ചുതാനന്ദന്റെ സ്ഥിതി എന്താണ് ? എൽ.ഡി.എഫ്. അധികാരത്തിൽ വരുന്ന കാലത്ത് അച്ചുതാനന്ദനെ ജയിപ്പിക്കില്ല., വീട്ടിലിരുത്തും. അഥവാ അദ്ദേഹം ജയിക്കാൻ സാദ്ധ്യതയുണ്ടെങ്കിൽ തോൽപ്പിക്കും. എൽ.ഡി.എഫ്. പ്രതിപക്ഷത്തു പോകുന്ന സമയത്ത് അച്ചുതാനന്ദനെ ജയിപ്പിക്കും. നാളെയും അതുതന്നെയാ സ്ഥിതി. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെയില്ല, അദ്ദേഹം ഒന്ന് ഓർക്കുന്നത് നന്ന്. മലബാർ ലോബിയുടെ കയ്യിലാണ് സി.പി.എം.

സർ, ഗൗരിയമ്മയെ ഒരവസരത്തിൽ മുഖ്യമന്ത്രിയാക്കുമെന്ന് 1987-ലെ തെരഞ്ഞെടുപ്പ് കാലത്ത് പത്രങ്ങളിൽ വലിയ വാർത്തയായി പ്രസിദ്ധീകരിച്ച
12NOON] താണ്. പക്ഷെ ഗൗരിയമ്മയ്ക്ക് അന്ന് മുഖ്യമന്ത്രിയാകാൻ കഴിഞ്ഞില്ല. നിങ്ങളുടെ പാർട്ടിയുടെ സ്ഥിതിയെന്താണ് ? ശ്രീ. എം. വി. രാഘവനെ പുറത്താക്കി, പിന്നെ ഗൗരിയമ്മയെ പുറത്താക്കി, അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടെങ്കിലും ഞങ്ങൾ ഈ പാർട്ടിയിൽ തന്നെയുണ്ട്. നാളെ വി.എസ്സിനെ പുറത്താക്കും. ചിലപ്പോൾ കോടിയേരിയേയും പുറത്താക്കിയെന്നു വരും. ശ്രീ. കോടിയേരി മലബാർ ലോബിയുടെ ആളായതുകൊണ്ട് പുറത്താക്കാൻ സാദ്ധ്യതയില്ല. ഏതായാലും ഞാൻ അതിനെക്കുറിച്ച് ഒന്നും പറയുന്നില്ല. അതുകൊണ്ട് കേരളത്തിലെ ഐക്യജനാധിപത്യ മുന്നണിക്ക് നിങ്ങൾ ക്രീയാത്മകമായ സഹകരണം നൽകണം. നിങ്ങൾ വെറും ഒരു നശീകരണ പ്രസ്ഥാനമായി മാറാതെ, കേരളം ഇന്ന് ഒരു പ്രത്യേക കാലഘട്ടത്തിൽ കൂടെ കടന്നു പോകുമ്പോൾ ഗവൺമെന്റുമായി സഹകരിക്കണം. നിങ്ങളെയൊക്കെ പൂർണ്ണമായി സഹകരിപ്പിച്ചുകൊണ്ട്, പ്രതിപക്ഷത്തിന്റെ പൂർണ്ണമായ സഹകരണം വാങ്ങിക്കൊണ്ട് കേരളത്തിലെ എല്ലാ മേഖലയിലും ഉള്ള ജനതയുടെ പുരോഗതിയുണ്ടാക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ട് ഒരു രാഷ്ട്രീയ സമവാക്യം ഉണ്ടാക്കിക്കൊണ്ട് കേരളത്തിലെ ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മുന്നോട്ടുപോകുമ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ഗവൺമെന്റിനും പൂർണ്ണമായ സഹകരണം നൽകുകയാണ് വേണ്ടത്. അല്ലാതെ അനാവശ്യമായിട്ടുള്ള പ്രശ്നങ്ങളും സമരങ്ങളും ഉണ്ടാക്കി കേരളത്തിനെ നശിപ്പിക്കരുത് എന്നു വിനീതമായി അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽക്കൂടി അനുകൂലിക്കുകയാണ്.

ശ്രീ. യു. സി. രാമൻ : സർ, ഞാൻ ഈ ധനാഭ്യർഥനകളെ പിൻതാങ്ങുകയാണ്. ജീവനക്കാർക്ക് ശമ്പളം കൊടുക്കാൻ പോലും നിവൃത്തിയില്ലാതെ കടം വാങ്ങേണ്ടുന്ന സന്ദർഭത്തിലാണ് ഈ സർക്കാർ ഭരണത്തിൽ വന്നത്. പടിപടിയായി, കർശനമായ, സാമ്പത്തികമായ ക്രമീകരണം വരുത്തി ഇന്ന് ഒരു വലിയ മുന്നേറ്റം ഈ സംസ്ഥാനത്ത് ഉണ്ടാക്കിയിരിക്കുകയാണ്. സമസ്ത മേഖലകളിലും ഈ മുന്നേറ്റം കാണാൻ കഴിയും. ദീർഘവീക്ഷണത്തോടുകൂടിയ പ്രവർത്തനത്തിന്റെ ഫലമായി സംസ്ഥാനത്തെ ഈ നിലയിലേയ്ക്ക് ഉയർത്താൻ കഴിഞ്ഞ ഭരണകർത്താക്കളെയും ആത്മാർത്ഥമായി അഭിനന്ദിക്കുകയാണ്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ വിൽപ്പന നികുതിയിനത്തിൽ വലിയ റെക്കോർഡാണ് വന്നിട്ടുള്ളത്. 5,375,40 കോടി രൂപയാണ് പിരിച്ചെടുക്കാൻ കഴിഞ്ഞത്. അതായത് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 1,136 കോടി രൂപയുടെ വർദ്ധനവാണ് ഈ രംഗത്ത് നേടാൻ കഴിഞ്ഞത്. ഈ സർക്കാരിന്റെ പ്രവർത്തനം ആരംഭിച്ച സന്ദർഭത്തിൽ സാമ്പത്തികമായ ഞെരുക്കം കാരണം സർക്കാർ ജീവനക്കാരുടെ ചില്ലറ ആനുകൂല്യങ്ങൾ തടഞ്ഞുവയ്ക്കുന്നതിന് സർക്കാർ നിർബന്ധിതമായിട്ടുണ്ട്. സാമ്പത്തികസ്ഥിതി പച്ചപിടിച്ചുവരുന്ന ഈ സന്ദർഭത്തിൽ അവരുടെ തടഞ്ഞുവച്ച കുറെ ആനുകൂല്യങ്ങൾ തിരിച്ചുകൊടുക്കുന്നതിനുള്ള വിശാലമായ

LIBRARY ARCHIVES Kerala Legislative Assembly.

കാഴ്ചപ്പാട് സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ട്. അത് പൂർണ്ണമായും തിരിച്ചുകൊടുക്കാനുള്ള നടപടിയുണ്ടാകണമെന്നാണ് ഞാൻ സൂചിപ്പിക്കുന്നത്. അതുപോലെതന്നെ സെക്രട്ടേറിയറ്റിൽ ലക്ഷക്കണക്കിന് ഫയലുകൾ കെട്ടിക്കിടക്കുന്നതായിട്ട് കഴിഞ്ഞ ദിവസം പത്രത്തിൽ കാണുകയുണ്ടായി. സാധാരണക്കാരുടേയും പട്ടിണിപ്പാവങ്ങളുടേയും പട്ടിക ജാതിക്കാരന്റെയും ഒക്കെ അദ്ധ്വാനത്തിന്റെ, വിയർപ്പിന്റെ വിലയറിയാവുന്ന ആ വിലപ്പെട്ട ഫയലുകളിൽ തീർപ്പ് കൽപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനം യുദ്ധകാലാടിസ്ഥാനത്തിൽ നടത്താൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അതോടൊപ്പം തന്നെ കളക്ടറേറ്റുകളിലും താലൂക്ക് ഓഫീസുകളിലും വില്ലേജാഫീസുകളിലും കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പുകൽപ്പിക്കുന്നതിന് അടിയന്തിരമായ നടപടിയെടുക്കണം. അഞ്ചുവർഷക്കാലം ഉന്നത വിദ്യാഭ്യാസ രംഗത്ത് ഒരു പ്രധാനപ്പെട്ട destination point ആക്കി മാറ്റാനുള്ള നിയമവുമായിട്ട് മുന്നോട്ടുപോകുന്ന വിദ്യാഭ്യാസ മന്ത്രിയേയും ഞാൻ ഈ സന്ദർഭത്തിൽ അഭിനന്ദിക്കുകയാണ്. അതോടൊപ്പം ഈ സംസ്ഥാനത്ത് യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്ന സന്ദർഭത്തിൽ ഇവിടെ എല്ലാ ഭാഗങ്ങളിലും രാഷ്ട്രീയ സംഘട്ടനങ്ങളും കലാപങ്ങളും ഉണ്ടായിരുന്ന സന്ദർഭങ്ങളുണ്ടായിരുന്നു. അതിനൊക്കെ മാറ്റം വരുത്തിക്കൊണ്ട് മത സൗഹാർദ്ദം സൂക്ഷിക്കാനും അതുപോലെതന്നെ സംഘർഷരഹിതമായ സമൂഹം ആക്കി മാറ്റുന്നതിനുമൊക്കെ സർക്കാരിന് ആവശ്യമായ പങ്ക് വഹിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇന്ന് നേരത്തെ ഉണ്ടായിരുന്ന രൂപത്തിലുള്ള സംഘർഷങ്ങളും പ്രശ്നങ്ങളും ഒന്നുംതന്നെ എല്ലാ ഭാഗത്തും നിലനിൽക്കുന്നില്ല. ചില സംഭവങ്ങൾ ഇല്ല എന്നല്ല ഞാൻ സൂചിപ്പിക്കുന്നത്. ആ രൂപത്തിൽ തുടർന്നുവരുന്നതിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അതുപോലെതന്നെ മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുമൊക്കെതന്നെ വലിയ പങ്കാണ് വഹിച്ചിട്ടുള്ളത്. ഞാൻ സൂചിപ്പിച്ചുവരുന്നത് സമാധാനം നിലനിർത്തുന്നതിനുവേണ്ടി മതസൗഹാർദ്ദം നിലനിർത്തുന്നതിനുവേണ്ടിയൊക്കെ മുസ്ലീംലീഗ് വിലപ്പെട്ട സംഭാവനയാണ് നൽകിയിട്ടുള്ളത്. മാറാട് ഉണ്ടായിട്ടുള്ള സംഘർഷങ്ങൾക്ക് സമാധാനമുണ്ടാക്കാൻ എന്റെ നേതാവ് ഉൾപ്പെടെയുള്ളവർ ഒരുപാട് ദിവസം അവിടെപ്പോയി വളരെ ശ്രമകരമായി നടപടികൾ സ്വീകരിച്ചു. അതിന്റെ ഫലമായിട്ടാണ് ഈ പ്രശ്നം അവസാനിപ്പിക്കാൻ കഴിഞ്ഞത്.

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുകയാണ്. ഇങ്ങനെ ഒരു ധനാഭ്യർത്ഥന അവതരിപ്പിക്കാനുള്ള അർഹത ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും അദ്ദേഹത്തിന്റെ ഗവൺമെന്റിനും ഇല്ല. ഈ ഗവൺമെന്റിന് നിലനിൽക്കാൻ ഭരണഘടനാപരമായിട്ടുള്ള അധികാരമില്ല എന്നാണ് എന്റെ അഭിപ്രായം. സർ, വിശ്വഹിന്ദു പരിഷത്തിന്റെ നേതാവ് ശ്രീ. അശോക് സിംഗാൾ ഇവിടെവന്ന് ഈ തലസ്ഥാനത്തെ ഭരണസിരാ കേന്ദ്രത്തിന് മൂക്കിനുതാഴെ പ്രസംഗിച്ചു, മതേതരവാദികളെയൊക്കെ ഉൻമൂലനം ചെയ്യുകയാണ് ഞങ്ങളുടെ ലക്ഷ്യം എന്ന്. ഈ ഗവൺമെന്റിന്റെ ആഭ്യന്തരവകുപ്പ് കൈകാര്യം ചെയ്യുന്ന മുഖ്യമന്ത്രി കേട്ടതായി ഭാവിച്ചില്ല. ഭരണഘടനാവിരുദ്ധമായി പ്രസംഗിച്ച അശോക്

LIBRARY ARCHIVES Kerala Legislative Assembly

സിംഗാളിന്റെ പേരിൽ ഒരു കേസ് പോലും രജിസ്റ്റർ ചെയ്തിട്ടില്ല, എന്നാൽ കോയമ്പത്തൂർ ജയിലിൽ കഴിയുന്ന അബ്ദുൾ നാസർ മ അദനിക്ക് അദേഹത്തിന്റെ ഒരു ബന്ധുവിന്റെ വിവാഹത്തിൽ പങ്കെടുക്കാൻ പരോളിൽ എത്തിയാൽ അത് ക്രമസമാധാന നില തകരുമെന്ന് റിപ്പോർട്ട് കൊടുത്ത പോലീസിനെ കൈകാര്യം ചെയ്യുന്ന മുഖ്യമന്ത്രി, ഈ ഭരണഘടനാവിരുദ്ധമായ പ്രസംഗം നടത്തിയത് കേട്ടതായി ഭാവിച്ചില്ല, ഒരു കേസ് പോലും രജിസ്റ്റർ ചെയ്തിട്ടില്ല. അതുകൊണ്ടാണ് പറഞ്ഞത് ഈ ഗവൺമെന്റിന് അധികാരത്തിൽ തുടരാനുള്ള ഭരണഘടനാപരമായിട്ടുള്ള അവകാശം നഷ്ടപ്പെട്ടിരിക്കുകയാണ്. ഗവൺമെന്റ് എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കുമെന്ന് കഴിഞ്ഞ രണ്ടുവർഷ കാലത്തിനുള്ളിൽ പലപ്പോഴായി മുഖ്യമന്ത്രി പറഞ്ഞിട്ടുണ്ട്. പരമ്പരാഗത മേഖലകളിൽ ഗവൺമെന്റ് എടുക്കുന്ന തീരുമാനങ്ങളൊന്നും നടപ്പിലാക്കുന്നില്ല. കുറച്ച് ഉൽസാഹത്തോടുകൂടി ആദ്യം രംഗത്തിറങ്ങിയ ആൾ ആയിരുന്നു നമ്മുടെ വ്യവസായ വകുപ്പുമന്ത്രി ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടി, അദ്ദേഹം ആദ്യമൊക്കെ പറഞ്ഞത്, കർണ്ണാടക ഓടുന്നു, ആന്ധ്ര ഓടുന്നു, നമ്മൾ ഇങ്ങനെയിരുന്നാൽ പോരാ, ഓടണമെന്ന് പറഞ്ഞു. ഇപ്പോൾ ഓടി ഓടി ഏതാണ്ട് തളർന്ന മട്ടാണ്, ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടി ഈ അടുത്ത കാലത്ത് പറഞ്ഞു, കൈക്കൊള്ളുന്ന തീരുമാനങ്ങൾ അൻപത് ശതമാനവും നടപ്പിലാക്കുമെന്ന്. ഇന്നുരാവിലെ ബഹുമാനപ്പെട്ട അസീസിന്റെ അടിയന്തിര പ്രമേയത്തിന് മറുപടിയായി അദേഹം പറഞ്ഞു, കഴിഞ്ഞ രണ്ടുവർഷക്കാലമായി കശുവണ്ടിത്തൊഴിലാളികളുടെ പ്രശ്നം എങ്ങനെ കൈകാര്യം ചെയ്യണം എന്നറിയാതെ പകച്ച് നിൽക്കുകയാണ് എന്ന്. രണ്ടു വർഷക്കാലമായി വളരെ ഗൗരവമായ ഈ പ്രശ്നത്തിന്റെ മുമ്പിൽ പകച്ചുനിന്ന ഒരു ഗവൺമെന്റ് ഇനി മൂന്നുവർഷക്കാലം എന്താണ് ചെയ്യാൻ പോകുന്നത് ? സർ, പരമ്പരാഗത മേഖലയിലെ തൊഴിലാളികളുടെ പ്രശ്നം അത് കശുവണ്ടി തൊഴിലാളികളായാലും കയർ തൊഴിലാളികളായാലും മൽസ്യ ബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളായാലും അവരുടെ മുമ്പിൽ പകച്ചുനിൽക്കുന്ന ഒരു ഗവൺമെന്റാണ് ഈ ഗവൺമെന്റ്. അതുപോലെ കേരളത്തിൽ പകർച്ചവ്യാധികൾ ആളിപ്പടർന്നുകൊണ്ടിരിക്കുകയാണ്. ഈ സഭ തുടങ്ങിയ സമയത്തെപ്പോലെയല്ല, അതിനേക്കാൾ ഗുരുതരമായിക്കൊണ്ടിരിക്കുകയാണ്. ഈ സഭയിൽ പലതവണ ചർച്ച ചെയ്തു. ആളിപ്പടരുന്ന പകർച്ചവ്യാധികളുടെ മുമ്പിൽ പകച്ചുനിൽക്കുന്ന ഒരു ഗവൺമെന്റാണിത്. ഇങ്ങനെ ഒരു ഗവൺമെന്റിന് അധികാരത്തിൽ തുടരാൻ എന്താണ് അവകാശം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഗുണഗണങ്ങളെക്കുറിച്ച് ഇവിടെപ്പറഞ്ഞു. പണ്ടൊക്കെ ഞങ്ങൾ പറയാറുണ്ടായിരുന്നു, സ്വന്തം ആകർഷക പൊയ്മുഖം ഉയർത്തിപ്പിടിക്കാൻ വേണ്ടി ആരെ തള്ളിപ്പറയുന്നതിനും ആരെ ഉൾക്കൊള്ളുന്നതിനും മടിയില്ലാത്ത ആളാണ് മുഖ്യമന്ത്രിയെന്ന്. കഴിഞ്ഞ രണ്ടു വർഷത്തെ അനുഭവമെന്താണ് ? അധികാരത്തിൽ തുടരുന്നതിനുവേണ്ടി ആരെ തള്ളിപ്പറയുന്നതിനും ആരെ ഉൾക്കൊള്ളുന്നതിനും മൗനം പാലിക്കുന്നതിനും മടിയില്ല. കോൺഗ്രസ് പാർട്ടിയുടെ നേട്ടത്തെക്കുറിച്ചു പറഞ്ഞു, നമ്മൾ സഹോദരൻമാർ തമ്മിൽ അടി, ആരുടേയും പേരിൽ കേസ് എടുക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ നടപടിയെടുക്കുന്നതിനെക്കുറിച്ചാണ് ആക്ഷേപം., കാരണം എന്താണെന്നുപറഞ്ഞാൽ അധികാരത്തിൽ തുടർന്ന് കൊള്ളമുതൽ പങ്കിടാൻ കലഹിക്കുക., എന്നിട്ട് വീണ്ടും കൊള്ളയടിക്കാൻ യോജിക്കുക, ആ സമീപനമാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. പ്രതിപക്ഷം സഹകരിക്കണമെന്നാണ് പറയുന്നത്. ഈ ഗവൺമെന്റിന് പ്രതിച്ഛായ നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ ഈ ഗവൺമെന്റിന് പരിപാടികൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നില്ലായെങ്കിൽ അതിന്റെ ഉത്തരവാദിത്വം ഭരണമുന്നണിയും കോൺഗ്രസ് പാർട്ടിയും തമ്മിലടിയായതുകൊണ്ടാണ്. ഇവിടെ വികസന പ്രവർത്തനങ്ങളിൽ തടസ്സം നിൽക്കുന്നു എന്നാണ് പറയുന്നത്. എന്റെ സുഹൃത്ത് ശ്രീ. ഉമ്മൻ ചാണ്ടി കേരള രക്ഷായാത്ര നടത്തി കേരളത്തിലുടനീളം അദ്ദേഹം നടത്തിയ പ്രസംഗങ്ങൾ ഞങ്ങൾ ശ്രദ്ധിച്ചു. ഈ ഗവൺമെന്റിന്റെ ഏതെങ്കിലും ഒരു വികസനപ്രവർത്തനത്തെ പ്രതിപക്ഷം തടസ്സപ്പെടുത്തിയെന്ന് ഒരിടത്തും അദ്ദേഹത്തിന് പറയാൻ കഴിഞ്ഞിട്ടില്ല. ആരോഗ്യ മേഖലയിൽ, വിദ്യാഭ്യാസ മേഖലയിൽ ഒക്കെ ഒളിച്ചോടിക്കൊണ്ടിരിക്കുന്ന ഒരു ഗവൺമെന്റാണിത്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, തികഞ്ഞ അഭിമാനബോധത്തോടെ അളവറ്റ സന്തോഷത്തോടുകൂടിയാണ് ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നത്. പിടിപ്പുകെട്ട ഒരു ഗവൺമെന്റ് 5 വർഷം ഭരിച്ചുമുടിച്ച ഈ സംസ്ഥാനത്തെ കരകയറ്റാനും ദുരിതത്തിൽനിന്നും ജനങ്ങളെ മോചിപ്പിക്കുവാനും. പുരോഗതിയുടെ, വളർച്ചയുടെ പാതയിലേയ്ക്ക് അവരെ നയിക്കുവാനും ഈ ഗവൺമെന്റിന് കഴിഞ്ഞിരിക്കുന്നു. അതുകൊണ്ടാണ് ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കാൻ എനിക്ക് വളരെയേറെ സന്തോഷം തോന്നുന്നത്. കേരള സംസ്ഥാനത്തിന്റെ ഭരണം ഈ ഗവൺമെന്റ് ഏറ്റെടുക്കുന്ന സമയത്ത് ഇവിടത്തെ അവസ്ഥ എന്തായിരുന്നു എന്ന് നമുക്കെല്ലാപേർക്കും അറിയാം. കാലിയായ ഖജനാവ്, തകർച്ചയുടെ നെല്ലിപ്പടി കണ്ട കാർഷിക മേഖല, വളർച്ച മുരടിച്ച വ്യവസായ മേഖല, ആകെ താറുമാറായിക്കഴിഞ്ഞിരുന്ന വിദ്യാഭ്യാസ മേഖല. ഐക്യജനാധിപത്യമുന്നണി ഭരണമേറ്റെടുക്കുന്ന സമയത്ത് ഇവിടത്തെ ഭരണം ഒരു മുൾക്കിരീടമായിരുന്നു. പക്ഷേ, കേരള സംസ്ഥാനത്തെ ജനങ്ങൾ അവരോട് ദ്രോഹം ചെയ്ത ഭരണകൂടത്തെ തകർത്തെറിഞ്ഞ്, ഈ സംസ്ഥാനത്തെ നേർവഴിയിലേയ്ക്ക് കൊണ്ടുപോകാൻ, പുരോഗതിയിലേയ്ക്ക് നയിക്കാൻ ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റിനെ ഭരണം ഏൽപ്പിച്ചു. ആ ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട്, ഇവിടെ പ്രതിപക്ഷത്തിന്റെ തടസ്സങ്ങളും ഏറെ പ്രതിബന്ധങ്ങളും പ്രയാസങ്ങളും ഉണ്ടായിട്ടും, മുന്നോട്ടുപോകാൻ ഈ ഗവൺമെന്റിന് സാധിച്ചു. ഇന്ന് സ്ഥിതിഗതികൾ എത്ര മാറി. കാർഷിക മേഖലയുടെ പച്ചക്കിനാവുകൾ പൂത്തുകൊണ്ടിരിക്കുകയാണ്. കാർഷിക മേഖലയുടെ ഹരിതവൽക്കരണത്തെക്കുറിച്ച് നിങ്ങൾക്കറിയില്ലേ ? വ്യവസായ രംഗത്ത് വളർച്ചയ്ക്കുള്ള സാഹചര്യം ഒരുങ്ങുകയാണ്. ഒരു കുതിച്ചുചാട്ടമാണ് വ്യവസായ രംഗത്ത് ഉണ്ടാകുന്നത്. "ജിമ്മി"ലൂടെ വ്യവസായത്തിന് പറ്റിയ സംസ്ഥാനമെന്ന്, നിക്ഷേപസൗഹൃദ സംസ്ഥാനമെന്ന് കേരളം തെളിയിച്ചു കഴിഞ്ഞു. അതുപോലെതന്നെ ഐ.റ്റി. മേഖലയിലുണ്ടായ വികസനം.

LIBRARY ARCHIVES Kerala Legislative Assembly

''അക്ഷയ'' പദ്ധതിയെക്കുറിച്ച് ഒന്നുരണ്ട് വാക്ക് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ലോകത്താദ്യമായി നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് അക്ഷയ. അത് മലപ്പുറത്ത് പൈലറ്റ് പ്രോജക്ടായി നടപ്പിലാക്കുകയാണ്. സാക്ഷരതാ പ്രവർത്തനങ്ങൾക്കുശേഷം രണ്ടാമതൊരു കംപ്യൂട്ടർ ലിറ്ററസി പ്രോഗ്രമായിട്ടാണ് അത് നടപ്പിലാക്കുന്നത്. ഒരു വലിയ വിപ്ലവം. ലോകത്തിന്റെ മുഴുവൻ ശ്രദ്ധയും പിടിച്ചുപറ്റിയ ഒരു പദ്ധതി. ഇന്ന് ഉന്നത വിദ്യാഭ്യാസ രംഗത്ത് ഒരുപാട് സൗകര്യങ്ങളുണ്ട്. സ്വാശ്രയ കോളേജുകളുണ്ട്. എനിക്കറിയാം, കുറേയേറെ ആശങ്കകൾ നമുക്കെല്ലാമുണ്ട്. സുപ്രീം കോടതി വിധിയുടെ വെളിച്ചത്തിൽ ചില ബുദ്ധിമുട്ടുകൾ നമുക്കുണ്ടായി. സുപ്രീംകോടതി വിധി പിടിച്ച് ഒന്നുരണ്ട് മാനേജുമെന്റുകൾ സാമൂഹ്യപ്രതിബദ്ധതയില്ലാതെ കടുംപിടിത്തം പിടിക്കുന്നുണ്ട്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഒരു പോയിന്റ് ഓഫ് ഓർഡറുണ്ട്. സർ, ഹാൻഡ് ബുക്കനുസരിച്ച് ഒരംഗം സംസാരിക്കുമ്പോൾ സ്പീക്കറുടെ നേരെ നോക്കി സംസാരിക്കണം. ഇദ്ദേഹം പ്രതിപക്ഷത്തിന് നേരെയാണ് നോക്കുന്നത്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : ഞാൻ അങ്ങയുടെ നേരെ തന്നെയാണ് നോക്കുന്നത്.

മി. സ്പീക്കർ: ചട്ടം അനുസരിച്ച് അഡ്രസ് ചെയ്യേണ്ടത് സ്പീക്കറെയാണ്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : വിദ്യാഭ്യാസ രംഗത്ത് സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്ന സദുദ്ദേശമാണുണ്ടായിരുന്നത്. ഉന്നത വിദ്യാഭ്യാസരംഗത്ത് പ്ലസ് 2 കഴിഞ്ഞ 13 ശതമാനം പേർക്ക് മാത്രമേ മുൻപ് സൗകര്യമുണ്ടായിരുന്നുള്ളു. ഇന്ന് ഉന്നതവിദ്യാഭ്യാസത്തിനുവേണ്ടി കർണ്ണാടകയിലും തമിഴ്നാട്ടിലുമൊന്നും അലയേണ്ട, കേരളത്തിൽ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഏറ്റവും വലിയ വിപ്ലവമാണ് ഞങ്ങൾ നടത്തിയത്. ഇവിടെത്തന്നെ വിദ്യാഭ്യാസം അഭ്യസിക്കുന്നതിനുള്ള സാഹചര്യമുണ്ടായി. ഹരിത വിപ്ലവത്തിനുശേഷം കേരളത്തിന്റെ വികസന രംഗത്ത് മറ്റൊരു വിപ്ലവം കാണുകയാണ്; വിദ്യാഭ്യാസ വിപ്ലവം. അതംഗീകരിക്കാൻ രാഷ്ട്രീയമായി തിമിരം ബാധിച്ച പ്രതിപക്ഷത്തിന് കഴിഞ്ഞെന്ന് വരില്ല. സാമ്പത്തിക പ്രയാസത്തിൽനിന്ന് കരകയറുകയാണ്. ഈ കാര്യങ്ങൾ ഈ സഭയിലെ ആളുകൾ വിശദമായി പറഞ്ഞതുകൊണ്ട് ഞാനതിലേക്ക് കടക്കുന്നില്ല. എന്നാൽ ഈ നേട്ടങ്ങൾ കാണാൻ ഇവർ തയ്യാറാകുന്നില്ല. എന്നിട്ടും ഇവർ വിമർശിക്കുകയാണ്. ഇവരുടെ വിമർശനം കാണുമ്പോൾ എനിക്ക് ഓർമ്മ വരുന്നത് വിശ്വപ്രസിദ്ധനായ നാടകകൃത്ത് ഷേക്സ്പിയറിന്റെ ഒഥല്ലോയിലെ ഇയാഗോയെയാണ്. മറ്റൊരു കഥാപാത്രമായ കാസിയോവിനോട് തനിക്ക് എന്തുകൊണ്ടാണ് വിദ്വേഷമുള്ളതെന്ന് വ്യക്തമാക്കുന്നുണ്ട്. He hath a daily beauty of which I am ugly. എനിക്കില്ലാത്ത ഒരു നിത്യ സൗന്ദര്യം അയാൾക്കുണ്ട്. ഇവർക്കില്ലാത്ത നിത്യ സൗന്ദര്യം, നിതാന്ത സൗന്ദര്യം ശ്രീമാൻ എ.കെ. ആന്റണിയുടെ ഗവൺമെന്റിനുണ്ട്. ഇവർക്ക് ചെയ്യാൻ കഴിയാത്ത മഹത്തായ കാര്യങ്ങൾ ശ്രീ. എ. കെ. ആന്റണി ചെയ്തിട്ടുണ്ട്. അതുകൊണ്ടുള്ള അസൂയകൊണ്ടാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ തകർത്തെറിഞ്ഞ സംസ്ഥാനത്തെ പുനർനിർമ്മിക്കാനുള്ള ശ്രമങ്ങൾ നടത്തുമ്പോൾ അതിന് തടസ്സമുണ്ടാക്കുകയാണ്. പുരോഗമനപരമായ നടപടികളെ ഇവർ എന്നും എതിർത്തിട്ടുണ്ട്. കാർഷിക രംഗത്തെ മെക്കനൈസേഷനെ എതിർത്തു. ടി.വി. തോമസിന്റെ വ്യവസായ സ്വപ്നങ്ങളെ എതിർത്തു. എന്നും അത്താഴം മുടക്കുന്ന നീർക്കോലികളാകാനുള്ള നിയോഗമാണിവർ ഏറ്റെടുത്തിട്ടുള്ളത്. ജനാധിപത്യഭരണ വ്യവസ്ഥയിൽ ജനങ്ങളാണ് പരമാധികാരികൾ. നമുക്ക് ആ രീതിയിലേയ്ക്ക് ആക്കിയെടുക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ഒരുപാട് ഭരണപരിഷ്ക്കാര കമ്മിറ്റികളുണ്ടാക്കി. ജനങ്ങളെ സംബന്ധിച്ചിടത്തോളം ഭരണവും ഭരണകൂടവും എന്നും അകലത്തിലും ഉയരത്തിലുമാണ്. നമ്മൾ അധികാരവികേന്ദ്രീകരണം നടത്തി. ഇന്നും ഇൻഡ്യയിലെ ജനങ്ങൾക്ക് 5 കൊല്ലം കൂടുമ്പോൾ ഒരാളെ വോട്ട് ചെയ്തെടുക്കാനും, അതുപോലെ അധികാര വികേന്ദ്രീകരണത്തിലൂടെ ഗ്രാമസഭകളിൽ പങ്കെടുക്കാനുമുള്ള അധികാരം മാത്രമാണുള്ളത്. ശ്രീലങ്കൻ പത്രപ്രതിനിധി വിറ്റാച്ചി ഒരിക്കൽ ജവഹർലാൽ നെഹ്റുവിനോട് ചോദിച്ചു, എന്താണങ്ങയുടെ ദുഃഖം ? കൊളോണിയൽ പാർട്ടിയിൽനിന്ന് ഇന്ത്യയെ മാറ്റിയെടുക്കാൻ കഴിഞ്ഞില്ല. ഈ അവസരം ഉപയോഗിച്ച് ഭരണ നവീകരണത്തിന് വേണ്ടിയുള്ള ശ്രമങ്ങൾ നടത്തുകയാണ്. പീപ്പിൾസ് ഫ്രണ്ട്ലി ആക്കണം. റെസ്പോൺസീവാക്കണം. റെസ്പോൺസിബിലിറ്റി ഭരണമായി മാറ്റിയെടുക്കേണ്ടതുണ്ട്. ജനങ്ങൾക്ക് അക്സസ് ഉണ്ടാക്കണം. അതിനാൽ ഈ ഗവൺമെന്റിന്റെ ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

ശ്രീ. പി. സി. ജോർജ് : സർ, സാങ്കേതികമായി ഭൂരിപക്ഷമുണ്ടെങ്കിൽപ്പോലും, നിഷ്പക്ഷമായി വിലയിരുത്തുമ്പോൾ ഭൂരിപക്ഷമില്ലാത്ത ഒരു മുഖ്യമന്ത്രി സഭയിൽ അവതരിപ്പിച്ചിരിക്കുന്ന ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കാൻ എനിക്ക് കഴിയില്ല, ഞാൻ എതിർക്കുന്നു. 1970-ൽ ഒരു എ.കെ. ആന്റണി ഈ സംസ്ഥാനത്തുണ്ടായിരുന്നു. 1970 കളിലും 1980 കളിലുമുണ്ടായിരുന്ന ആന്റണി മരിച്ചു പോയി എന്നതാണ് ഇന്ന് കേരളത്തിലെ ജനങ്ങളെ ദുഃഖിപ്പിക്കുന്നത്. 2000 മുതൽ ആന്റണി ഏത് സമ്മർദ്ദത്തിനും കീഴ്പ്പെടാൻ തയ്യാറുള്ളവനും ഏത് അഡ്ജസ്റ്റ്മെന്റിനും തയ്യാറുള്ളവനുമായി മാറിയിരിക്കുന്നു എന്ന ദുഃഖകരമായ കാര്യം പറയാതിരിക്കാൻ കഴിയില്ല. ഗുജറാത്ത് തെരഞ്ഞെടുപ്പിൽ കോൺഗ്രസിനുണ്ടായ കുഴപ്പത്തിന് കാരണം നമുക്കറിയാം. ഇന്ത്യൻ പത്രങ്ങൾ എഴുതി. ഹിന്ദു പീഡന നയത്തിൽ ബി.ജെ.പി. (ബി) ടീമായി കോൺഗ്രസ് മാറിയതാണ് പരാജയത്തിന് കാരണം. കേരള സംസ്ഥാനത്തെ കാര്യങ്ങളെടുത്തു പരിശോധിക്കുമ്പോൾ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സമീപനങ്ങൾ പരിശോധിക്കുമ്പോൾ കേരള സർക്കാർ കോൺഗ്രസ് പാർട്ടിയല്ല. ഈ ഗവൺമെന്റ് തന്നെ ബി.ജെ.പി.യുടെ ബി. ടീം ആയി മാറിയില്ലേ എന്ന് എനിക്ക് സംശയം തോന്നി. മാറാട് സംഭവം. കേരളത്തിലെ ഏറ്റവും പ്രഗൽഭനായ മന്ത്രി കുഞ്ഞാലിക്കുട്ടിയും മറ്റ് മന്ത്രിമാരുംകൂടി ഉണ്ടായിട്ടും ബി.ജെ.പി.യുടെ നിർബന്ധത്തിന് വഴങ്ങി മാറാട് സന്ദർശിക്കാൻ അന്ന് ഇവർ ഇല്ലാതെ പോകേണ്ട ഗതികേട് ഉണ്ടായി. അതുപോലെ അയ്യപ്പൻ കോവിൽ

LIBRARY ARCHIVES Kerala Legislative Assembly

ക്ഷേത്രനിർമ്മാണം, റവന്യൂ ഡിപ്പാർട്ടുമെന്റിന്റേയും പോലീസ് ഡിപ്പാർട്ടുമെന്റിന്റേയും അനുവാദം ഇല്ലാതെ എങ്ങനെ അവിടെ അമ്പലം നിർമ്മിക്കാൻ കഴിഞ്ഞു. കേരളത്തിലെ മുഖ്യമന്ത്രി അറിഞ്ഞിട്ടില്ല. മുഖ്യമന്ത്രി അറിയാതെ എങ്ങനെ അവിടെ ക്ഷേത്രനിർമ്മാണമുണ്ടായി ? അവിടെ വെള്ളം പൊങ്ങിക്കഴിഞ്ഞാൽ ക്ഷേത്രത്തിൽ പ്രവേശിക്കാൻ കഴിയുമോ ? ഇവിടത്തെ വൈദ്യുതിലഭ്യതയിൽ ഏറ്റവും വലിയ കുഴപ്പമാക്കി തീർത്തു അമ്പല നിർമ്മാണം. ഞാൻ അമ്പല നിർമ്മാണത്തിനെതിരല്ല. പള്ളിയും ക്ഷേത്രവും ഉണ്ടാകട്ടേ. അവിടെത്തന്നെ അമ്പലമുണ്ടാക്കണമെന്ന് നിർബന്ധമുണ്ടോ ? തെളിവ് വച്ച് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ത്യശൂലമൊക്കെ എന്തുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അനുകൂലിക്കുന്നു. വി.എച്ച്.പി.യുടെ നേതാവ് തൊഗാഡിയയെ മറ്റ് പല സംസ്ഥാനങ്ങളിലേയും മുഖ്യമന്ത്രിമാർ അവിടെയൊക്കെ കയറ്റില്ല എന്ന തീരുമാനമെടുത്തുകൊണ്ട് മുന്നോട്ട് പോകുമ്പോൾ, തൊഗാഡിയ പറഞ്ഞത് എ.ഐ.സി.സി.ഐ.യുടെ പ്രസിഡന്റായി ശ്രീ. ആന്റണിയെ വയ്ക്കണമെന്നാണ്. എന്തുകൊണ്ട് തൊഗാഡിയ അത് പറയുന്നു. അങ്ങത് ചിരിച്ചുകൊണ്ട് കേൾക്കുന്നു. കേരളത്തിന്റെ സർക്കാരിനെത്തന്നെ ബി.ജെ.പി.യുടെ (ബി) ടീമാക്കി മാറ്റുന്ന മുഖ്യമന്ത്രി, അങ്ങ് കേരളത്തിലെ ജനങ്ങളോട് നീതി ചെയ്യുന്നില്ല എന്ന പരാതിയാണ് എനിക്കുള്ളത്. ഞാൻ ചോദിക്കട്ടെ, ഇടുക്കിയിലെ തോട്ടം തൊഴിലാളികൾ മുഴുവൻ പട്ടിണിയിലാണ്. ആലപ്പുഴയിലെ കയർത്തൊഴിലാളികൾ, കൊല്ലത്തെ കശുവണ്ടിത്തൊഴിലാളികൾ എല്ലാം പട്ടിണിയിലാണ്. കാസർകോട്ടെ അടയ്ക്കാ കൃഷിക്കാരിൽ 50 പേർ ആത്മഹത്യ ചെയ്തു. ആത്മഹത്യകൾ നിറഞ്ഞു നിൽക്കുന്ന ഒരു സ്റ്റേറ്റായി ഈ കേരളത്തെ മാറ്റിയിരിക്കുന്നു. ബീഡിത്തൊഴിലാളികൾ മുഴുവൻ പട്ടിണിയിലാണ്. എം.ടി.പി. ഭരണനവീകരണ പരിപാടിക്ക് 610 കോടി രൂപ വാങ്ങി എന്ന് പറഞ്ഞു. ഉദ്യോഗസ്ഥൻമാരുടെ മേധാവിത്വം സംസ്ഥാനത്ത് കൊണ്ടുവന്ന് ജനപ്രതിനിധികളുടെ അവകാശങ്ങളെ തകർക്കാനുള്ള കൂട്ടശ്രമമല്ലേ ഇത് ? കാരണം ചർച്ച ചെയ്യാൻ യോഗം വിളിക്കുന്നില്ല. ആ നിലയിൽ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കാൻ എനിക്ക് കഴിയില്ല, ശക്തമായി ഞാൻ എതിർക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുകയാണ്. ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നത്, രണ്ട് കൊല്ലക്കാലമായി ഈ ഗവൺമെന്റ് ചെയ്തിട്ടുള്ള നല്ല പ്രവർത്തനങ്ങൾ കൂടുതൽ തീവ്രതയോടുകൂടി മുന്നോട്ട് കൊണ്ടുപോകണമെന്നുള്ള ആഗ്രഹം കൊണ്ടാണ്. ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ഇതിന് ഖണ്ഡനോപക്ഷേപം കൊടുത്ത പ്രതിപക്ഷത്തെ രണ്ട് പ്രധാനപ്പെട്ട അംഗങ്ങളുടെ പേര് എന്റെ മുൻപിലുണ്ട്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ, അതോടൊപ്പം തന്നെ സി.പി.എം-ന്റെ പാർലമെന്ററി പാർട്ടി ചീഫ് വിപ്പ് ശ്രീ. കെ. രാധാകൃഷ്ണൻ. ഈ രണ്ട് ആളുകളും ഖണ്ഡനോപക്ഷേപത്തിൽ പറഞ്ഞിട്ടുള്ളത് സർക്കാർ ജീവനക്കാരുടെ ആനുകൂല്യങ്ങൾ വെട്ടിക്കുറച്ച ഒരു ഗവൺമെന്റാണ്, അതുകൊണ്ട് ഇത് പാസ്സാക്കാൻ കഴിയില്ലായെന്നാണ്. ഞാൻ ചോദിക്കട്ടെ, സർക്കാർ ജീവനക്കാരുടെ ആനുകൂല്യം വെട്ടിച്ചുരുക്കേണ്ട ഒരു

LIBRARY ARCHIVES Kerala Legislative Assembly

സാഹചര്യമുണ്ടായിരുന്നു. പക്ഷേ കഴിഞ്ഞ 11-ാം തീയതി ഗവൺമെന്റ് സർക്കാർ ജീവനക്കാരുമായി ചർച്ച ചെയ്ത് അവരുടെ പ്രശ്നത്തിന് ഏറെക്കുറെ പരിഹാരമുണ്ടാക്കിയെന്നാണ് എൻ.ജി.ഒ യൂണിയന്റെ പ്രസിഡന്റ് ശ്രീ. വരദരാജൻ പോലും പറയുന്നത്. ഇനി ഇപ്പോൾ ഖണ്ഡനോപക്ഷേപത്തിന്റെ തർക്കം നിലനിൽക്കില്ലല്ലോ ? ശ്രീ. കെ. രാധാകൃഷ്ണൻ പറയുന്നത്, ഇവിടെ എ.ഡി.ബി. വായ്പ എടുക്കുന്നതിന് വേണ്ടി ഈ ഗവൺമെന്റ് ശ്രമിച്ചുവെന്നാണ്. കഥയറിയാതെ ആട്ടം കാണാൻ ആർക്കെങ്കിലും കഴിയുമോ ? എ.ഡി.ബി വായ്പയ്ക്ക് വേണ്ടി ശ്രമിച്ചത് ഞങ്ങളാണോ ? എ.ഡി.ബി വായ്പ തരാമെന്ന് പറഞ്ഞത് ഞങ്ങളോടാണോ ? എ.ഡി.ബി വായ്പയ്ക്കുള്ള വ്യവസ്ഥകൾ ഉണ്ടാക്കിയത് ഞങ്ങളാണോ ? എ.ഡി.ബി വായ്പ ലഭിച്ച സമയത്തുള്ള ഗവൺമെന്റ് ഞങ്ങളാണ് എന്നുള്ളത് സത്യമാണ്. ശ്രീ. രാധാകൃഷ്ണൻ പറഞ്ഞതാണ് സത്യമെങ്കിൽ മാർക്സിസ്റ്റ് പാർട്ടിക്ക് അകത്തുള്ള തർക്കമാണ് ഇതിനെ എതിർക്കാനുള്ള പ്രധാന കാരണമെന്നുള്ള നിഗമനത്തിൽ വന്നുചേരേണ്ടി വരും. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നു, ഞങ്ങൾ ചില പുതിയ പരീക്ഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ എത്രയോ കാലമായി വന്നിട്ടുള്ള ഗവൺമെന്റുകൾ ആവർത്തനചുവയോടു കൂടിയ പരിപാടികൾ നടപ്പിലാക്കി അതെല്ലാം അപമാനകരമായ രൂപത്തിൽ പൊളിഞ്ഞുപോയപ്പോൾ ഈ പുതിയ നൂറ്റാണ്ടിന്റെ ആദ്യത്തെ അംശത്തിൽ അധികാരത്തിൽ വരാൻ കഴിഞ്ഞ ഗവൺമെന്റ് പുതിയ ചില പരീക്ഷണങ്ങൾ നടത്തി കേരളത്തെ രക്ഷിക്കുന്നതിന് വേണ്ടി ശ്രമിക്കുകയാണ്. ഞാൻ കേരളത്തിന്റെ മുഖ്യമന്ത്രിയോട് ഒരിക്കൽ കൂടി ആവർത്തിക്കുന്നു, നമ്മുടെ ലാസ്റ്റ് ബസാണ്, ഈ ബസ് മിസ്സ് ചെയ്യാൻ ഇടയാകരുത്. പ്രതിപക്ഷത്തുള്ള നമ്മുടെ പ്രിയപ്പെട്ട ശ്രീ. പിണറായി വിജയൻ കേരളത്തിലെ മാർക്സിസ്റ്റ് പാർട്ടിയുടെ പ്രഗൽഭനായ നേതാവാണ്. അദ്ദേഹം പറയുന്നു, ഇത് ലാസ്റ്റ് ബസ്സല്ല ഫസ്റ്റ് ബസാണ്, ഈ ബസ് അങ്ങനെ പോകാൻ ഞങ്ങൾ സമ്മതിക്കില്ല എന്നാണ് പറയുന്നത്. ഈ ബസ് അങ്ങനെ പോകണ്ടേ ? ഈ ഗവൺമെന്റ് അധികാരത്തിൽ വന്നു കഴിഞ്ഞപ്പോൾ ഈ ഗവൺമെന്റ് ചില മാറ്റങ്ങൾ സാമ്പത്തിക രംഗത്ത് വരുത്തിയിട്ടുണ്ട്. ഹൈടെക് ഗവൺമെന്റായി ഇത് മാറിയാൽ അതിൽ അത്ഭുതപ്പെടേണ്ട കാര്യമില്ല. ഹൈടെക് ഗവൺമെന്റായി ഇതുമാറണം. കാരണം ഹൈടെക് യുഗത്തിൽ നമ്മൾ നിൽക്കുന്നു എന്നുള്ളതു കൊണ്ടുതന്നെ. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഞങ്ങൾ വാചകങ്ങളിൽ പറയുന്നതല്ല, പ്രവൃത്തിയിൽ കാണിച്ച ചില നേട്ടങ്ങളുണ്ട്. ഒന്ന്, റവന്യൂ വരുമാനം വർദ്ധിച്ചിട്ടില്ലേ ? നിങ്ങളുടെ ഗവൺമെന്റിന്റെ 2000-01-ലെ അവസാനത്തെ ബഡ്ജറ്റ് അവതരിപ്പിച്ച കാലഘട്ടത്തിൽ റവന്യൂ വരുമാനം 8,730 കോടി രൂപയായിരുന്നത് ഞങ്ങൾ 2002-03-ൽ 11,451 കോടി രൂപയാക്കി മാറ്റി. നിങ്ങളേക്കാൾ 2,727 കോടി രൂപയുടെ വർദ്ധനവ് ഉണ്ടാക്കിയിട്ടില്ലേ ? സംസാരിക്കുന്ന കണക്കുകളാണ് നമ്മുടെ മുൻപിലുള്ളത്. ടാക്സ് വരുമാനം വർദ്ധിച്ചില്ലേ ? നിങ്ങളുടെ കാലത്ത് 5,850 കോടി ഉണ്ടായിരുന്നത് ഈ കഴിഞ്ഞ വർഷം 7,403 കോടി രൂപയാക്കി. 1,553 കോടി രൂപയുടെ വർദ്ധനവ് ടാക്സ് കളക്ഷൻ ഇനത്തിൽ ഉണ്ടായില്ലേ ? നോൺ ടാക്സ് റവന്യൂവിൽ വർദ്ധനവ്

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിട്ടുണ്ട്. 77 കോടി രൂപ പഴയതിനേക്കാൾ നോൺ ടാക്സിൽ വർദ്ധനവുണ്ടായിട്ടുണ്ട്. നിങ്ങൾ കേന്ദ്ര വിരുദ്ധ മുദ്രാവാക്യങ്ങൾ വിളിച്ച് സമരങ്ങൾ നടത്തുകയുണ്ടായി. നിങ്ങൾ ഞങ്ങളെക്കുറിച്ച്, ശ്രീ. പി.സി. ജോർജ്ജ് വരെയുള്ള ആളുകൾ ഞങ്ങളെ ഏതാണ്ട് 'ബി' ടീം, 'എ' ടീം, 'സി' ടീം എന്ന് ടീം തിരിക്കാൻ ശ്രമിക്കുകയാണ്. നിങ്ങൾ ടീം എന്നോ എന്ത് വേണമെങ്കിലും പറഞ്ഞോ, നിങ്ങൾ ഞങ്ങളെ എന്ത് ആക്ഷേപം വേണമെങ്കിലും നടത്തിക്കോളൂ. പക്ഷേ 5 കൊല്ലക്കാലത്തിനുള്ളിൽ കേരള സംസ്ഥാനത്തെ വികസന പ്രവർത്തനത്തിന് കേന്ദ്ര ഗവൺമെന്റിന്റെ പിൻതുണ ഉറപ്പുവരുത്തേണ്ടത് ഈ സംസ്ഥാനത്തെ സ്നേഹിക്കുന്ന ഒരു ഗവൺമെന്റിന്റെ ഉത്തരവാദിത്വമല്ലേ ? ആ ഉത്തരവാദിത്വം സത്യസന്ധമായി ഞങ്ങൾ നിറവേറ്റിയപ്പോൾ നിങ്ങൾക്കുണ്ടായിരുന്നതിനേക്കാൾ കൂടുതൽ 3,310 കോടി രൂപ ഞങ്ങൾക്ക് മൊത്തത്തിൽ കേന്ദ്ര വിഹിതം കിട്ടി. നിങ്ങൾക്ക് കിട്ടിയതിനേക്കാൾ 1,109 കോടി രൂപ വർദ്ധനവുണ്ട് എന്നുള്ള സത്യം മറക്കാൻ കഴിയുമോ. കടത്തിന്റെ കാര്യത്തിലും മാറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്ലാൻ എക്സ്പെൻഡിച്ചറിൽ ഞങ്ങൾക്ക് മാറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. റവന്യൂ ഡെഫിസിറ്റിൽ ഞങ്ങൾക്ക് മാറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. റവന്യൂ ഡെഫിസിറ്റ് നിങ്ങളുടെ കാലത്ത്, 2000-01-ൽ 3,147 കോടി രൂപയായിരുന്നത് 2002-03-ൽ 1,898.67 കോടി രൂപയായി മാറ്റാൻ ഗവൺമെന്റിന് കഴിഞ്ഞു. ഇതൊക്കെ സംസാരിക്കുന്ന കണക്കുകളാണ്. ഈ ജീവിക്കുന്ന കണക്കുകൾ നിശ്ചലമാക്കാൻ നിങ്ങൾക്ക് കഴിയുമോ ? കേരളത്തിൽ ആർക്കെങ്കിലും ഇത് കണ്ടില്ലെന്ന് നടിച്ചുകൊണ്ട് മുന്നോട്ട് പോകാൻ കഴിയുമോ ? ഹൈടെക് യുഗത്തെക്കുറിച്ച് നിങ്ങൾ പറഞ്ഞു. ഹൈടെക് സമീപനം എടുക്കാത്ത ലോകത്തെ ഏതെങ്കിലും രാജ്യമുണ്ടോ ? ഹൈടെക് സമീപനം എടുക്കാത്ത സംസ്ഥാനം ഈ രാജ്യത്ത് ഏതെങ്കിലുമുണ്ടോ ? പ്രത്യയശാസ്ത്രപരമായി നമ്മൾ ഉയർന്ന് അതിന്റെ കാർക്കശ്യം വച്ച് നോക്കാതെ വന്നാൽ ഇൻഡ്യയിൽ ഹൈടെക് സമീപനം എടുക്കാത്ത ഏത് സംസ്ഥാനമാണുള്ളത് ? അത് പശ്ചിമബംഗാൾ ഉൾകൊള്ളുന്നില്ലേ ? ഇടതുപക്ഷ പാർട്ടികൾ ഭരിച്ചുകൊണ്ടിരിക്കുന്ന സംസ്ഥാനങ്ങൾ ഉൾകൊള്ളുന്നില്ലേ ? കോൺഗ്രസിതര ഗവൺമെന്റുകൾ ഭരിക്കുന്ന സംസ്ഥാനങ്ങളിലില്ലേ ? കോൺഗ്രസ് ഗവൺമെന്റിന് നേതൃത്വം കൊടുത്തുകൊണ്ടിരിക്കുന്ന ഞങ്ങൾ ഹൈടെക് സമീപനം എടുത്തതിനെ മാത്രം നിങ്ങൾ വിമർശിക്കുന്നത് "ക്ഷീരമുള്ളോരകിടിൻ ചുവട്ടിൽ ചോര തന്നെ കൊതുകിന് കൗതുകം" എന്നുള്ള സമീപനം എടുത്ത ജോർജ്ജിന് ഈ ആപ്തവാക്യം ശരിയായി വരും. ഞാൻ അങ്ങയെ വിമർശിക്കാനില്ല. ഞങ്ങൾ ചില കാര്യങ്ങൾ ചെയ്യുന്നുണ്ട്. ഇവിടെ പറഞ്ഞു, ഐ.റ്റി.യുടെ കാര്യം. ഐ.റ്റി നമുക്ക് ഇനിയും എക്സ്റ്റൻഡ് ചെയ്യണം. ഒരു ടെക്നോപാർക്ക് കൊണ്ട് മാത്രം നിൽക്കാൻ സാദ്ധ്യമല്ല. ആ നിലവാരത്തിൽ കേരളത്തിലൊട്ടാകെ മാറ്റങ്ങൾ വരുത്തുന്നതിന് വേണ്ടി നമ്മൾ ശ്രമിക്കണം. നമ്മുടെ 'അക്ഷയ' പദ്ധതി തിരുവനന്തപുരം, മലപ്പുറം ജില്ലയിൽ മാത്രമല്ല മറ്റ് ജില്ലകളിൽ കൂടി വ്യാപിപ്പിക്കണം. അങ്ങനെ വിപുലമായ മേഖലയിലേയ്ക്ക് നമുക്ക് ഇത് കൊണ്ടുപോകാൻ കഴിയണം. അതിനുവേണ്ടിയുള്ള പരിശ്രമത്തിന് നിങ്ങൾ ഈ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിനെ സഹായിക്കണ്ട, പക്ഷേ ദ്രോഹിക്കാതിരുന്നുകൂടേ ? നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത് എന്താണ്? നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത് രണ്ട് സമീപനമാണ്. നിങ്ങളുടെ ഇരട്ട മുഖം കേരളത്തിലെ ജനങ്ങൾ കണ്ട് മടുത്തുകഴിഞ്ഞിരിക്കുന്നു. നിങ്ങൾ വികസനം നടക്കുന്ന സ്ഥലത്ത് ഉൽഘാടനം നടത്തുമ്പോൾ വികസന പ്രവർത്തനത്തെ വാനോളം പുകഴ്ത്തി പ്രസംഗിക്കും എന്നിട്ട് വികസന പ്രവർത്തനത്തെ ഒരു അണു പോലും മുന്നോട്ട് പോകാൻ കഴിയാത്ത വിധത്തിൽ കേരളത്തെ ശ്വാസംമുട്ടിക്കുന്ന സമരം നടത്തുകയാണ്. ഇത് ശരിയാണോ ? ഈ സമീപനം മാറണം. ഒരു ഗവൺമെന്റിൽ നിന്ന് ജനത ആഗ്രഹിക്കുന്നതെന്താണ് ? ഒരു ഗവൺമെന്റ് വന്നുകഴിഞ്ഞാൽ ആ ഗവൺമെന്റിൽ നിന്ന് ജനത ആഗ്രഹിക്കുന്നത് ജനങ്ങളെ എല്ലാവരെയും സമഭാവനയോടുകൂടി കാണുന്ന ഗവൺമെന്റ് ആയിരിക്കണം എന്നാണ്. ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് രാഷ്ട്രീയ വൈരൃം വച്ചുകൊണ്ട് ആളുകളെ ബോധപൂർവ്വമായി തരംതിരിച്ചു എന്നുള്ള ആക്ഷേപം ആർക്കെങ്കിലുമുണ്ടോ ? ഞങ്ങൾ ആ സമീപനമല്ല എടുക്കുന്നത്. ഞങ്ങൾ കേരളത്തിലെ മൂന്ന് കോടി ജനതയെയും ഒരുപോലെ കാണുന്നു. വോട്ട് ചെയ്യുന്ന സന്ദർഭത്തിൽ ഒരുപക്ഷേ അവർ രണ്ട് ചേരിയിൽ നിന്നിരിക്കാം. പക്ഷേ അവർ കേരളത്തിന്റെ മക്കളാണ്. അവർ കേരളത്തിലെ പൗരൻമാരാണ്. അവർ ഈ മണ്ണിൽ ജനിച്ചവരാണ്. അവർക്ക് ഈ മണ്ണിൽ ജീവിക്കാൻ അവകാശമുണ്ട്. അവരെ കൊടിയുടെയും പ്രത്യയശാസ്ത്രത്തിന്റെയും പേര് പറഞ്ഞ് പാവപ്പെട്ടവർക്കുള്ള അവകാശം ചവിട്ടി മെതിക്കാൻ ഒരിക്കലും ഐക്യജനാധിപത്യമുന്നണിയെപ്പോലുള്ള വിപുലമായ രാഷ്ട്രീയ നേതൃത്വമുള്ള ഒരു ഭരണത്തിന് കഴിയില്ല. ഒരു ഗവൺമെന്റിനെക്കുറിച്ച് വിലയിരുത്തുമ്പോൾ സ്വാഭാവികമായും കഴിഞ്ഞ ഗവൺമെന്റ് എന്താണ് എന്നുള്ളതിനെക്കുറിച്ച് ഒരു താരതമ്യപഠനം വരില്ലേ ? ശ്രീ. നായനാരുടെ നേതൃത്വത്തിലുള്ള കഴിഞ്ഞ ഗവൺമെന്റിന് extra constitutional centre of power ഉണ്ടായിരുന്നില്ലേ ? ഭരണഘടനയ്ക്ക് അതീതമായ ചില കേന്ദ്രങ്ങൾ ഈ ഭരണത്തെ നിയന്ത്രിച്ചിരുന്നുവെന്ന ആക്ഷേപം വന്നു. സെക്രട്ടേറിയറ്റിലെ ഫയലുകൾ ഞങ്ങൾ സെക്രട്ടേറിയറ്റിലേയ്ക്ക് തന്നെ മടക്കി വിളിച്ചോ ? സെക്രട്ടേറിയറ്റിലെ ഫയലുകൾ പറന്നുപോയ വഴി നിങ്ങൾക്കറിയില്ലേ ? ഞാൻ ആ സ്ഥലത്തിന്റെ പേരും മേൽവിലാസവും പറയണമോ? പ്രശസ്തനായ സ്വാതന്ത്ര്യ സമരസേനാനി, ഈ കേരളത്തിൽ തന്നെ പ്രശസ്തിയുണ്ടാക്കി തന്ന പൂർവ്വകാല കമ്മ്യൂണിസ്റ്റ് നേതാവ് ശ്രീ. എ.കെ.ജി.യുടെ പേരിലുള്ള ആ സ്ഥാപനത്തെ ഞാൻ വലിച്ചിഴയ്ക്കാൻ ആഗ്രഹിക്കാത്തതുകൊണ്ട് ഞാൻ ആ പേര് പറയുന്നില്ല. പക്ഷേ സെക്രട്ടേറിയറ്റിലെ ഫയലുകൾ ഏത് വഴിക്ക് പോയിയെന്ന് നിങ്ങൾക്കറിയില്ലേ? ഈ ഗവൺമെന്റ് പാളം തെറ്റിയ ഭരണത്തെ പാളത്തിൽ തന്നെ കൊണ്ടുവന്നു. ഡീറെയിൽഡായിരുന്നു. ഭരണത്തിന്റെ റെയിലിലേയ്ക്ക് കൊണ്ടുവരാൻ ഞങ്ങൾക്ക് കഴിഞ്ഞു. ആ എക്സ്ട്രാ കോൺസ്റ്റിറ്റ്യൂഷണലായിട്ടുള്ള സെന്റർ എല്ലാം ഞങ്ങൾ മാറ്റി. ഞങ്ങൾ ഈ ഗവൺമെന്റിനെ ഭംഗിയായി മുന്നോട്ട് കൊണ്ടുപോകാൻ ശ്രമിക്കുകയാണ്. ഇവിടെ പലതിനെയും കുറിച്ച് നിങ്ങൾ പറഞ്ഞല്ലോ ? ഇവിടെ ക്രമസമാധാന രംഗത്ത് ഈ ഗവൺമെന്റിന്

LIBRARY ARCHIVES Kerala Legislative Assembly

നേട്ടമല്ലെന്ന് ആർക്കെങ്കിലും പറയാൻ കഴിയുമോ ? ഓരോ ദിവസവും മനുഷ്യന്റെ തലയ്ക്ക് എന്തെങ്കിലും വിലയുണ്ടായിരുന്നോ ? മനുഷ്യന്റെ തല ദിനംപ്രതി വെട്ടി മാറ്റിക്കൊണ്ടിരുന്ന സന്ദർഭത്തിൽ നിങ്ങൾ ഈ ഗവൺമെന്റിനെ വിമർശിക്കുവാൻ കൂട്ട ആത്മഹത്യയെക്കുറിച്ച് പറഞ്ഞല്ലോ ? നിങ്ങൾ ഈ ഗവൺമെന്റിനെ വിമർശിക്കുവാൻ പറയുന്നതെന്താണ് ? കൂട്ട ആത്മഹത്യ നടക്കുന്നില്ലേ എന്നാണ്. മനുഷ്യർ മനം നൊന്ത് മരിക്കുന്നില്ലേ എന്നാണ് ? ഏതെങ്കിലും ഒരു കാലഘട്ടത്തിൽ അങ്ങനെയൊന്നും ഇല്ലാത്ത ഒരു കാലഘട്ടത്തെക്കുറിച്ച് ഈ കേരളത്തിന്റെയോ ഇൻഡ്യയുടെയോ ലോകത്തിന്റെയോ ഏതെങ്കിലും ഒരു കോണിൽ നമുക്ക് പറയാൻ കഴിയുമോ ? ആത്മഹത്യയും കൊലപാതകവും രണ്ടും രണ്ടാണ്. മനുഷ്യൻ രാഷ്ട്രീയത്തിന്റെ പേരിൽ കത്തിയിറക്കുന്ന നിഷ്ഠൂരമായ കൊലപാതകത്തിന്റെ അന്തരീക്ഷം അവസാനിപ്പിച്ചുകൊണ്ട് നിഷ്പക്ഷമായ ഒരു പോലീസ് നയത്തിലൂടെ ഈ കേരളത്തിലെ ജനങ്ങളെ മുന്നോട്ട് കൊണ്ടുപോകാൻ ഞങ്ങൾ ആഗ്രഹിക്കുമ്പോൾ ഭംഗ്യന്തരേണ അതിന്റെ ബെനിഫിഷറീസ് പ്രതിപക്ഷമാണെന്നുപോലും ഞങ്ങളിൽ വിമർശനം ഉണ്ടായിരുന്നിട്ടുപോലും ഞങ്ങൾ നേരായ മാർഗ്ഗത്തിലേയ്ക്ക് പോകാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. അതിനെയും പാരവയ്ക്കാൻ ശ്രമിക്കുന്നത് എന്ത് പാർട്ടി പ്രവർത്തനമാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. നിങ്ങൾ നേരെയാകണമെന്നുള്ളതാണ് എന്റെ അഭ്യർത്ഥന. ഇവിടത്തെ പ്രധാനപ്പെട്ട പ്രശ്നം എന്താണ് ? അന്ധൻ ആനയെ കണ്ടതുപോലെ പ്രതിപക്ഷം ഇരിക്കുകയാണ്. കേരളത്തിന്റെ വികസനം പൂർത്തിയാകണമെന്നുവരികിൽ പ്രതിപക്ഷത്തുള്ള മാർക്സിസ്റ്റ് പാർട്ടിയെ മാറ്റി നിർത്തിക്കൊണ്ട് ആർക്കെങ്കിലും ആലോചിക്കാൻ കഴിയുമോ ; നിങ്ങളെ ഈ ഭൂപടത്തിൽനിന്നു ചെത്തിമാറ്റിയതിനുശേഷം ഈ കേരളത്തിന്റെ വികസന പ്രവർത്തനം പൂർത്തിയാക്കാം എന്ന് ആർക്കെങ്കിലും പറയാൻ കഴിയുമോ ? നിങ്ങൾ കേരളത്തിൽ ജനപിന്തുണയുള്ള ഒരു വിഭാഗത്തോടൊപ്പം നിൽക്കുന്നു. പക്ഷേ ആ പിന്തുണ ഈ സംസ്ഥാനത്തിന്റെ വികസനത്തിനുവേണ്ടി ഉപയോഗിക്കാതെ നിങ്ങളുടെ നേതൃത്വത്തിലിരിക്കുന്ന ചില ആളുകൾ രാഷ്ട്രീയമായ ലക്ഷ്യം വച്ചുകൊണ്ട് അതിനെ ഇല്ലാതാക്കുന്നു. അതാണ് ഞങ്ങളുടെ വിമർശനം.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇത് പറഞ്ഞതുകേട്ടാൽ തോന്നും ഞങ്ങളുടെ എന്തോ കുഴപ്പംകൊണ്ടാണ് കാര്യങ്ങൾ നടക്കാത്തതെന്ന് ; ഈ ഗവൺമെന്റിനെതിരായിട്ട് രണ്ട് കൊല്ലത്തിനിടയിൽ ഏറ്റവും കൂടുതൽ എതിരായി പ്രസ്താവന ചെയ്തിട്ടുള്ളത് നിങ്ങളുടെ കക്ഷിയിൽപ്പെട്ട നേതാക്കന്മാരാണെന്ന കാര്യം അങ്ങ് മറന്നു പോയോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ഞങ്ങളുടെ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഞങ്ങളുടെ പാർട്ടിയിൽ നിന്ന് പ്രസ്താവന വരാത്ത ഏതെങ്കിലും ഒരു കാലഘട്ടം ഈ 1957 -നുശേഷമുള്ള ഐക്യകേരളത്തിൽ അങ്ങേയ്ക്ക് പറയാൻ പറ്റുമോ ? അത്

LIBRARY ARCHIVES Kerala Legislative Assembly

ഒരു ഭാഗത്തു നടന്നുകൊണ്ടേയിരിക്കും. അത് ഭരണത്തെ ബാധിക്കുന്നുണ്ടോ ഇല്ലയോ എന്നതാണ് പ്രധാനപ്പെട്ടപ്രശ്നം. ഭരണം സുതാര്യമായി മുന്നോട്ട് പോകും. വ്യത്യസ്ത അഭിപ്രായമുള്ളവർ അത് തുറന്നു പറഞ്ഞുകൊണ്ടേയിരിക്കും. ഞങ്ങൾ പരസ്യ വിമർശനത്തെയും രഹസ്യവിമർശനത്തെയും രണ്ടിനെയും അംഗീകരിക്കും. കഴിയുന്നത്ര തിരുത്തൽ ഉണ്ടാക്കിക്കൊണ്ട് മുന്നോട്ടു പോവുകയും ചെയ്യും.

ശ്രീ. കെ. പി. രാജേന്ദ്രൻ : മുൻകാലങ്ങളിലും ഉണ്ടെന്ന് അങ്ങ് പറഞ്ഞപ്പോൾ ഇന്ന് ശ്രീ. കരുണാകരന്റെ ആശയം വന്നിട്ടുണ്ട്. അങ്ങ് പറഞ്ഞ ഒരു പ്രസ്താവന കോൺഗ്രസിലുള്ള എം.എൽ.എ.മാരെല്ലാം തടവറയിൽ ആണെന്നും അർഹമായ സ്ഥാനങ്ങൾ കിട്ടണമെന്നതും പണ്ടുമുതൽ തുടരുന്നതാണെന്നാണോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : കോൺഗ്രസിലെ എം.എൽ.എ. മാർ തടവറയിലാണെന്ന് തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞിട്ടില്ല. എന്റെ പേരിൽ ആരോപിക്കാൻ അങ്ങേയ്ക്ക് ആഗ്രഹമുണ്ടെന്നുവരികിൽ ആരോപണം നിഷേധിക്കുന്നില്ല. അത് അങ്ങയുടെ അഭിപ്രായമായിട്ട് ഇരുന്നോട്ടെ. സർ, ഞാൻ പറഞ്ഞുവന്നത് ഇവിടെ പ്രധാനപ്പെട്ട പ്രശ്നം എന്താണ്. ഇവിടെ പ്രശ്നം നമ്മൾ ഒരുമിച്ചു നിൽക്കേണ്ടതിനു പകരം വിഭിന്നമായി നിൽക്കുന്നു. മാർക്സിസ്റ്റ് പാർട്ടിക്ക് സ്ഥലകാലഭ്രമം സംഭവിച്ചിരിക്കുന്നോ അതാണ് പ്രധാനപ്പെട്ട പ്രശ്നം. നിങ്ങൾ ഓരോ പ്രശ്നത്തെയും എടുത്തുകൊള്ളു. ഇക്കഴിഞ്ഞ രണ്ട് കൊല്ലക്കാലമായി നിങ്ങൾ ഉയർത്തിക്കൊണ്ടുവന്ന ഓരോ പ്രശ്നത്തേയും എതിർത്തുകൊണ്ട് നിങ്ങളുടെ ചോദ്യത്തിനുത്തരം നിങ്ങളുടെ പാർട്ടിതന്നെ പറയുന്ന സാഹചര്യത്തിലേയ്ക്ക് വരികയല്ലേ. മാർക്സിസ്റ്റ് Vs മാർക്സിസ്റ്റ് എന്നുള്ളതല്ലേ സമീപനം. നിങ്ങൾ മാർക്സിസ്റ്റ് വേർഴ്സസ് മാർക്സിസ്റ്റ് എന്നുള്ള നിലയിൽ മാർക്സിസ്റ്റ് പാർട്ടി ചോദിക്കുന്നു മാർക്സിസ്റ്റ് പാർട്ടി ഉത്തരം പറയേണ്ടിവരുന്നു.ആ രൂപത്തിലല്ലേ കാര്യങ്ങൾ. ഞാൻ ചോദിക്കട്ടെ, സാമ്പത്തിക നയത്തെസംബന്ധിച്ച് രാജ്യരാജ്യാന്തരം കമ്മ്യൂണിസ്റ്റുപാർട്ടിയിൽ ഉള്ളതിനേക്കാൾ വ്യത്യസ്തമായ നിലപാട് അല്ലേ നിങ്ങൾ ഇവിടെ പറഞ്ഞുകൊണ്ടിരിക്കുന്നത്. സാമ്പത്തിക സാഹചര്യത്തെക്കുറിച്ച് ചൈന പറയുന്ന നിലപാടാണോ നിങ്ങൾ പറയുന്നത്. ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പോളിറ്റ്ബ്യൂറോ അംഗം നമ്മുടെ ബഹുമാന്യനായ പ്രതിപക്ഷനേതാവ്, അങ്ങ് ഇന്ന് ആലോചിച്ച് തീരുമാനിക്കുന്ന സമിതിയിലെ തീരുമാനമാണോ ഇവിടെപ്പറയുന്നത്. സാമ്പത്തിക കാര്യത്തെക്കുറിച്ച് പശ്ചിമബംഗാൾ എടുക്കുന്ന നിലപാടാണോ ഈ കേരളത്തിൽ നിങ്ങൾ എടുക്കുന്നത്. നിങ്ങളുടെ നിലപാടുകൾ തമ്മിൽ വ്യത്യാസം വരികയാണ്. ഒരുമിച്ച് തീരുമാനം ഡൽഹിയിലാണ് എടുക്കുന്നതെങ്കിലും പശ്ചിമബംഗാളിൽ അത് ഒരു രൂപത്തിൽ പോകും കേരളത്തിൽ നിങ്ങൾ വ്യത്യസ്തമായി വിശദീകരിക്കും . എന്തിനാണ്, കേരളത്തിൽ നിങ്ങൾക്ക് രാഷ്ട്രീയ മുതലെടുപ്പു നടത്തണം. അതിനുവേണ്ടി നിങ്ങൾ വ്യത്യസ്തമായി സംസാരിക്കുന്നു. അപ്പോൾ പ്രശ്നം മാർക്സിസ്റ്റ് വേഴ്സസ് മാർക്സിസ്റ്റ് നിൽക്കുന്നതായിട്ടാണ്

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ കാണുന്നത്. പ്രൈവറ്റ് പാർട്ടിസിപ്പേഷനെ സംബന്ധിച്ച് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്)ന്റെ നിലപാട് അല്ലേ പശ്ചിമ ബംഗാൾ ഗവൺമെന്റ് അംഗീകരിക്കുന്നത്. പശ്ചിമബംഗാൾ ഗവൺമെന്റ് അംഗീകരിക്കുന്നത് ആ നിലപാടാണെന്നു വരികിൽ എന്തിനാണ് അതേ പാർട്ടിയിൽപ്പെട്ട നിങ്ങൾ ഈ കേരളത്തിൽ വ്യത്യസ്തമായ നിലപാട് എടുത്ത് ഇവിടെ വിഭിന്നമായി നിൽക്കുന്നത്. പ്ലാച്ചിമടയിൽ കൊക്കക്കോള കമ്പനി കൊടുക്കാൻ തീരുമാനം എടുത്തതിൽ പോളിറ്റ്ബ്യൂറോ അടക്കമുള്ള മുഴുവൻ ആളുകളുടേയും അംഗീകാരം ഇല്ലാതെയാണോ നിങ്ങൾ തീരുമാനം എടുത്തത്. അതോ കൊക്കക്കോള കമ്പനിക്കും പെപ്സി കമ്പനിക്കും പശ്ചിമബംഗാളിൽ പ്രവർത്തിക്കാൻ നിങ്ങൾ സാഹചര്യം ഉണ്ടാക്കുന്നത് പോളിറ്റ് ബ്യൂറോ അറിയാതെയാണോ ? മാർക്സിസ്റ്റ് പാർട്ടിയുടെ പോളിറ്റ് ബ്യൂറോയുടെ ഡയറക്ഷൻ അനുസരിച്ച് ഭരിച്ചുകൊണ്ടിരിക്കുന്ന പശ്ചിമബംഗാൾ ഗവൺമെന്റിൽ നിന്നു വ്യത്യസ്തമായ ഒരു നിലപാട് ഈ കേരളത്തിൽ നിങ്ങൾ എന്തിനാണ് എടുക്കുന്നത് ? നിങ്ങളുടെ പാർട്ടിയെ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് കേരള എന്നായി ചുരുക്കുകയാണോ ? പണ്ട് കെ.ആർ.എസ്.പി. ഉണ്ടായതുപോലെ ഇത് കേരള മാർക്സിസ്റ്റ് പാർട്ടിയാണോ. കേരളത്തിലെ ജനതയോട് നിങ്ങൾ ഉത്തരം പറയണം. ഇത് കേരള മാർക്സിസ്റ്റ് പാർട്ടിയാണോ. മാർക്സിസ്റ്റ് പാർട്ടിയുടെ പോളിറ്റ് ബ്യൂറോ എടുക്കുന്ന തീരുമാനത്തിനു വിരുദ്ധമായി പശ്ചിമബംഗാൾ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്ന പരിഷ്ക്കരണത്തിന് വിരുദ്ധമായി കേരളത്തിൽ കാസർഗോഡുമുതൽ പാറശാലവരെ ഒരു പ്രത്യേക കമ്മ്യൂണിസ്റ്റ് പാർട്ടിയുണ്ടോ ? നിങ്ങളുടെ ഉദ്ദേശം എന്താണെന്നുള്ളത് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വിശദീകരിച്ചേക്കും. ഞാൻ അതിലേയ്ക്ക് പോകുന്നില്ല. വിദേശ നിക്ഷേപം സംബന്ധിച്ച് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നിലപാടാണോ മാർക്സിസ്റ്റ് പാർട്ടിയുടെ നിലപാടാണോ ഈ കേരളത്തിൽ നിങ്ങൾ എടുത്തുകൊണ്ടിരിക്കുന്നത്. നിങ്ങൾ ഒരു പുതിയ കമ്മ്യൂണിസ്റ്റ് പാർട്ടിയുണ്ടാക്കുന്നു. അതിനെയാണ് ഞങ്ങൾ 'നിയോ കമ്മ്യൂണിസം' എന്ന് പറഞ്ഞുകൊണ്ടിരിക്കുന്നത്. അത് കമ്മ്യൂണിസ്റ്റ് പാർട്ടിയല്ല. അത് മാർക്സിസ്റ്റ് പാർട്ടിയുടെ പോളിറ്റ് ബ്യൂറോയും സെൻട്രൽ കമ്മിറ്റിയും, നമ്മുടെ പ്രിയപ്പെട്ട ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇരിക്കുന്ന സെൻട്രൽ കമ്മിറ്റിയും, ആ കമ്മിറ്റിക്ക് താഴെയുള്ള സമിതികളും അവർ ചർച്ച ചെയ്തു എടുക്കുന്ന തീരുമാനമാണ് മാർക്സിസ്റ്റ് പാർട്ടിയുടെ തീരുമാനമെങ്കിൽ ഞങ്ങൾ ആ തീരുമാനത്തിൽ നിന്നു വിഭിന്നമായ സമീപനമാണ് ഇവിടെ കാണുന്നത്. ആ സമീപനമാണ് നിങ്ങൾ എടുക്കുന്നത്. മൾട്ടിനേഷനുകളെക്കുറിച്ച് നിങ്ങളുടെ സമീപനം എന്താണ്? ഇതൊക്കെ വിശദീകരിക്കണ്ടേ ? എ.ഡി.ബി. വായ്പയെക്കുറിച്ച് പശ്ചിമബംഗാൾ ഗവൺമെന്റും നിങ്ങളും എടുക്കുന്ന നിലപാട് വിരുദ്ധമാണ്. നിങ്ങൾ ചിലപ്പോൾ നീന്തൽ വിദഗ്ദ്ധനെ വിലയിരുത്താൻ വേണ്ടി ഒന്നു ചരിഞ്ഞു നീന്തിയിരുന്നെങ്കിൽ ശരിയാകും എന്നു പറയുന്നതുപോലെ എ.ഡി.ബി.വായ്പയ്ക്കെതിരെ ഒരു നിബന്ധന ഒഴിവാക്കിയിരുന്നെങ്കിൽ ശരിയാകും എന്നു പറഞ്ഞു എതിർക്കാൻവേണ്ടി നിൽക്കുകയല്ലേ. ഈ സംസ്ഥാനം രക്ഷപ്പെടാത്തതുകാരണം സാമ്പത്തികമായ

LIBRARY ARCHIVES Kerala Legislative Assembly

സാഹചര്യം ഇല്ലാത്തതുകൊണ്ട് രക്ഷപ്പെടുന്നതിനുവേണ്ടി എവിടെയെങ്കിലും ചെന്നു ഞങ്ങൾ കടം വങ്ങാൻ തീരുമാനിച്ചപ്പോൾ, പണ്ട് നിങ്ങൾ കടം വാങ്ങുന്നതിനുവേണ്ടി എല്ലാ ഒത്താശയും ചെയ്തുകൊടുത്ത ആളുകളുടെ മുമ്പിൽ ഞങ്ങൾ ചെന്നു. നിങ്ങളുടെ കയ്യിൽ കിട്ടുന്നതിനുപകരം ഞങ്ങളുടെ കൈയിലേയ്ക്ക് ആ പണം കിട്ടിക്കഴിഞ്ഞപ്പോൾ ഞങ്ങളെ കുറ്റം പറയുവാനും താഴെയിറക്കുവാനും ഞങ്ങളുടെ തലയിൽ കയറുവാനും ശ്രമിക്കുന്നത് സത്യസന്ധ കമ്മ്യൂണിസ്റ്റ് സമീപനമല്ല, മനുഷ്യത്വ സമീപനമല്ല. നിങ്ങൾ മനുഷ്യത്വമുള്ള കമ്മ്യൂണിസ്റ്റുകളായി മടങ്ങിവരണമെന്നുള്ളതാണ് എനിക്ക് ഓർമ്മിപ്പിക്കാനുള്ളത്. സർ, ഞങ്ങൾ ജിം നടത്തി. നമ്മുടെ പ്രതിപക്ഷനേതാവ് ജിമ്മിൽ പോയി പ്രസംഗിച്ചു. എനിക്ക് അദ്ദേഹത്തോടു അപ്പോൾ വലിയ ആദരവ് തോന്നി. പക്ഷേ അതിനുശേഷം ജിമ്മിലേയ്ക്ക് അദ്ദേഹം പോകുന്നതിനുമുമ്പ് ജിമ്മിനെസംബന്ധിച്ച് കേരളത്തിൽ ഉണ്ടായിരുന്ന ചർച്ച എല്ലാവർക്കും അറിയില്ലേ. ജിമ്മിനെതിരായി മനുഷ്യച്ചങ്ങല ഉണ്ടാക്കുമെന്നു പറഞ്ഞ ആളുകൾ എവിടെപ്പോയി. ഡി.വൈ.എഫ്.ഐ.യുടെ ചെറിയ സഖാക്കളും വലിയ സഖാക്കളും മുമ്പിലും പുറകിലുമായിട്ട് ഇവിടെ ഇരിപ്പുണ്ടല്ലോ. നിങ്ങൾ എല്ലാവരുംകൂടി പാർട്ടി ആഫീസിൽ യോഗം ചേർന്നല്ലേ ജിമ്മിനെതിരായി മനുഷ്യച്ചങ്ങല ഉണ്ടാക്കുമെന്നു പറഞ്ഞത്. നമ്മുടെ പ്രതിപക്ഷനേതാവ് മാത്രം ആ ചങ്ങല പൊട്ടിച്ച് ആ ജിമ്മിനകത്തു പോയി. ഞാൻ ദേശാഭിമാനി പത്രം കാണിക്കാം. അതിനുശേഷം ഡി.വൈ.എഫ്.ഐ. സമരത്തിന് പ്രഖ്യാപനം നടത്തിയില്ലേ. സമരം നടത്തുമെന്നു പറഞ്ഞില്ലേ. അതിനുശേഷമാണ് സി.പി.എം. സമരം നടത്തുമെന്നു പറഞ്ഞത്. എന്നിട്ട് എന്തു ചെയ്തു. ജിമ്മിൽ പോയി അനുകൂലമായ സാഹചര്യം ഉണ്ടാകുന്നു എന്നു കണ്ടപ്പോൾ നിങ്ങൾ ജിമ്മിനെ എതിർക്കാതെ നിന്നുകൊണ്ടുതന്നെ ഈ സംസ്ഥാനത്ത് ഒരു പുതിയ വ്യവസായമോ പുതിയ നിക്ഷേപകനോ വരാതിരിക്കാനുള്ള രംഗമാണുണ്ടാക്കിയത്. സർ, എനിക്ക് രണ്ടുമിനിറ്റുകൂടി തന്നാൽ ഉപകാരമായി.. ആലപ്പുഴ ജില്ലയിൽ കയർ തൊഴിലാളികൾ ജിമ്മിന്റെ സമ്മേളനത്തിനുശേഷം കയർ കയറ്റുമതി നടത്തിക്കൊണ്ടിരുന്ന എക്സ്പോർട്ട് ഹൗസിനെ തല്ലിപ്പൊട്ടിച്ചില്ലേ ? പാവപ്പെട്ട കയർ തൊഴിലാളികളോടു പറഞ്ഞുവിട്ടു ഈ എക്സപോർട്ട് ഹൗസ്സുകൾ ഇടിച്ചുപൊളിച്ചാൽ നിങ്ങൾക്ക് മോചനമായി, സാമ്പത്തിക ലാഭം കിട്ടുമെന്ന്. എന്തിനാണ് ഇത് ചെയ്തത്. ഇതുചെയ്ത പാവപ്പെട്ട സഖാവിനറിയില്ല, ചെയ്യിച്ച സഖാവിനറിയാം. ഇത് ഇടിച്ചുപൊളിച്ചാൽ പിന്നെ ആരും ഇങ്ങോട്ട് വരികയില്ലായെന്ന്. ആരും ഇങ്ങോട്ട് വരാതിരിക്കാൻവേണ്ടി നിങ്ങൾ ബോധപൂർവ്വം ചെയ്ത നടപടിയല്ലേ ഇത് ? തീരദേശത്തു നടന്ന കയർ സമരം. കയറ്റുമതി സ്ഥാപനങ്ങളെ ഇടിച്ചുപൊളിക്കുന്ന ഈ കേരളത്തിൽ ഒരു സന്ദേശം കൊടുക്കാൻ നിങ്ങൾ ശ്രമിക്കുന്നു. ഞങ്ങൾ പ്രതിപക്ഷത്തിരുന്നുകൊണ്ട് ഈ സംസ്ഥാനത്ത് ഒരു പുതിയ നിക്ഷേപവും കൊണ്ടുവരാൻ ഞങ്ങൾ അനുവദിക്കില്ല എന്നുള്ളതുതന്നെയാണ് നിങ്ങളുടെ നിലപാട്. ഇത് ശരിയാണോ ; ഞാൻ പറയുന്നു കമ്മ്യൂണിസ്റ്റുപാർട്ടി മനുഷ്യത്വരഹിതമായ നടപടിയിൽനിന്നു പുറകോട്ടുപോകണമെന്ന്. നിങ്ങൾ ജനവിരുദ്ധ പ്രവർത്തനത്തിൽ നിന്നു പുറകോട്ടുപോകണം.

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങളുടെ ജനപിന്തുണയെക്കുറിച്ച് ഒന്നും ഞാൻ പറയുന്നില്ല. ജനപിന്തുണയുണ്ടായിരുന്നെങ്കിൽ നിങ്ങൾ ഇവിടെ ഇരിക്കുമായിരുന്നല്ലോ. ജനപിന്തുണയുടെ ബാരോമീറ്റർ ആണല്ലോ നമ്മൾ അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്നത്. അതുകൊണ്ട് നിങ്ങൾ ഇനിയെങ്കിലും മനുഷ്യത്വത്തിലേയ്ക്ക് മടങ്ങിവരാൻ ഈ പുതിയ നൂറ്റാണ്ടിലെ പദ്ധതിയായി ഉയർത്തെണീക്കാൻ ശ്രമിക്കണമെന്നുമാത്രം ഞാൻ ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കുകയാണ്. ശ്രീ. ഗോവിന്ദപ്പിള്ള, നമ്മുടെ ശ്രീ.ശിവൻകുട്ടിയുടെ ഭാര്യാ പിതാവ്. എത്രയോ നല്ലവനായ ശിവൻകുട്ടിയുടെ ഭാര്യാപിതാവ്. എത്രയോ നല്ലവനായ വ്യക്തി. മാർക്സിസ്റ്റു പാർട്ടിയുടെ ആചാര്യനായ ശ്രീ. ഗോവിന്ദപ്പിള്ളയോടു ഇങ്ങനെ ഒരു തെറ്റു ചെയ്യാമോ ? അദ്ദേഹം സത്യം തുറന്നു പറഞ്ഞുപോയി. സത്യം പറഞ്ഞാൽ താക്കീതിൽ നിറുത്തുകയാണോ ? ഇപ്പോൾ അഡ്മോനിഷൻ കൊടുത്തിരിക്കുകയാണ്. അടുത്തതവണയാണ് തൂക്കിക്കൊല്ലാൻ പോകുന്നത്. ശ്രീ. എം. വി. ആർ. ഒരുവഴിക്കു പോയി. ശ്രീമതി ഗൗരിയമ്മയെ നിങ്ങൾ പുറത്താക്കി. ശ്രീ. ഗോവിന്ദപ്പിള്ളയെ നിങ്ങൾ തട്ടി. ഈ കയറ് മുമ്പിലിരിക്കുന്ന ആളുകളുടെ കഴുത്തിൽ എന്നു കുരുങ്ങുമെന്ന എന്റെ ചോദ്യത്തിനു ഉത്തരം പറയണം എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി പിന്തുണയ്ക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : അവസാനം ഭരണപക്ഷത്തുനിന്ന് സംസാരിച്ച ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ റവന്യൂ, ടാക്സ് ഇനങ്ങളിൽ വരുമാനം വർദ്ധിപ്പിച്ചു, രണ്ടു കൊല്ലത്തെ യു.ഡി.എഫ് ഗവൺമെന്റിന്റെ ഭരണത്തിന്റെ നേട്ടങ്ങൾ, മൂന്നാമത്തെ ബഡ്ജറ്റിൽ കൊണ്ടുവന്നിട്ടുള്ള കാര്യങ്ങളുടെ വിശേഷണങ്ങൾ ഇതെല്ലാംതന്നെ വിവരിച്ചു. ആകൂട്ടത്തിൽ അദ്ദേഹം ചോദിക്കുകയാണ് സി.പി.ഐ.എം-ന്റെ പോളിറ്റ് ബ്യൂറോ മെമ്പറായ പ്രതിപക്ഷ നേതാവ്, ആ പോളിറ്റ് ബ്യൂറോയുടെ തീരുമാനങ്ങൾ നടപ്പിലാക്കുവാൻ എന്തുകൊണ്ടാണ് ശ്രമിക്കാത്തത് ? പശ്ചിമ ബംഗാളിലുള്ള ഗവൺമെന്റും അതുപോലുള്ള എല്ലാ ഗവൺമെന്റുകളും ശ്രമിച്ചതിനുശേഷം ശ്രമിക്കുന്ന ഏക ഗവൺമെന്റ് എ. കെ. ആന്റണിയുടെ ഗവൺമെന്റാണ്. അങ്ങനെ സി.പി.ഐ (എം) ന്റെ ഒരു ബ്രാഞ്ച് എ.കെ. ആന്റണിയുടെ നേതൃത്വത്തിൽ തുറന്നതുകൊണ്ടാണ് ഇരുപത്തിയാറു പേർ നിങ്ങളുടെ ഈ ചർച്ചയിൽ പങ്കെടുക്കാതെ നിശബ്ദരായിരിക്കുന്നത്. പുതിയ സി.പി.ഐ.(എം.) ന്റെ ബ്രാഞ്ച് കേരളത്തിൽ തുറന്നിരിക്കുന്നു. ശ്രീ. എ. കെ. ആന്റണിയുടെയും തിരുവഞ്ചൂർ രാധാകൃഷ്ണന്റെയും നേതൃത്വത്തിൽ. എന്നിട്ട് ഇങ്ങനെ പുരോഗമനപരമായ നയ സമീപനങ്ങൾ തുടർച്ചയായി നടത്തിക്കൊണ്ടിരിക്കുന്നു. ആ പുരോഗമനപരമായ നയ സമീപനങ്ങൾ ജനങ്ങൾക്ക് ഇന്ന് സഹിക്കാനും പൊറുക്കാനും പറ്റാത്ത വിധത്തിൽ എത്തിയിരിക്കുകയാണ്. എന്റെ മാന്യ സ്നേഹിതൻ തിരുവഞ്ചൂർ രാധാകൃഷ്ണനെ ഞാൻ അനുസ്മരിപ്പിക്കുകയാണ്. നിങ്ങൾ 2001 മേയ് 17 ന് അധികാരത്തിൽ വന്ന് ഒരാഴ്ച കഴിഞ്ഞപ്പോൾ എ.ഡി.ബി ആയിട്ടുള്ള ചർച്ച ആരംഭിച്ചു. ധവള പത്രം പുറപ്പെടുവിച്ചു. ആ ധവള പത്രത്തിന്റെ അതേ വഴിക്ക് മുന്നോട്ടു പോയിക്കൊള്ളണമെന്ന് എ.ഡി.ബി നിർദ്ദേശിച്ചു. ആ ആജ്ഞ

LIBRARY ARCHIVES Kerala Legislative Assembly

നിറവേറ്റിക്കൊണ്ട് നിങ്ങൾ തുടരുകയാണ്. അതിന്റെ ഫലമായി എന്ത് സംഭവിക്കുന്നു ? കേരളത്തിൽ ഇതുവരെ നിലനിന്നിരുന്ന ജനാധിപത്യ ഭരണ സംവിധാനമാകെ തകരുകയാണ്. അവർ പുറത്തുനിന്ന് ആജ്ഞ നൽകുന്നു. ആ ആജ്ഞയ്ക്ക് വിധേയമായി എല്ലാ മേഖലകളെയും നിങ്ങൾ സ്വകാര്യവൽക്കരിക്കുകയാണ്. 1956-ൽ കേരളം രൂപവത്ക്കരിച്ചതിനു ശേഷം പിന്നിട്ട 47 കൊല്ലത്തിനിടയിൽ മാറി മാറി വന്ന ഗവൺമെന്റുകൾ ഖജനാവിലെ പണം ഉപയോഗിച്ച് പടുത്തുയർത്തിയിട്ടുള്ള 111 പൊതു മേഖലാ സ്ഥാപനങ്ങൾ കുറെയധികം നല്ലപോലെ ലാഭം കിട്ടുന്നതാണ്. കുറെ നഷ്ടത്തിൽ ഓടുന്നതാണ്. നഷ്ടമില്ലാത്തതും കാണും. ആ 111 പൊതു മേഖലാ സ്ഥാപനങ്ങളിൽ ഒരു ലക്ഷത്തിഇരുപത്തയ്യായിരത്തോളം ജീവനക്കാരാണ് പണിയെടുക്കുന്നത്. സ്വകാര്യ മേഖലയുടെയും സഹകരണ മേഖലയുടെയും ഭരണ രീതിയിൽനിന്നും പ്രവർത്തന രീതിയിൽനിന്നും വ്യത്യസ്തമായ രീതിയിൽ നല്ലപോലെ നടത്താൻ പൊതുമേഖലാ സ്ഥാപനത്തിന് കഴിയുമെങ്കിൽ പൊതു മേഖലാ സ്ഥാപനത്തിന്റെ എം.ഡി.മാർ തന്നെ, പതിനഞ്ച് ലക്ഷം അല്ലെങ്കിൽ പതിനഞ്ച് കോടി ലാഭമുണ്ടാക്കി അതിന്റെ ഓഹരി മുഖ്യമന്ത്രിയെ ഏൽപ്പിക്കുമായിരുന്നു. ഇങ്ങനെ പൊതുമേഖലാ സ്ഥാപനം നല്ല നിലയിൽ നടത്തുവാൻ കഴിഞ്ഞാൽ നമുക്കുള്ള പുരോഗതി എന്താണ് ? ജനങ്ങളുടെമേൽ നികുതിയായും വിലക്കയറ്റമായും ബഡ്ജറ്റ് നിർദ്ദേശം വഴി സമാഹരിക്കുന്ന ആ തുകയോട് അനുരോധമായി ഈ വരുമാനവും നമ്മുടെ വികസന പ്രവർത്തനത്തിന് വേണ്ടിയുള്ളതാണ്. ആ നിലയിലുള്ള പൊതുമേഖലയെ നിങ്ങൾ എ.ഡി.ബി.യുടെ നിർദ്ദേശമനുസരിച്ച് ഒരു ചൗധരിയെ നിയമിച്ച് അടച്ചുപൂട്ടാനും സ്വകാര്യവത്കരിക്കാനുമുള്ള നയ സമീപനങ്ങളുമായി മുന്നോട്ടു പോകുകയാണ്. നിങ്ങളുടെ ഉപ സമിതിതന്നെ അടച്ചുപൂട്ടാതെ കാര്യങ്ങൾ നടത്താൻ കഴിയുമെന്നു പറയുന്നു. ഒരുമന്ത്രി തന്നെ, "എന്നെ ഏല്പിക്കൂ, ഞാൻ നടത്തി കാണിച്ചു തരാമെന്ന്" പറയുന്നു എങ്കിലും വ്യവസായ മന്ത്രി എന്റെ പ്രിയപ്പെട്ട സ്നേഹിതൻ കുഞ്ഞാലിക്കുട്ടി എ.ഡി.ബിയുടെ നിർദ്ദേശം അനുസരിച്ചും ക്യാബിനറ്റിന്റെ തീരുമാനമനുസരിച്ചും സ്വകാര്യവൽക്കരണ സംരംഭവുമായി മുന്നോട്ടു പോകുന്നതിൽ അദ്ദേഹത്തെ തെറ്റു പറയാൻ കഴിയുമോ ? ക്യാബിനറ്റ് തീരുമാനമാണ്. എ.ഡി.ബി.യുടെ ആജ്ഞയാണ്. കാശ് കിട്ടണമെങ്കിൽ അതല്ലാതെ നിവൃത്തിയില്ല. ഈ നിലയിൽ നിങ്ങൾ കൈക്കൊള്ളുന്ന നയ സമീപനത്തിന്റെ ഫലമായി ഏതാണ്ട് അൻപതു ലക്ഷത്തോളം കേരള പൗരൻമാർ ഉൾക്കൊള്ളുന്ന പരമ്പരാഗത വ്യവസായ സ്ഥാപനങ്ങൾ, നമ്മൾ ഇപ്പോൾ ഇടയ്ക്കിടയ്ക്ക് ചർച്ച ചെയ്തു കൊണ്ടിരിക്കുകയാണല്ലോ ? നാലര ലക്ഷത്തോളം വരുന്ന കയർ തൊഴിലാളികൾ, രണ്ടര ലക്ഷത്തോളം വരുന്ന കശുവണ്ടി തൊഴിലാളികൾ, ഒന്നര ലക്ഷത്തോളം വരുന്ന കൈത്തറി തൊഴിലാളികൾ, ഏതാണ്ട് മൂന്നു ലക്ഷത്തോളം വരുന്ന ഫിഷറീസ്. ഇതുപോലുള്ള പരമ്പരാഗത വ്യവസായങ്ങളിലെ തൊഴിലാളികൾ, ഏതാണ്ട് പതിനാറ് ലക്ഷത്തോളം വരുന്നവരുടെ കുടുംബാംഗങ്ങൾ, അൻപതു ലക്ഷത്തോളം വരുന്നവർ രണ്ടു കൊല്ലമായി അനുഭവിച്ചു കൊണ്ടിരിക്കുന്ന പ്രതിസന്ധിയിൽ നിന്ന് അവരെ കരകയറ്റുവാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ ദിവസത്തെ അടിയന്തിര പ്രമേയത്തിന്റെയും അല്ലെങ്കിൽ നിരാഹാര സമരത്തിന്റെയുമെല്ലാം തന്നെ ഫലമായി നിങ്ങൾ ഒന്ന് മാറി ചിന്തിച്ചോ ? നിങ്ങൾ ആ രംഗത്തേയ്ക്ക് ശ്രദ്ധ പതിപ്പിക്കുവാൻ തുടങ്ങിയിരിക്കുന്നു. ഇപ്പോൾ രണ്ടു കൊല്ലം പിന്നിട്ടപ്പോൾ കശുവണ്ടി തൊഴിലാളികളും കയർ തൊഴിലാളികളും തോട്ടം തൊഴിലാളികളും എല്ലാംതന്നെ പട്ടിണി മരണത്തിനു ശേഷം ആത്മഹത്യയിലേയ്ക്കു നീങ്ങിയിട്ടും നിങ്ങൾ കണ്ണ് തുറന്നില്ല. ഇപ്പോൾ നിങ്ങൾ പതുക്കെ പതുക്കെ തുറക്കുന്നു. പൂർണ്ണമായി നിങ്ങൾ എന്നു തുറക്കുമോ എന്തോ ? അതുപോലെതന്നെയല്ലേ നമ്മുടെ കാർഷിക മേഖലയിലെ സ്ഥിതി ? ഏതാണ്ട് ഒരു കോടിയോളം വരുന്ന വിവിധ മേഖലകളിൽ കൃഷി ചെയ്യുന്ന കൃഷിക്കാർ, നാൽപ്പതു ലക്ഷത്തോളം വരുന്ന നെൽക്കൃഷിക്കാർ, മുപ്പത്തിയാറു ലക്ഷത്തോളം വരുന്ന നാളികേര കർഷകർ, ഒൻപതു ലക്ഷത്തോളം വരുന്ന റബ്ബർ കൃഷിക്കാർ, കാപ്പിയും തേയിലയും അടയ്ക്കയും എല്ലാമായിട്ട് അവരെ ആശ്രയിച്ചു കഴിയുന്ന കർഷക തൊഴിലാളികൾ, എല്ലാമായിട്ട് ഒരു കോടിയിൽ കുറയാത്ത ജന വിഭാഗങ്ങളുടെ പ്രശ്നമെന്താണ് ? കേന്ദ്ര ഗവൺമെന്റിന്റെ സ്വകാര്യവത്കരണ ഉദാരവത്കരണ നയത്തിന്റെ ഫലമായി ഇറക്കുമതി, അത് നമ്മുടെ കാർഷിക ഉൽപ്പന്നങ്ങളുടെ വിലയിടിവിലേയ്ക്കാണ് തള്ളിയിട്ടുകൊണ്ടിരിക്കുന്നത്. ഇടയ്ക്കിടയ്ക്ക് റബ്ബറിനോ മറ്റേതെങ്കിലും സാധനങ്ങൾക്കോ അൽപ്പം വില കയറും. പിന്നെ ഇടിയും. ഈ സ്ഥിതിക്ക് നിങ്ങൾക്ക് പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ടോ ? 319 കോടി രൂപ നിങ്ങൾ കാർഷിക മേഖലയ്ക്കും അനുബന്ധ മേഖലയ്ക്കും വേണ്ടി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയില്ലേ ? അതിനുശേഷം 219 കോടി രൂപ കാർഷിക മേഖലയ്ക്കുതന്നെ വച്ചില്ലേ ? ആ കാശൊക്കെ എവിടെപ്പോയി ? മന്ത്രിക്ക് കൊടുത്തോ ? നിങ്ങൾ ആ കാശ് കൊടുത്തിട്ടും മന്ത്രി ചെലവാക്കാതെ പൂട്ടിവച്ചിരിക്കുകയാണോ ? അങ്ങനെയുള്ള ഒരു മന്ത്രിയായിട്ട് ഞാൻ അവരെ കാണുന്നില്ല. പക്ഷേ കാർഷിക മേഖല ഇന്നും ദയനീയമായ സ്ഥിതി അഭിമുഖീകരിക്കുകയാണ്. ബഡ്ജറ്റ് നിർദ്ദേശമനുസരിച്ച് കാർഷിക മേഖലയ്ക്കും വ്യാവസായിക മേഖലയ്ക്കും മാറ്റിവച്ച പണമെവിടെ ? എവിടെ ചെലവു ചെയ്തു. 23,917 കോടി രൂപയുടെ കടഭാരം മുൻ ഗവൺമെന്റ് ഏൽപ്പിച്ചുവെന്നു നിങ്ങൾ പറഞ്ഞു. കടം വർദ്ധിച്ച് പെട്രോൾ അടയ്ക്കാൻ പോലും കാശില്ല. ആ തരത്തിലുള്ള ദുർഭരണമാണ് മുൻ ഗവൺമെന്റ് നടത്തിയത്. അതുകൊണ്ട് ഞങ്ങളുടെ കയ്യിൽ കാശില്ലായെന്നു പറഞ്ഞുകൊണ്ട് നിങ്ങൾ ഒട്ടാകെ നികുതിയും വിലക്കയറ്റവും സൃഷ്ടിച്ച് രണ്ട് ബഡ്ജറ്റ് വഴി നാലായിരത്തിൽപ്പരം കോടി രൂപ നിങ്ങൾ സമാഹരിച്ചു. അതിനു ശേഷം എ.ഡി.ബി.യുടെ കാശ് കിട്ടി. അതിനുശേഷം ഇരുപത്തി മൂവായിരത്തി ചില്വാനം കോടിരൂപയുടെ കടത്തിന്റെ സ്ഥാനത്ത് നിങ്ങൾ മുപ്പതിനായിരം കോടി രൂപയിൽ എത്തിച്ചു. ആറായിരത്തിൽപ്പരം കോടി രൂപയുടെ വർദ്ധനവ്. ഈ കാശെല്ലാം എവിടെപ്പോയി ? ഈ കാർഷിക മേഖലയിലേയ്ക്ക് ബഡ്ജറ്റ് ചെയ്ത പണം, മാറ്റിവച്ച പണം എന്തുകൊണ്ട് ചെലവ് ചെയ്തിട്ടില്ല. വ്യാവസായിക മേഖലയിലേയ്ക്ക് മാറ്റിവച്ച പണം എന്തുകൊണ്ട് ചെലവ് ചെയ്തില്ല. ഇങ്ങനെ ഓരോ രംഗത്തേയ്ക്കും മാറ്റി വച്ചിട്ടുള്ള തുക ചെലവുചെയ്യാതിരിക്കുമ്പോൾ ആ

LIBRARY ARCHIVES Kerala Legislative Assembly

കാശുകൂടി നിങ്ങളുടെ കയ്യിൽ കാണണ്ടേ ? നിങ്ങൾ എ.ഡി.ബി.യുടെ ആജ്ഞയ്ക്കു വിധേയമായി അവരെ ചെവിയോർത്തുകൊണ്ടിരിക്കുകയാണ്. എല്ലാ മേഖലകളേയും നിങ്ങൾ സ്വകാര്യവൽക്കരണത്തിന്റെ രംഗത്തേയ്ക്ക് നയിച്ചുകൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസ മേഖലയെ നിങ്ങൾ എവിടെ എത്തിച്ചു ? ആരോഗ്യ മേഖലയെ നിങ്ങൾ എവിടെ എത്തിച്ചു ? എല്ലാ മേഖലകളേയും നിങ്ങൾ തകർച്ചയിലേക്ക് തള്ളിവിട്ടുകൊണ്ടിരിക്കുകയാണ്. അത് എ.ഡി.ബി.ക്ക് ദാസ്യവൃത്തി ചെയ്യുന്ന നിങ്ങളുടെ നയസമീപനത്തിന്റെ പരിണതഫലമാണ്. നിങ്ങൾ തിരുത്തു. പുറത്തു നിന്നുള്ള വിദേശികളായിട്ടുള്ള ആളുകളുടെ പണം കടം വാങ്ങുന്നതിന് ഞങ്ങൾ എതിരല്ല. പക്ഷേ അടിമത്ത സമാനമായ വ്യവസ്ഥകൾക്കു വിധേയമായി കടം വാങ്ങുന്നതിന് ഞങ്ങൾ എതിരാണ്, ശക്തമായും എതിരാണ്. അതിനുപകരം ഇപ്പോൾ റിസർവ് ബാങ്കിനോടും കേന്ദ്രഗവൺമെന്റിനോടും ഈ നാട്ടിൽ നിന്ന് പണം സമാഹരിക്കാൻ വേണ്ടി, ഇപ്പോൾ ഏതാണ്ട് 6 ശതമാനമല്ലേ പലിശയുള്ളൂ. കേന്ദ്ര ഗവൺമെന്റിൽ നിന്ന് സാംഗ്ഷൻ വാങ്ങിയിട്ട് നമ്മുടെ നാട്ടിലെ സമ്പന്നരും അല്ലാത്തവരുമായ ആളുകളിൽ നിന്ന് ഇവിടെ പണം സമാഹരിച്ച് ആ പണം കൊണ്ട് നാടിന്റെ വികസനത്തിനുവേണ്ടി ശ്രമിച്ചാലുള്ള ഒരു പ്രത്യേക ഗുണമെന്താണ് ? ഒരു അടിമത്ത സമാനമായ വ്യവസ്ഥയ്ക്കും കുമ്പിട്ട് നിൽക്കേണ്ടി വരുന്നില്ല. ആ നിലയിൽ നിങ്ങളുടെ നയം തിരുത്താൻ തയ്യാറുണ്ടോ? അടിമത്ത വ്യവസ്ഥകൾക്ക് വിധേയമല്ലാത്ത വിധത്തിൽ ആരെങ്കിലും പണം തരുമെങ്കിൽ അവരോട് വാങ്ങു. ഏത് ഭീകരനായാലും അവരിൽ നിന്ന് പണം വാങ്ങു. അതിന് ഞങ്ങൾ നിങ്ങളെ സപ്പോർട്ട് ചെയ്യാം. പക്ഷേ, അടിമത്ത സമാനമായ വ്യവസ്ഥകൾക്കു വിധേയമായി നമ്മുടെ നാടിനെ അവരുടെ മുമ്പിൽ കുമ്പിടുന്ന വിധത്തിലുള്ളവരോട് നിങ്ങൾ പണം വാങ്ങുകയും ഈ നാടിനെ കുമ്പിടുന്ന സ്ഥിതിയിലേക്കും നാടിനെ എല്ലാ വിധത്തിലും തകർച്ചയിലേക്ക് തള്ളിവിടുന്ന സ്ഥിതിയിലേക്കുമാണ് നിങ്ങൾ എത്തിച്ചുകൊണ്ടിരിക്കുന്നത്. ഇതാണ് നിങ്ങളുടെ നയത്തിന്റെ ഒരു മുഖം. മറ്റൊരു മുഖം എന്താണ് ? നവോത്ഥാന കാലം മുതൽ, ദേശീയ പ്രസ്ഥാനത്തിന്റെ കാലം മുതൽ ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ കാലം മുതൽ അതിന്റെ എല്ലാംതന്നെ ശക്തന്മാരും ബഹുജനങ്ങൾ ഏറെ സ്നേഹിക്കുന്നവരുമായിട്ടുള്ള ആളുകൾ പടുത്തുയർത്തിയ നമ്മുടെ നാടിന്റെ മതനിരപേക്ഷതയും മതമൈത്രിയും ഐക്യവും നിങ്ങൾ ഇന്ന് മതതീവ്രവാദികളായിട്ടുള്ള ഭൂരിപക്ഷ-ന്യൂനപക്ഷ-വർഗ്ഗീയ വാദികളുടെ കീഴിൽ അടിയറവച്ചിരിക്കുകയാണ്. അതിന്റെ ഫലമായി നമ്മുടെ നാടിന്റെ ഐക്യവും മതനിരപേക്ഷതയും എന്നെന്നേക്കുമായി തകർന്നുകൊണ്ടിരിക്കുകയാണ്. മുഖ്യമന്ത്രിയുടെ മണ്ഡലത്തിലെ തൈക്കലിൽ ക്രിസ്ത്യാനിയും ഹിന്ദുവും തമ്മിലായിരുന്നു വർഗ്ഗീയ കലാപമെങ്കിൽ ആവർത്തിച്ചുള്ള മാറാട് മറ്റൊരു ചിത്രമാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. കേരളത്തിന്റെ ഓമന മക്കളായ 18 പേർ രണ്ടുകൊല്ലത്തെ ഭരണത്തിനിടയിൽ കശാപ്പ് ചെയ്യപ്പെട്ടു. നിങ്ങളുടെ സാമ്പത്തിക നയത്തിന്റെ ഫലമായി ആത്മഹത്യകളുടെ നമ്പർ പറയുകയാണെങ്കിൽ കാർഷിക മേഖലയിൽ 167, വ്യവസായ മേഖലയിൽ

LIBRARY ARCHIVES Kerala Legislative Assembly

പത്തിരുന്നൂറ്, മറ്റ് മേഖലകളിലെല്ലാം കൂടി ആയിരത്തിൽപ്പരം ആളുകളാണ് ആത്മഹത്യ ചെയ്തത്. അതുപോലെ പട്ടിണി മരണം ആയിരക്കണക്കിന്. ഇതിനുപുറമേയാണ് മതസൗഹാർദ്ദം തകർക്കുന്ന, മതതീവ്രവാദികൾക്ക് കീഴടങ്ങുന്ന ഈ നയത്തിന്റെ ഫലമായി കശാപ്പുകൾ നടന്നുകൊണ്ടിരിക്കുന്നത്. മാറാടിന്റെ ഭീകരമായ സ്ഥിതിക്ക് ഇപ്പോഴെങ്കിലും തെല്ല് മാറ്റമുണ്ടാക്കാൻ കഴിയുന്നോ ? കഴിയുന്നില്ല. വാശിയും വൈരാഗ്യവും സ്പർദ്ധയും കൂട്ടുകയും മറ്റൊരു കശാപ്പിനുവേണ്ടി കത്തിക്ക് മൂർച്ച കൂട്ടുകയും ചെയ്തുകൊണ്ടിരിക്കുകയല്ലേ ഇപ്പോൾ ? അതെ. കാരണം നിങ്ങൾക്ക് ഭൂരിപക്ഷവർഗ്ഗീയതയുടേയും ന്യൂനപക്ഷ വർഗ്ഗീയതയുടേയും മതതീവ്രവാദി നേതാക്കൻമാരെ പിണക്കാൻ പറ്റില്ല. രണ്ടു കൂട്ടരോടും സൗമ്യമായ, സൗഹൃദമായ സമീപനമേ നിങ്ങൾക്ക് കൈക്കൊള്ളാൻ കഴിയുകയുള്ളൂ. ആ നയസമീപനത്തിന്റെ മാതൃകയല്ലേ എന്റെ സ്നേഹിതൻ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ വരച്ചു കാണിക്കാൻ നോക്കിയത് ? അതിന് ചൈനയേയും ബംഗാളിനേയും കൂട്ടുപിടിച്ചുകൊണ്ട് ഇത് കേരളത്തിലെ ജനങ്ങളുടെ പിടലിയിൽ കെട്ടിവയ്ക്കാൻ എന്റെ മാന്യ സ്നേഹിതൻ എത്ര ശ്രമിച്ചാലും ജനങ്ങൾ അത് പേറില്ല, പേറില്ല. നിങ്ങളുടെ തെറ്റായ നയത്തിന്റെ ഫലം ജനങ്ങൾ ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങളുടെ രണ്ട് മുൻഗാമികളായിട്ടുള്ള കോൺഗ്രസ്സുകാരോ യു.ഡി.എഫ്.കാരോ തുടർന്നുപോന്ന നയത്തിൽ നിന്ന് കടകവിരുദ്ധമായ ഒരു നയമാണ് നിങ്ങൾ ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിന് അത്യന്തം ആപത്ക്കരമായ ഒരു നയം. അത് നിങ്ങൾ തിരുത്തുകയും നമ്മുടെ മണ്ണിൽ, നമ്മുടെ ജനതയിൽ, നമ്മുടെ തനിമയിൽ യോജിച്ച് നിന്നുകൊണ്ട് ജനാധിപത്യപരമായ മതനിരപേക്ഷതയുടെ അടിസ്ഥാനത്തിലുള്ള ഒരു പ്രവർത്തനം കാഴ്ചവയ്ക്കാൻ നിങ്ങൾ തുനിയുമെങ്കിൽ നമ്മുടെ പരമ്പരാഗത വ്യവസായത്തിലെ ലക്ഷക്കണക്കിനുള്ള തൊഴിലാളികൾ രക്ഷപ്പെടും. നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ലക്ഷക്കണക്കിന് ജീവനക്കാർ രക്ഷപ്പെടും. നമ്മുടെ കാർഷിക മേഖലയിലെ കൃഷിക്കാരെ എല്ലാ വിധത്തിലും രക്ഷപ്പെടുത്താനുള്ള പരിശ്രമം നടത്താമെങ്കിൽ ആ നിലയ്ക്ക് കേരളത്തിന്റെ സാമ്പത്തിക സ്ഥിതി ആകാവുന്നത്ര സുരക്ഷിതമാക്കാൻ കേന്ദ്രത്തോട് മല്ലടിക്കേണ്ടതായി വരും. കേന്ദ്രത്തിന്റെ സാമ്പത്തിക നയം ഇൻഡ്യയെ ആകെ തന്നെ പാപ്പരത്തത്തിലേക്ക് നയിക്കുന്നതും സാമ്രാജ്യത്വ-കുത്തക-മുതലാളിത്ത രാഷ്ട്രങ്ങളെ സഹായിക്കുന്നതും അവർക്ക് വിടുവേല ചെയ്യുന്നതുമായ ഒരു നയമാണ് കേന്ദ്ര ഗവൺമെന്റ് ബി.ജെ.പി.യുടെ നേതൃത്വത്തിൽ സ്വീകരിച്ചു വരുന്നത്. അതിനെതിരായി പൊരുതിക്കൊണ്ടും കേരളത്തിന്റെ അവകാശത്തിനു വേണ്ടി പോരാടിക്കൊണ്ടുമല്ലാതെ കേരളത്തിന് മുന്നോട്ടുപോകാൻ കഴിയില്ല. ഈ രണ്ടു കൊല്ലത്തെ ഭരണത്തിനിടയിൽ അതികഠിനമായ വരൾച്ചയേയും വമ്പിച്ച പേമാരിയേയും വെള്ളപ്പൊക്കത്തേയും ഉരുൾപ്പൊട്ടലിനേയും നമുക്ക് അഭിമുഖീകരിക്കേണ്ടി വന്നു. കേരളീയരോട് വളരെ നല്ല മനോഭാവത്തോടുകൂടി കുമരകത്ത് വന്ന് ഒരാഴ്ചയോളം സുഖവാസം കഴിഞ്ഞ് ഒരു മനോഹരമായ പ്രഖ്യാപനവും നടത്തി ഡൽഹിയിലേക്ക് കുതിച്ച നമ്മുടെ പ്രധാനമന്ത്രി കേരളത്തിന്റെ വിഷമകരമായ സ്ഥിതിയിൽ അഞ്ച് കാശെങ്കിലും തന്നോ ? എന്റെ

LIBRARY ARCHIVES Kerala Legislative Assembly

പ്രിയസ്നേഹിതൻ ശ്രീ. കെ. എം. മാണി ശ്രീമതി ഗൗരിയമ്മയോടും ശ്രീ. എ.കെ.ആന്റണിയോടും കൂടെ എത്രയോ പ്രാവശ്യം അവിടെ പോയി? കുറെയധികം വിഷമതകളെപ്പറ്റി പറഞ്ഞിട്ടും കേരളത്തിനുവേണ്ടി അഞ്ചു പൈസ തരാത്ത ഈ കേന്ദ്ര ഗവൺമെന്റ് തന്നെയാണ് ഞങ്ങൾക്ക് വാരിക്കോരി തന്നു എന്ന് പുറകിലിരിക്കുന്ന തിരുവഞ്ചൂർ രാധാകൃഷ്ണൻ പറയുന്നത് കഷ്ടമാണ്. നമ്മുടെ ആവശ്യങ്ങൾക്കുവേണ്ടി നിങ്ങൾ നടത്തിയ പരിശ്രമത്തെ ഞങ്ങൾ ശക്തിയായി പിന്താങ്ങുന്നു. നിങ്ങൾ നടത്തിയ പരിശ്രമം ഇനിയും ശക്തമായി തന്നെ നടത്തണം. തരാത്തതിനെപ്പറ്റി കാണാനും അതിനെ സംബന്ധിച്ച് എവിടെയെങ്കിലും നാലുപേരോട് ഒന്ന് കമന്റ് ചെയ്യാനും നമ്മുടെ മുഖ്യമന്ത്രിക്കോ അതുപോലെ ഏതെങ്കിലും മന്ത്രിമാർക്കോ കഴിഞ്ഞോ എന്തോ? ഏതായാലും ഇത്ര ഭയഭക്തി ബഹുമാനം കേന്ദ്രഗവൺമെന്റിനോട് വച്ചുപുലർത്തുന്നതിന്റെ ഫലമായാണ് അണ്ണാക്കിൽ കുത്തിയാലും ഒന്നും വരാനില്ല എന്ന മനോഭാവം ഈ വാജ്പേയിയ്ക്കും കൂട്ടർക്കും ഉണ്ടായിരിക്കുന്നത്. അതുകൊണ്ട് ഇവിടത്തെ ..... (ബഹളം) .....ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണന് എന്തുപറ്റി? ഞാൻ പറഞ്ഞത് തിരുവഞ്ചൂർ രാധാകൃഷ്ണന്റെയോ എ.കെ.ആന്റണിയുടെയോ അണ്ണാക്കിൽ കുത്തിയതിനെപ്പറ്റിയല്ല. കേരളീയ ജനതയുടെ അണ്ണാക്കിൽ വാജ്പേയിയും കൂട്ടരും കുത്തി എന്നത് കാണണം, കാണണം എന്നേ പറഞ്ഞിട്ടുള്ളൂ.

ഇതിൽ പറഞ്ഞിട്ടുള്ള വാചകങ്ങളിൽ എന്തെങ്കിലും വിഷമം ആർക്കെങ്കിലും ഉണ്ടായിട്ടുണ്ടെങ്കിൽ ഞാൻ പിൻവലിക്കുന്നു. ഞാൻ പറയുന്നത്, ഇത്തരത്തിൽ പെരുമാറുന്ന ആളുകളോട് കേരളീയന്റെ, മലയാളിയുടെ മഹത്തായ അന്തസ്സ് ഉയർത്തിപ്പിടിക്കാൻ നമുക്ക് കഴിയണം. ഞാൻ പറഞ്ഞു വന്നത് നിങ്ങളുടെ ഈ തെറ്റായ നയം തിരുത്തണം. അതുപോലെ നമ്മുടെ നാടിന്റെ മത നിരപേക്ഷത കാത്തു സൂക്ഷിക്കുന്നതിന് ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കണം. നിങ്ങളുടെ പോലീസ് നയം, കേരളത്തിലെ ജനങ്ങളുടെ ജീവനും അവരുടെ മാനത്തിനും, അവരുടെ ധനാദികളും രക്ഷിക്കുന്നതിനു വേണ്ടി സഹായിക്കുന്നതല്ലാതെ നിങ്ങളുടെ സാമ്പത്തികമായ ദുർനയങ്ങളുടെ ഫലമായി പരമ്പരാഗത മേഖലയിലെ തൊഴിലാളികൾ, കർഷകർ, കർഷകത്തൊഴിലാളികൾ, മൽസ്യ തൊഴിലാളികൾ, വിദ്യാർത്ഥികൾ അദ്ധ്യാപകർ ഇവരെല്ലാം നിങ്ങളുടെ നയത്തിന്റെ ഫലമായി സമര രംഗത്തേക്ക് ഇറങ്ങാൻ നിർബന്ധിതരാകുകയാണ്. തൊഴിലിനു വേണ്ടി ആഹാരത്തിനു വേണ്ടി അതുപോലെ തന്നെ അമിതമായ ഫീസ് വർദ്ധനവിന് എതിരായി രാപ്പകൽ ബുദ്ധിമുട്ടിയിരുന്ന് പഠിക്കുന്ന നമ്മുടെ കുട്ടികളെ ഭാവി പൗരൻമാരായ വിദ്യാർത്ഥികളെ, മെറിറ്റ് അടയിട്ട് ജയിപ്പിച്ച് അവരെ പുറം തള്ളുന്ന ഒരു സമീപനത്തിന് എതിരായി കേരളത്തിൽ 67 കൊല്ലമായി നില നിൽക്കുന്ന സംവരണം നിരാകരിക്കുന്നതിനെതിരായി ഇങ്ങനെ നടത്തുന്ന സമരങ്ങൾ കണ്ട് നിങ്ങൾ പുച്ഛത്തോടെ പറയുന്നത് എന്താണ്, ഞങ്ങൾ നാടിനെ പുരോഗതിയിലേക്ക് നയിക്കാൻ ശ്രമിക്കുമ്പോൾ വികസനത്തിനെതിരായി നിൽക്കുന്നു എന്ന്. നിങ്ങളുടെ ഏത് വികസനത്തിനാണ് ഞങ്ങൾ എതിര്

LIBRARY ARCHIVES Kerala Legislative Assembly

നിന്നിട്ടുള്ളത്? ചൂണ്ടിക്കാണിക്കൂ. നിങ്ങൾ ജിം സംഘടിപ്പിച്ചു. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പരിഹാസത്തോടുകൂടി പറഞ്ഞു ഞാൻ അവിടെ വന്നതിനെപ്പറ്റി. നിങ്ങളുടെ നിക്ഷേപകരെ, കോടികളുമായിട്ട് വരുന്ന ആളുകളെ, കേരളത്തിനെ വികസിപ്പിക്കാൻ വരുന്ന ആളുകളെ, യാതൊരു തരത്തിലും ഞാൻ തടസ്സപ്പെടുത്തിയിട്ടില്ല. എന്നു മാത്രമല്ല എല്ലാ വിധത്തിലുള്ള ഉൽസാഹവും തരുന്ന പ്രസംഗമാണ് അവിടെ നടത്തിയത്. ഞാൻ ഒരു കാര്യം പറഞ്ഞു, ഓണസ്റ്റ് ആയിട്ട് കേരളത്തിന്റെ വികസനത്തിനുവേണ്ടി വ്യവസായം നടത്താൻ വരുന്ന ആളുകൾക്ക് എല്ലാ സഹായങ്ങളും നാം ചെയ്തുകൊടുക്കണം. ഓണസ്റ്റ് അല്ലാതെ ഡിസ് ഓണസ്റ്റ് ആയിട്ട് വരുന്ന ആളുകളെ അതുപോലെ കൈകാര്യം ചെയ്യണം എന്ന്. പ്രധാനമന്ത്രി അത് കാട്ട് ചെയ്ത് ആ കാര്യം മാത്രം നമ്മുടെ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി എന്നാണ് ഞാൻ കരുതുന്നത്. എന്തോ ആകട്ടെ ജിം കഴിഞ്ഞിട്ട് നിങ്ങൾ നമ്മുടെ പെരിയാർ മലമ്പുഴ നദികളിലെ വെള്ളം, നമ്മുടെ കടലിന് അപ്പുറെയുള്ള മണ്ണ് , ഇതെല്ലാം കച്ചവടം ചെയ്യാൻ പോകുന്നു എന്ന വാർത്ത വന്നപ്പോൾ നമുക്ക് കുടിവെള്ളം നഷ്ടപ്പെടാതിരിക്കാൻ വേണ്ടി നമ്മുടെ മൽസ്യത്തൊഴിലാളികൾ തെരുവാധാരമാകാതിരിക്കാൻ വേണ്ടി. ഞങ്ങൾ ഒന്നു ശബ്ദിച്ചു. ശബ്ദിക്കണ്ടേ. വെള്ളത്തിന്റെ കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, സബ്മിഷനിൽ, പമ്പാ അച്ചൻകോവിൽ നദികളിലെ വെള്ളം കൊടുക്കാൻ, ഇലക്ട്രിസിറ്റി അത്യന്താപേക്ഷിതമായതുകൊണ്ട് വളരെ ഗൗരവമായിട്ടാണ് ഗവൺമെന്റ് കൈകാര്യം ചെയ്തത്. കുടിവെള്ളത്തിന്റെ പ്രശ്നത്തിൽ പമ്പാ അച്ചൻ കോവിൽ എന്നുള്ളതുപോലെ, ഇപ്പോൾ അതിന്റെ ശബ്ദം കേൾക്കുന്നില്ല എന്നുള്ളതുകൊണ്ട് ഞങ്ങൾ പറഞ്ഞതിന്റെ സത്യം ഉണ്ടെന്നു മനസ്സിലാക്കി കച്ചവടത്തിനു വന്ന ജിം കാരെ കുറച്ച് അലോസരമായിട്ട് കാണും എന്നാണ് എനിക്ക് തോന്നുന്നത്. മലമ്പുഴയുടെ കാര്യത്തിലുമെല്ലാം ജിമ്മിൽ തന്നെ വയ്ക്കുകയായിരുന്നു എന്നാണ്, ഗൾഫ് നാടുകളിൽ നിന്നോ മറ്റോ വന്ന കമ്പനിക്കാരോട് ഏതാണ്ട് കരാറ്, എം.ഒ.യു. വച്ചിരുന്നു എന്നു കേട്ടിരുന്നു. ഇപ്പോൾ അത് എന്തായി എന്ന് അറിയില്ല. ഇങ്ങനെയുള്ള പ്രശ്നത്തിൽ നമുക്ക് കുടിവെള്ളം മുട്ടിക്കരുത് എന്നുള്ള നിലയിൽ, മൽസ്യത്തൊഴിലാളികളെ തെരുവിലിറക്കരുത് എന്നുള്ള നിലയിൽ ശക്തമായ പ്രതിഷേധം ഇവിടെ ഞങ്ങൾ പ്രകടിപ്പിച്ചു എന്നുള്ളതല്ലാതെ ഏത് വികസനത്തിനാണ് ഞങ്ങൾ എതിര് നിന്നിട്ടുള്ളതെന്ന് പറഞ്ഞാൽ ഞങ്ങൾക്ക് തിരുത്താൻ സഹായകമാകും. എണ്ണിയെണ്ണി പറഞ്ഞാൽ ഞങ്ങൾക്ക് തിരുത്താൻ സഹായകമാകും. ഞങ്ങൾ അത് കേൾക്കട്ടെ, അങ്ങനെ ഒന്നും ചെയ്തിട്ടില്ല എന്നു മാത്രമല്ല നിങ്ങൾ നടത്തുന്ന വികസന പ്രവർത്തനം എന്താണെങ്കിലും അത് കേരളത്തിന്റെ വികസന പ്രവർത്തനമായി കാണാനും അതുകൊണ്ട് 10 തൊഴിൽരഹിതർക്കെങ്കിലും തൊഴിൽ കിട്ടുമെന്നു കണ്ടാൽ അതിൽ സന്തോഷിക്കാനും കഴിയുന്നവരാണ് ഇപ്പുറത്ത് ഇരിക്കുന്നവരെന്ന് നിങ്ങൾ മനസ്സിലാക്കണം. അതുകൊണ്ട് ജനങ്ങളുടെ കണ്ണിൽ പൊടി ഇട്ട് നിങ്ങൾ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന എ.ഡി.ബി. വിടുവാഴ്ച നമുക്ക് നല്ലതല്ല. നിങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ കണക്കു കൂട്ടിയിരിക്കുന്നത് എന്താണ് 2006 ആകുമ്പോഴേക്കും കുടിശ്ശികയെല്ലാം വാങ്ങി ഏതാണ്ട് ഒൻപതര ശതമാനം പലിശയോടുകൂടി ഇനി വരുന്നവൻ കൊടുക്കട്ടെ ഈ കടം എല്ലാം വാങ്ങുക നല്ലതുപോലെ ഇട്ട് ചവിട്ടി ചെലവാക്കുക. കടം 15 കൊല്ലം കൊണ്ട് കൊടുക്കണമെന്നാണല്ലോ കരാർ. ആ നിലയിൽ നമ്മുടെ നാടിനെ കുഴപ്പത്തിലേക്ക് തള്ളരുത്. അവരോട് പറയണം, സംസാരിക്കണം, കൂട്ടുകാരെ ഇടപാട് ഞങ്ങൾ മനസ്സിലാക്കി. ഞങ്ങളുടെ നാടിനെ വല്ലാത്ത തലത്തിലേയ്ക്ക് കൊണ്ടു പോകുകയാണ്. വേറെ വല്ലവരിൽ നിന്നും കുറച്ചു പണം കിട്ടുമോ എന്ന് നോക്കട്ടെ. അല്ലെങ്കിൽ നാട്ടിലെ ജനങ്ങളോടു തന്നെ കൈ നീട്ടാൻ ഉദ്ദേശിച്ചിരിക്കുകയാണ്, എന്ന നിലയ്ക്ക് ഒരു സമീപനം സ്വീകരിക്കണം. പ്രതിപക്ഷത്തെ കുറ്റം പറഞ്ഞുകൊണ്ട് നിങ്ങളുടെ ഈ ദുർനയങ്ങൾ, ദുഷ്ട നയങ്ങൾ കേരളത്തിലെ ജനങ്ങളുടെ മേൽ ഇനിയും അടിച്ചേൽപ്പിക്കാൻ ശ്രമിക്കരുത് എന്നു പറഞ്ഞുകൊണ്ട് ഈ ഡിമാന്റിനെ ശക്തിയായി എതിർക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ, ഇന്നത്തെ ചർച്ചയിൽ ബഹുമാനപ്പെട്ട പല മെമ്പർമാരും ഈ വകുപ്പിനെക്കുറിച്ച്, ഇൻഫർമേഷൻ ടെക്നോളജിയെക്കുറിച്ച് വിമർശിച്ചു. ഈ കുറഞ്ഞ കാലഘട്ടത്തിനുള്ളിൽ, 2 വർഷം എന്ന് ഞാൻ പറയുന്നില്ല. തുടർച്ചയായ ഒരു കണ്ടിന്യൂറ്റിയുടെ അടിസ്ഥാനത്തിൽ 3 വർഷം നടന്ന പ്രവർത്തനങ്ങളുടെ ഫലമായി 2 വർഷത്തിനുള്ളിൽ അതിന് ഊന്നൽ കൊടുത്തുകൊണ്ട് പോളിസി പ്രഖ്യാപിച്ച് കാര്യക്ഷമമായി നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി..... ശ്രീ.ഷിബു ബേബിജോൺ പറഞ്ഞതുപോലെ, ഇന്റർനാഷണൽ, നാഷണൽ അതുപോലെതന്നെ എല്ലാ രംഗത്തും അഭിപ്രായം പറയുന്ന ആളുകളുണ്ട് — ആധികാരിക സമിതികളും ഏജൻസികളുമൊക്കെ കേരളത്തെ സംബന്ധിച്ചിടത്തോളം ഇൻഫർമേഷൻ ടെക്നോളജി ടൂറിസത്തിനുശേഷം വളരെ ശക്തമായി വളർന്നു വരികയാണ് എന്നുള്ള അഭിപ്രായം പറയുന്നത്. ഒരു അഭിപ്രായം ഐകകണ്ഠ്യേന ഈ സഭാതലത്തിൽ എല്ലാവരുടേയും പിന്തുണയോടുകൂടി ലഭിച്ചതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അവസാനം പ്രസംഗിച്ചപ്പോൾ പൊതുവിൽ അനുകൂലമായി പ്രതിപക്ഷം എടുക്കുന്ന നിലപാടിനെക്കുറിച്ച് പറയുകയുണ്ടായി. ഗവൺമെന്റ്, പ്രത്യേകിച്ച് ഡെവലപ്മെന്റ് ഡിപ്പാർട്ടുമെന്റ് എന്നുള്ള നിലയ്ക്ക് എനിക്ക് അതിൽ വളരെ സന്തോഷമുണ്ട്. ഐ.റ്റി.യിൽ ഈ 2 വർഷത്തിനുള്ളിൽ പ്രധാനപ്പെട്ട പ്രൊജക്ഷനുവേണ്ടി ഞങ്ങൾ ശ്രമിച്ച പരിപാടികൾക്കൊക്കെ പ്രതിപക്ഷത്തുനിന്നും പിന്തുണ കിട്ടിയിട്ടുണ്ട്. അതൊക്കെ നമുക്ക് ഗുണം ചെയ്യും. അങ്ങനെ പോയാൽ മാത്രമേ നിക്ഷേപ സാദ്ധ്യത വർദ്ധിപ്പിക്കാൻ സാധിക്കൂ. ഐ.റ്റി.യിൽ പ്രധാനമായും ഊന്നൽ കൊടുത്തിരിക്കുന്നത് രണ്ട് മൂന്ന് കാര്യങ്ങൾക്കാണ്. ഒന്ന്, കേരളം ഏറ്റവും നിക്ഷേപ സാദ്ധ്യതയുള്ള സ്റ്റേറ്റാണ് എന്നുള്ള നിലയ്ക്ക് നമ്മൾ പ്രൊജക്ട് ചെയ്തുകഴിഞ്ഞു. അത് ലോകം അംഗീകരിച്ചിട്ടുണ്ട്. ഔദ്യോഗിക ഏജൻസികളൊക്കെ കേരളത്തിൽ നടക്കുന്ന പ്രവർത്തനങ്ങളെ പ്രകീർത്തിച്ച കാര്യമാണ് മെമ്പർമാർ ഇവിടെ പറഞ്ഞത്. അടിസ്ഥാനപരമായി നമ്മൾ

LIBRARY ARCHIVES Kerala Legislative Assembly

മനസ്സിലാക്കേണ്ടത്, ഐ.റ്റി.യുടെ കാര്യത്തിൽ അത്ര നല്ല കാലഘട്ടമൊന്നുമല്ല ഇപ്പോൾ. പ്രയാസങ്ങൾ നിലനിൽക്കുന്ന സമയമാണ്. ആ സമയത്തും നമ്മുടെ ഏറ്റവും വലിയ കുറവ്, മേജർ കമ്പനികൾ കേരളത്തിൽ നിക്ഷേപിച്ചിരുന്നില്ല. നിക്ഷേപ തീരുമാനങ്ങൾ എടുത്തിരുന്നില്ല എന്നുള്ള ഒരു സ്ഥിതി തിരുത്താൻ കഴിയണം. ഈ ഗണത്തിൽ ഏറ്റവും പ്രധാനപ്പെട്ട കമ്പനികൾ, ഇൻഫോസിസ് പോലുള്ള കമ്പനികൾ കേരളത്തിൽ മുതൽമുടക്കാൻ തീരുമാനിച്ചതാണ് പ്രധാനമായി ഉണ്ടായിരിക്കുന്ന നേട്ടം. അവർ വളരെ ധൃതഗതിയിൽ മുന്നോട്ടു പോയിക്കൊണ്ടിരിക്കുകയാണ്. ഇൻഫോസിസ് നിക്ഷേപ തീരുമാനം എടുത്ത് മുന്നോട്ടു പോയിക്കൊണ്ടിരിക്കുകയാണ്. ഇൻഫോസിസിന്റെയൊക്കെ പ്രവർത്തനം, ഇന്റർനാഷണലായി വന്നിട്ടുള്ള ഐ.റ്റി. റിസഷൻ നിലനിൽക്കുന്ന സമയത്താണ് കേരളത്തിൽ നിക്ഷേപിക്കാൻ അവർ തീരുമാനം എടുക്കുന്നത് എന്നുള്ളതാണ് ശ്രദ്ധേയമായിട്ടുള്ളത്. ഏറ്റവും നല്ല സമയമല്ല ഇപ്പോൾ. അത് നമുക്ക് മിസ് ചെയ്ത് പോയതാണ്. ഒരുപാട് നിക്ഷേപങ്ങൾ ടെക്നോപാർക്കിൽ വരുന്നു. പക്ഷേ അതിനേക്കാൾ മേജർ കമ്പനികൾ, സതേൺ ലാൻഡ്, എച്ച്.സി.എൽ, മക്കൻസി, ഏണസ്റ്റ് ആന്റ് യങ്, വിപ്രോ തുടങ്ങിയുള്ള മേജർ കമ്പനികളെയാണ് കേരളത്തിൽ നിക്ഷേപം നടത്താൻവേണ്ടി നമ്മൾ ഇപ്പോൾ ആകർഷിക്കാൻ പോകുന്നത്. അതിനനുകൂലമായ ഒരു അന്തരീക്ഷം വന്നിട്ടുണ്ട്. അപ്പോൾ ഇൻഡ്യയിൽ ഏറ്റവും വലിയ പരിശീലന കേന്ദ്രം ടെക്നോപാർക്കിൽ തിരുവനന്തപുരത്ത് തുടങ്ങാൻവേണ്ടി റ്റി.സി.എസ്. ഇപ്പോൾ തീരുമാനിച്ചു കഴിഞ്ഞു. 10 ഏക്കർ സ്ഥലം വാങ്ങി അതിനുള്ള അനുവാദവും കൊടുത്തു കഴിഞ്ഞു. അപ്പോൾ നിക്ഷേപ രംഗത്ത് നമുക്കിപ്പോൾ ഇതിന്റെ പ്രവർത്തനഫലം സ്ട്രോങ്ങ് ഫൗണ്ടേഷൻ ഇട്ടുകഴിഞ്ഞു. അതാണ് പ്രത്യേകത. ഇനി ഇതിന്റെ റിസൾട്ട് കാണണം. കർണ്ണാടകയുടെ ഏറ്റവും വലിയ നേട്ടം എന്നുപറയുന്നത് അവർ ഓരോ വർഷവും എക്സ്പോർട്ടിൽ വൻ ഫിഗർ ഉണ്ടാക്കുന്നു. സോഫ്റ്റ്വെയർ എക്സ്പോർട്ടിൽ. വൻ കമ്പനികൾ ഫുൾ സ്വിംഗ് ആയിട്ട് പ്രവർത്തിക്കുമ്പോൾ മാത്രമേ നമ്മുടെ സോഫ്റ്റ് വെയർ എക്സ്പോർട്ട് ഒക്കെ വലുതായിട്ട് കാണാൻ കഴിയൂ. അതിന് കൂട്ടായ പ്രവർത്തനം വേണം. അതിൽ ഒരുപാട് പോരായ്മകൾ നമുക്കുണ്ട്. കൊച്ചിയിൽ നമുക്കുണ്ടായിരുന്ന ടെക്നോപാർക്കിലെ സ്ഥലം മുഴുവൻ സോൾഡ് ഔട്ടാണ്. വളരെ കുറച്ചു സ്ഥലമേ കഴിഞ്ഞകാലങ്ങളിൽ പോയിട്ടുള്ളൂ. കിൻഫ്രാ പാർക്കിലുള്ളത്, കാക്കനാട് പാർക്കിലുള്ളത് മുഴുവൻ സ്ഥലവും വിറ്റുകഴിഞ്ഞു. അവിടെയുണ്ടായിരുന്ന ബിൽറ്റ് അപ്പ് ഏരിയയിൽ ഇനി വളരെ കുറച്ച് സ്ഥലം മാത്രമേ ബാക്കിയുള്ളൂ. ടെക്നോപാർക്കിൽ ഏതെങ്കിലും ഒരു കമ്പനിയുടെ താൽക്കാലിക പ്രവർത്തനങ്ങൾ അവിടെ തുടങ്ങാനുള്ള നിർദ്ദേശങ്ങൾ ഫൈനലൈസ് ചെയ്തുകഴിഞ്ഞാൽ ഇവിടെയും കംപ്ലീറ്റായിട്ട് കഴിഞ്ഞു. ട്രെയിനിംഗ് സെന്ററിനുള്ള സ്ഥലം എടുത്തതോടുകൂടി തിരുവനന്തപുരം ടെക്നോപാർക്കിലുള്ള സ്ഥലവും തീർന്നു. നമുക്ക് ഒരു വലിയ പ്രോബ്ലം വന്നിരിക്കുന്നു. അടിയന്തിരമായി കൊച്ചിയിൽ ഒരു ടെക്നോപാർക്ക് ഉണ്ടാക്കിയേ മതിയാകൂ. അല്ലെങ്കിൽ നമുക്ക് ഇനി കൊടുക്കാൻ സ്ഥലമില്ല. അതുപോലെ തന്നെ കുറച്ചുകൂടി സ്ഥലം എടുത്ത് എക്സ്പാന്റ് ചെയ്തേ മതിയാകൂ.

LIBRARY ARCHIVES Kerala Legislative Assembly

അല്ലെങ്കിൽ നമുക്ക് സ്ഥലം ഇല്ല. തിരുവനന്തപുരത്തെ ടെക്നോപാർക്കിൽ കൂടുതൽ സ്ഥലം എടുത്ത് ഒരു ഐ. ടി. കോറിഡോറിന്റെ പ്രവർത്തനവുമായി, അതിന്റെ എക്സ്പാൻഷനുമായി മുന്നോട്ടുപോയി കൊണ്ടിരിക്കുകയാണ്. അത് നമ്മുടെ തിരുവനന്തപുരത്തെ എം.എൽ.എ. മാർക്കെല്ലാം അറിയാം. തിരുവനന്തപുരവും കൊച്ചിയും ഒരേപോലെ ഐ.റ്റി. മേഖലയിൽ വളർന്നുവരുന്ന സൂചനകളാണ്. ഇവിടെ മെമ്പർമാർ 'അക്ഷയ' പദ്ധതിയെക്കുറിച്ച് പരാമർശിക്കുകയുണ്ടായി. ഒരു ഭാഗത്ത് നിക്ഷേപ സാദ്ധ്യത നോക്കുമ്പോൾ മറുവശത്ത് ഇ-ഗവേണൻസും ബാക്കി ഐ.റ്റി.യിൽ ചെയ്യേണ്ട കാര്യങ്ങളും ചെയ്യുംപോൾത്തന്നെ കേരളത്തിനു മാത്രം യുണിക് ആയിട്ടുള്ള, കേരളത്തിനുമാത്രം ചെയ്യാൻ കഴിയുന്ന ഐ.റ്റി. രംഗത്തുള്ള ചില പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകാൻ കഴിയും. അത് ജനങ്ങൾക്ക് ഏറ്റവുമധികം ഗുണം കിട്ടും. അവർക്ക് ഇവിടെയും പുറത്തും കമ്പ്യൂട്ടർ കൊണ്ട് കൂടുതൽ തൊഴിൽ സാദ്ധ്യത കണ്ടെത്താനും കഴിയും. ലിറ്ററസി നമ്മെ ഏതു രീതിയിൽ സഹായിച്ചോ അതുപോലെ ഐ.റ്റി. ലിറ്ററസികൊണ്ട് കേരളത്തെ നമ്പർ വൺ സ്റ്റേറ്റ് ആക്കുക എന്നുള്ള ലക്ഷ്യമാണ്. അത് ആകും യാതൊരു സംശയവും വേണ്ട. കേരളത്തിനു മാത്രമേ ഐ.റ്റി. ലിറ്ററസിയിൽ മറ്റെല്ലാ സ്റ്റേറ്റിനെക്കാളും മുന്നോട്ടു പോയി ഇതുകൊണ്ട് ഗുണം ഉണ്ടാക്കാൻ കഴിയൂ. അതിനുവേണ്ടിയുള്ള ഒരു വൻ പദ്ധതിയാണ് 'അക്ഷയ.' അതിന്റെ ഉൽഘാടനത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവുമൊക്കെ പങ്കെടുത്തിരുന്നു. എല്ലാ പൊളിറ്റിക്കൽ പാർട്ടീസും ചേർന്നു. മലപ്പുറത്ത് അതിന്റെ പൈലറ്റ് പ്രോജക്ട് വൻ വിജയമായിരുന്നു. ഗ്രാമങ്ങളിൽ പോയി നോക്കിക്കഴിഞ്ഞാൽ അക്ഷയ സെന്ററിന്റെ ആകർഷണീയത മനസ്സിലാക്കാൻ കഴിയും. അത് കേരളത്തിൽ വ്യാപകമായി നടപ്പിലാക്കാൻവേണ്ടി യാതൊരു സങ്കോചവുംകൂടാതെ ഏതുപോലെ ലിറ്ററസി പദ്ധതി നമ്മൾ നടപ്പിലാക്കിയോ അതേ രീതിയിൽ ഈ അക്ഷയ പദ്ധതിയും നടപ്പിലാക്കിക്കൊണ്ട് ഐ.റ്റി. ലിറ്ററേറ്റ് സ്റ്റേറ്റായി കേരളത്തെ മാറ്റാനുള്ള സമയബന്ധിത പരിപാടിയുമായി ഗവണ്മെന്റ് മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. അതുപോലെ തന്നെ ഗ്രാജുവേറ്റ്സിനും അഭ്യസ്തവിദ്യരായ ആളുകൾക്കും ഒരു വൻ ട്രെയിനിംഗ് പ്രോഗ്രാം ഉണ്ട്. മറ്റൊരു പരിപാടി അതാണ്. ജനങ്ങൾക്ക് വളരെ ഗുണം ചെയ്യുന്ന ഈ 2 പരിപാടികൾ കൂടി ഐ.റ്റി. ഡിപ്പാർട്ടുമെന്റ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അതുകൊണ്ട് ട്രെയിനിംഗ് കൊടുത്ത് ജനങ്ങളെ പ്രാപ്തരാക്കി അവരെ ഐ.റ്റി ലിറ്ററേറ്റാക്കി ദേശത്തും വിദേശത്തുമൊക്കെ ജോലിക്ക് പ്രാപ്തരാക്കുന്ന വിധത്തിലുള്ള പ്രവർത്തനമാണ്. ഈ 2 പ്രവർത്തനങ്ങൾ കൊണ്ട് കേരളത്തിൽ വൻപിച്ച മാറ്റങ്ങളുണ്ടാക്കാൻ കഴിയും. അതിന് എല്ലാ ഭാഗങ്ങളിൽ നിന്നും കിട്ടുന്ന പിന്തുണയ്ക്ക് ഒരിക്കൽക്കൂടി നന്ദി പറഞ്ഞുകൊണ്ട് ഈ ഡിമാന്റ് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : ബഹുമാനപ്പെട്ട സ്പീക്കർ സർ, ഈ തവണത്തെ ബഡ്ജറ്റ് സമ്മേളനത്തിലെ ഡിമാന്റ് ചർച്ചകൾ ഇന്ന് ആരംഭിക്കുകയാണ്. പ്രതിപക്ഷത്തും ഭരണപക്ഷത്തുമുള്ള ബഹുമാന്യരായ അംഗങ്ങൾ പൊതുഭരണത്തെക്കുറിച്ചുള്ള ചർച്ചയിൽ ഇടപെട്ടുകൊണ്ട് പൊതുഭരണവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളെക്കുറിച്ചും വിവിധ ഡിപ്പാർട്ടുമെന്റുകൾ കൈകാര്യം ചെയ്യുന്ന വിഷയങ്ങളെക്കുറിച്ചും എല്ലാം ഇവിടെ പരാമർശിക്കുകയുണ്ടായി. അതോടൊപ്പം ദേശീയതലത്തിലെ ചില പ്രശ്നങ്ങളും പരാമർശന വിഷയമായി. ഈ ചുരുങ്ങിയ സമയത്തിനുള്ളിൽ ബഹുമാനപ്പെട്ട മെമ്പർമാർ ഉന്നയിച്ച എല്ലാ മേഖലകളെക്കുറിച്ചും വിശദീകരിക്കാൻ സമയക്കുറവുകൊണ്ട് ഞാൻ തയ്യാറാകുന്നില്ല. ഡിമാന്റ് ചർച്ചകൾ ഇനിയും തുടർന്ന് നടക്കും. വിവിധ ഡിപ്പാർട്ടുമെന്റുകൾ കൈകാര്യം ചെയ്യുന്ന പ്രശ്നങ്ങളെക്കുറിച്ച് തുടർന്നുള്ള ദിവസങ്ങളിൽ എന്റെ സഹപ്രവർത്തകൻമാർ വിശദീകരിക്കും എന്നുള്ളതുകൊണ്ട് ഞാനും കൂടുതൽ വിശദമായി അങ്ങോട്ട് കടക്കുന്നില്ല. നിയമസമാധാനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും നാളെ ആഭ്യന്തര വകുപ്പിന്റെ ചർച്ച നടക്കുന്ന സാഹചര്യത്തിൽ ഒരു ആവർത്തനം വേണ്ട എന്നതുകൊണ്ട് നാളത്തേയ്ക്ക് മാറ്റി വയ്ക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവാണ് ഇന്ന് നടന്ന ചർച്ചകൾക്ക്, വിമർശനങ്ങൾക്ക് ഒരർത്ഥത്തിൽ സമാപനം കുറിച്ചത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ ചുരുങ്ങിയ വാചകത്തതിലാണെങ്കിലും വിഷയങ്ങൾ ധാരാളം അവതരിപ്പിച്ചു. കഴിഞ്ഞ 2 വർഷമായി ഈ സർക്കാർ തുടരുന്ന നയങ്ങൾ കേരളത്തെയാകെ, കേരളത്തിലെ സമസ്ത മേഖലകളേയും ജനങ്ങളെയാകെയും തകർച്ചയിലേയ്ക്ക് നയിച്ചു എന്നാണാരോപണം.

ഈ സർക്കാർ അധികാരം ഏൽക്കുന്നതിനു മുമ്പുള്ള കാലഘട്ടം എന്തായിരുന്നു. തൊട്ടു മുമ്പു ഭരിച്ച ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ അവസാനത്തെ മൂന്നു വർഷങ്ങൾ ഈ സംസ്ഥാനത്തെ എവിടെ കൊണ്ടെത്തിച്ചു. ആ ഭരണമല്ലേ സംസ്ഥാനത്തെ തകർച്ചയിലേയ്ക്ക് എത്തിച്ചത്. ആരു വിചാരിച്ചാലും രക്ഷപ്പെടുത്താൻ കഴിയാത്ത തകർച്ചയുടെ ഒരു പാതാളത്തിൽ ഈ സംസ്ഥാനത്തെ എത്തിച്ചത് കഴിഞ്ഞ എൽ. ഡി. എഫ്. ഭരണമാണ്. രണ്ടു വർഷംകൊണ്ട് ഈ സർക്കാർ ക്ഷമയോടുകൂടി, സംയമനത്തോടുകൂടി, ദീർഘവീക്ഷണത്തോടുകൂടി തുടർന്ന നയ സമീപനങ്ങളുടേയും കർമ്മ പരിപാടികളുടേയും ഫലമല്ലേ നശിച്ചുപോയ കേരളത്തിന്റെ സമ്പദ്ഘടനയെ വീണ്ടും ഉയർത്തെഴുന്നേൽപ്പിന്റെ പാതയിലേയ്ക്ക് കൊണ്ടുവരാൻ സാധിച്ചത്. അതല്ലേ സത്യം. സംസ്ഥാന സർക്കാരിന്റെ പൊതു സാമ്പത്തിക നിലയിലുണ്ടായ മെച്ചം മാത്രമല്ല സംസ്ഥാനത്തിന്റെ പൊതുവായ സമ്പദ്ഘടനക്കും ഇന്ന് ജീവൻ വച്ചില്ലേ. മുരടിച്ചുപോയ ഈ സംസ്ഥാനത്തിന്റെ സമ്പദ്ഘടന വീണ്ടും പുഷ്ടിപ്പെട്ടു വരികയാണ്. സമ്പദ്ഘടനയുടെ എല്ലാ മേഖലയിലും വീണ്ടും ഒരു റിവ്യൂ ഉണ്ടാവുകയാണ്. വീണ്ടും ഉയർത്തെഴുന്നേൽക്കുകയാണ്. കാർഷിക സമ്പദ് ഘടനയാണ് കേരളത്തിന്റെ നട്ടെല്ല്. തേയില തുടങ്ങിയ ചില മേഖലകൾ മാറ്റിനിറുത്തിയാൽ കാർഷിക സമ്പദ്ഘടനയിൽ മൊത്തത്തിൽ ഇന്ന് കേരളത്തിൽ വീണ്ടും ഐശ്വര്യത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

അന്തരീക്ഷം വളർന്നുവരുന്നു. കേരളത്തിലെ നാട്ടിൻപുറങ്ങളിൽ, കേരളത്തിലെ പട്ടണങ്ങളിൽ രാവും പകലും സഞ്ചരിക്കുന്നവർക്ക് കഴിഞ്ഞ രണ്ടുമൂന്നു വർഷങ്ങൾക്കു മുമ്പുള്ള കേരളത്തിലെ ജനജീവിതം കേരളത്തിലെ കുടകമ്പോളങ്ങളിലെ സ്ഥിതി, നാട്ടിൻപുറങ്ങളിലെ സ്ഥിതി, സാധാരണജനങ്ങളുടെ ജീവിതത്തിലുണ്ടായിട്ടുള്ള സ്ഥിതി, ഇതൊക്കെ വച്ചു നോക്കുമ്പോൾ സത്യസന്ധമായി വിലയിരുത്തുന്നവർക്ക് പുരോഗതിയുണ്ടായിട്ടുണ്ടെന്ന് മനസ്സിലാകും. പ്രതീക്ഷയ്ക്കൊപ്പിച്ച് കാര്യങ്ങളെല്ലാം ആയി എന്ന് ഞാൻ പറയുന്നില്ല. കുറച്ചുകൂടെ വേഗത ഉണ്ടായാൽ നന്നായിരുന്നു എന്ന് സ്നേഹിക്കുമ്പോഴും അഭിനന്ദിക്കുമ്പോഴും കുറ്റപ്പെടുത്തുന്നവർ കാണും. പക്ഷെ ഈ രണ്ടു വർഷത്തെ പ്രവർത്തനത്തിന്റെ ഫലമായി സമ്പദ്ഘടനയിൽ വളർച്ചയുണ്ടായിരിക്കുന്നുവെന്നതാണ് സത്യം. ഞങ്ങൾ ആദ്യവർഷം പദ്ധതികൾ നടപ്പാക്കുന്ന കാര്യത്തിൽ കുറെ പ്രയാസപ്പെട്ടുവെങ്കിലും കഴിഞ്ഞ വർഷം ആദ്യം പദ്ധതി 4,026 കോടി രൂപയായി അംഗീകരിച്ചു, പക്ഷെ അത് വീണ്ടും 3,425 ആയി വെട്ടിക്കുറയ്ക്കേണ്ടി വന്നു. വർഷാവസാനത്തിൽ 3,425 കോടി രൂപയുടെ പദ്ധതി അതിനേക്കാൾ കൂടുതൽ തുക ചെലവഴിച്ചുകൊണ്ട് പൂർത്തീകരിക്കാൻ കഴിഞ്ഞു. ഇത്തവണ 4,430 കോടിരൂപയുടെ ഒരു വാർഷികപദ്ധതി ആരംഭിക്കുന്നതിനും കഴിഞ്ഞു. മുൻ വർഷത്തേക്കാൾ ഏതാണ്ട് 900 കോടിരൂപ ഈ വർഷം വാർഷികപദ്ധതിക്കു വേണ്ടി ചെലവഴിക്കുകയുണ്ടായി. ഈ വാർഷിക പദ്ധതിയുടെ പ്രത്യേകത നാമാരും ഇതുവരെ ശ്രദ്ധിക്കാതിരുന്ന ചില മേഖലകളിൽ ഈ സർക്കാരിന്റെ ശ്രദ്ധ പതിയാൻ തുടങ്ങിയിട്ടുണ്ട് എന്നതാണ്. അതിന് ഞങ്ങളെ പ്രേരിപ്പിച്ചതിൽ എല്ലാപേർക്കും പങ്കുണ്ട്. കേരളത്തിലെ കുടുംബശ്രീ അഭിമാനകരമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന പ്രസ്ഥാനമാണ്. ആ കുടുംബശ്രീ നടത്തിയ സർവ്വേയിൽ ഒരു കാര്യം കണ്ടെത്തി. കേരളത്തിലെ പൊതുമനസ്സാക്ഷി ഞെട്ടേണ്ട കാര്യമാണ്. ഇതുവരെ കേരളം ഭരിച്ച എല്ലാ ഭരണകൂടങ്ങളും ലജ്ജിക്കേണ്ട കാര്യമാണ്. ഇവിടത്തെ എല്ലാ പ്രസ്ഥാനങ്ങളും ആലോചിക്കേണ്ട കാര്യമാണ്. 10-ാം പഞ്ചവൽസര പദ്ധതി നടപ്പാക്കുന്ന കേരളത്തിൽ സ്വാതന്ത്ര്യം കിട്ടി ഇത്രയേറെ വർഷം കഴിഞ്ഞിട്ടും ഈ സംസ്ഥാനത്തെ ഒരു ശതമാനത്തോളം ജനങ്ങൾ ഇത്രയുംനാൾ ഈ സംസ്ഥാനത്ത് നടപ്പാക്കിയ ഒരു പദ്ധതിയുടേയും ഒരാനുകൂല്യവും പറ്റാത്തവരാണ്. ഏതാണ്ട് ഒന്നര ശതമാനത്തോളം ജനങ്ങൾ, ആഴ്ചയിൽ നറുക്കിട്ട് വീട്ടിലെ കുടുംബാംഗങ്ങൾ ഭക്ഷണം കഴിക്കുന്ന കുടുംബങ്ങൾ കേരളത്തിലുണ്ട്. ഈ സർക്കാർ 10-ാം പദ്ധതി ആവിഷ്ക്കരിച്ചപ്പോൾ അവരെക്കൂടി കണ്ടുകൊണ്ടാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. ദാരിദ്ര്യ രേഖയ്ക്കു താഴെ, അതിലും ഏറ്റവും അടിത്തട്ടിൽ കിടക്കുന്നസാധാരണ ജനങ്ങളുടെ പ്രയാസങ്ങൾ പരിഹരിക്കാൻ ഇന്ത്യയിൽ ആദ്യമായി ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുള്ള ഒരു പ്രത്യേക പരിപാടി(Anti 'poverty plan) കേരളത്തിൽ നടപ്പാക്കാൻ തുടങ്ങിയിരിക്കുകയാണ്. ഭരണ പരിഷ്ക്കാരത്തെക്കുറിച്ച് നിങ്ങൾ പറഞ്ഞു. എ.ഡി.ബി. ചർച്ചയൊക്കെ ഇനിയും വരുന്നുണ്ടല്ലോ, ഞാൻ ദീർഘമായി അതിന് സമയം കളയുന്നില്ല. അതൊരു യാഥാർത്ഥ്യമാണ്. തുടങ്ങിവച്ചത് ആരാണെന്ന് നിങ്ങൾക്കറിയാം. നമ്മൾ തമ്മിൽ ഡിബേറ്റ് നടത്തി പോയിന്റ് സ്കോർ ചെയ്യാൻ

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ആഗ്രഹിക്കുന്നില്ല. നിങ്ങൾ വർഷങ്ങളോളം വളരെ കഷ്ടപ്പെട്ട് ശ്രമിച്ച ഒരു കാര്യം ഞങ്ങളുടെ കാലത്ത് അവസാന ലക്ഷ്യത്തിലെത്തി എന്നുള്ളതാണ് സത്യം. ഏതായാലും ആ വായ്പ വാങ്ങി, അതിൽ ഒരു ഭാഗം മോഡേണൈസേഷൻ ഓഫ് ഗവൺമെന്റ് പ്രോഗ്രാമിനു വേണ്ടിയാണ്. ഭരണം നവീകരിക്കാൻ വേണ്ടിയാണ്. ഭരണം നവീകരിക്കേണ്ടത് ആവശ്യമാണ്. അതിനു വേണ്ടി അത് നീക്കി വയ്ക്കുന്നു. എം.ജി.പി.യിൽ പറയുന്ന പല പ്രശ്നങ്ങളും കഴിഞ്ഞ ഗവൺമെൻറിന്റെ കാലത്തുതന്നെ തീരുമാനിച്ച കാര്യങ്ങൾ തന്നെയാണ്. ആ ശുപാർശകൾ പലതും എം.ജി.പി. പരിപാടിയിൽ നാം നടപ്പാക്കാൻ ശ്രമിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തയ്യാറാക്കിയ വ്യവസായ നയത്തിലൂടെയും, ഇലക്ട്രിസിറ്റി നയത്തിലൂടെയും പല കാര്യങ്ങളും നമ്മൾ എം.ജി.പി. യിൽക്കൂടി നടപ്പാക്കാൻ ശ്രമിക്കുകയാണ്. അതുപോലെ ഈ ഗവൺമെന്റിന്റെ കാലത്ത് വൈറ്റ് പേപ്പറിൽ പറഞ്ഞ പല കാര്യങ്ങളും ഉൾപ്പെടെ ഭരണമാകെ നവീകരിക്കാനുള്ള ശ്രമമാണ് എം.ജി.പി.യിൽ കൂടി ഈ ഗവൺമെന്റ് ഈ കാലത്ത് നടപ്പാക്കാൻ ശ്രമിക്കുന്നത്. അതോടൊപ്പമാണ് കേരളത്തിൽ പുതിയ അന്തരീക്ഷം വ്യവസായരംഗത്ത് ഉണ്ടാക്കാൻ ശ്രമിക്കുന്നത്. ജൂലൈ 1-ാം തീയതി എം.ജി.പി.യിലെ മുഴുവൻ കാര്യങ്ങളും വെബ് സൈറ്റിൽ കൊടുക്കുകയാണ്. എല്ലാപേരും അറിയാൻ വേണ്ടി, പൊതുചർച്ച നടക്കട്ടെ എന്നു വച്ചിട്ടാണ് അങ്ങനെ ചെയ്യുന്നത്. നിങ്ങൾ സംസാരിച്ചതുപോലെയല്ല ഞങ്ങൾ ഉദ്ദേശിക്കുന്നത്. കേരള ഗവൺമെന്റിന്റെ അടുത്ത വർഷത്തെ മുൻഗണനകളിലൊന്ന് നമ്മുടെ പൊതുവിദ്യാഭ്യാസത്തിന്റെ ക്വാളിറ്റി കൂട്ടുക എന്നതാണ്. അടുത്ത വർഷം മുതൽ കേരളത്തിലെ സർക്കാർ സ്കൂളുകളുടേയും കോളേജുകളുടേയും നിലവാരം ഉയർത്താനും അവർക്ക് കൂടുതൽ സൗകര്യം എത്തിക്കാനും ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. അതുപോലെ ഗവൺമെന്റ് മേഖലയിൽ ഉള്ള ആശുപത്രികളുടെ നിലവാരം ഉയർത്താൻ അവയുടെ സൗകര്യം വർദ്ധിപ്പിക്കുവാൻ ഗവൺമെന്റ് വളരെ മുൻഗണന കൊടുത്തുകൊണ്ട് പോവുകയാണ്. അല്ലാതെ ഗവൺമെന്റ് ആ രംഗത്ത് നിന്ന് മാറുകയല്ല. സ്വാശ്രയ സ്ഥാപനങ്ങൾ ധാരാളം വരുന്ന ഈ സാഹചര്യത്തിൽ ഗവൺമെന്റ് വിദ്യാലയങ്ങൾ പുറകോട്ടുപോയിക്കൂടാ എന്നതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് സ്കൂളുകളും കോളേജുകളും ഉൾപ്പെടെയുള്ള ഗവൺമെന്റ് വിദ്യാലയങ്ങളുടെ നിലവാരം ഉയർത്തുവാനും അവർക്ക് കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനും ഗവൺമെന്റ് തീരുമാനമെടുത്തിരിക്കുകയാണ്. വളരെ മുൻഗണന കൊടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്. അതിനുവേണ്ടി പല കാര്യങ്ങളും പഠിക്കാൻ വിദ്യാഭ്യാസ കമ്മിഷനെയും നിയമിക്കാൻ പോവുകയാണ്. അതുപോലെതന്നെ പൊതുജനാരോഗ്യത്തിന്റെ കാര്യത്തിലായാലും പാവപ്പെട്ടവർ ആശ്രയിക്കുന്ന സർക്കാർ ആശുപത്രികളിലെ ഇന്നത്തെ ശോച്യാവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കാൻ തീരുമാനമെടുത്ത് നടപടികളുമായി മുന്നോട്ടു പോവുകയാണ്.

654/13

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഇതിന്റെ ഭാഗമായിട്ടാണോ കോഴിക്കോട് മെഡിക്കൽ കോളേജിന്റെ ഒരു ബ്ലോക്ക് സ്വകാര്യവൽക്കരിക്കുവാൻ തീരുമാനിച്ചിരിക്കുന്നത് ?

ശ്രീ. എ. കെ. ആന്റണി : ചർച്ചയുടെ ഗതി അങ്ങോട്ട് പോകുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അതു സംബന്ധിച്ച് പൊതുജനാരോഗ്യത്തിന്റെ ചർച്ച വരുന്ന സന്ദർഭത്തിൽ അതിലേയ്ക്ക് കടക്കാം. എന്റെ പരിമിതമായ സമയം അതിലേയ്ക്ക് ഒഴുകിപോയാൽ എല്ലാ പ്രശ്നങ്ങളും കുഴപ്പത്തിലാകും.

മി. സ്പീക്കർ : സമയം വളരെ പരിമിതമാണ്.

ശ്രീ. എ. കെ. ആന്റണി : സമയം വളരെ പരിമിതമാണ്. ഞാൻ സമയത്തോട് മല്ലടിക്കുകയാണ്. ബഹുമാനപ്പെട്ട സ്പീക്കർ എന്റെ മുഖത്ത് കൂടെക്കൂടെ നോക്കുന്നുണ്ട്. എന്റെ ശ്രദ്ധ അങ്ങോട്ടുതിരിക്കുവാനുള്ള ഉദ്ദേശ്യത്തിലല്ല ശ്രീ. കോടിയേരി ചോദിച്ചതെന്ന് ഞാൻ ധരിക്കുന്നു. അങ്ങനെയാണോ എന്ന് എനിക്ക് അറിയില്ല. ഏതായാലും ഞാൻ അങ്ങോട്ട് കടക്കുവാൻ ആഗ്രഹിക്കുന്നില്ല. കേരളം രക്ഷപ്പെടണമെങ്കിൽ കാർഷിക മേഖല പുനഃസംഘടിപ്പിക്കണം. കാർഷിക മേഖല രക്ഷപ്പെടണമെങ്കിൽ, നമ്മൾ ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും ഡബ്ല്യു.റ്റി.ഒ. ഒരു യാഥാർത്ഥ്യമായിരിക്കുന്ന ഈ സാഹചര്യത്തിൽ കേരളത്തിലെ കാർഷിക മേഖലയെ പിടിച്ചുനിർത്തുകയും ഡബ്ല്യൂ.റ്റി.ഒ.യിലെ ഗുണഫലങ്ങൾ ഉപയോഗിക്കുവാൻ സാധിക്കണമെങ്കിൽ വാല്യൂ ആഡഡ് പ്രോഡക്ടുകൾ ഉണ്ടാകുകയും വേണം. കാർഷിക മേഖല നവീകരിക്കണം. അതിന് എം.എസ്. സ്വാമിനാഥൻ കമ്മിറ്റി നൽകിയ റിപ്പോർട്ട് ഗവൺമെന്റ് നടപ്പാക്കാനുള്ള ശ്രമം ആരംഭിച്ചിട്ടുണ്ട്. പക്ഷെ കാർഷിക സമ്പത്തുകൾക്കൊപ്പം വ്യവസായ മേഖലകൂടി രക്ഷപ്പെട്ടാലേ കേരളത്തിൽ അതിരൂക്ഷമായ തൊഴിലില്ലായ്മയ്ക്ക് പരിഹാരം ഉണ്ടാക്കുവാൻ സാധിക്കുകയുള്ളൂ. അതിനുവേണ്ടിയുള്ള ശ്രമത്തിന്റെ ഭാഗമായിട്ടാണ് ജിം നാം സംഘടിപ്പിച്ചത്. ജിം-ൽ തീരുമാനിച്ച നാൽപ്പതിലേറെ പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ബാക്കി പ്രോജക്ടുകളുടെ കാര്യത്തിലും നടപടികൾ വൈകാതെ ആരംഭിക്കും. പക്ഷെ അങ്ങനെയുള്ള വ്യവസായങ്ങൾ മാത്രം ആരംഭിച്ചതുകൊണ്ട് നമ്മുടെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാവുകയില്ല. കേരളത്തിലെ മഹാഭൂരിപക്ഷം ജനങ്ങളും ജോലിക്കായി ആശ്രയിക്കുന്നത് പരമ്പരാഗത വ്യവസായങ്ങളെയാണ്. അതുകൊണ്ടാണ് പരമ്പരാഗത വ്യവസായങ്ങളായ കശുവണ്ടി, കയർ, കൈത്തറി, ഖാദി, മൽസ്യബന്ധനം ഇവയ്ക്ക് മുൻഗണന കൊടുക്കുവാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നത്. പരമ്പരാഗത വ്യവസായങ്ങളുടെ വികസനത്തിനുവേണ്ടി 500 കോടിരൂപയുടെ സമഗ്ര പദ്ധതി ഗവൺമെന്റ് തയ്യാറാക്കുവാൻ ശ്രമിക്കുകയാണ്. അതോടൊപ്പം കാർഷിക മേഖലയുടെ പുനഃസംഘടനയ്ക്ക് ശ്രമിക്കുമ്പോൾതന്നെ കാർഷിക മേഖലയിൽ പ്രധാനപ്പെട്ട തോട്ടം മേഖലയിൽ ഇന്ന് ചില രംഗത്ത് പ്രതിസന്ധിയുണ്ട്. പ്രത്യേകിച്ചും തേയില, കാപ്പി. ആ പ്രതിസന്ധി പരിഹരിക്കുവാൻ ഗവൺമെന്റ് വളരെ ആത്മാർത്ഥമായി ശ്രമിക്കുന്നു. അതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പൂട്ടിക്കിടക്കുന്ന തേയിലത്തോട്ടങ്ങൾ ഉൾപ്പെടെയുള്ള തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ഗവൺമെന്റ് സമയബന്ധിതമായ പരിപാടികളുമായി മുന്നോട്ടുപോവുകയാണ്. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് കേന്ദ്ര ഗവൺമെന്റിനു മുമ്പിൽ ഈ സർക്കാർ ഒന്നും പ്രതികരിക്കുന്നില്ല, കേന്ദ്രത്തോട് എതിർക്കുന്നില്ല എന്ന നിലയിൽ പറഞ്ഞു. ഞാൻ പത്രങ്ങളൊന്നും കാട്ടുചെയ്യുന്നില്ല. ഹിന്ദു പത്രത്തിൽ പശ്ചിമ ബംഗാൾ ഗവൺമെന്റ് രണ്ടുവർഷം പൂർത്തീകരിച്ച ഘട്ടത്തിൽ ബംഗാളിലെ മുഖ്യമന്ത്രിയുടെ ഒരു ഇന്റർവ്യൂ ഉണ്ടായിരുന്നു. വേണമെങ്കിൽ ഞാൻ അത് ഇവിടെ വയ്ക്കാം. അതിൽ അദ്ദേഹം പറഞ്ഞിരിക്കുന്നത്, കേന്ദ്രവുമായി എന്റെ ഗവൺമെന്റ് ഏറ്റവും സൗഹാർദ്ദ നിലപാട് പുലർത്തുന്നു. പ്രത്യേകിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രി ശ്രീ. എൽ.കെ. അദ്വാനി എന്റെ ഗവൺമെന്റിന് എപ്പോഴും എല്ലാ സഹായവും ചെയ്യുന്നു എന്നാണ്. ശ്രീ. അദ്വാനിയോടും ശ്രീ. വാജ്പേയിയോടും പശ്ചിമ ബംഗാൾ ഗവൺമെന്റ് സൗഹാർദ്ദമായി സഹകരിച്ചുപോയാൽ അതിൽ തെറ്റില്ല. കേന്ദ്രവുമായി ഏറ്റുമുട്ടാതെ കേരളത്തിലെ കാര്യങ്ങൾ കണക്കുപറഞ്ഞ് കേന്ദ്രവുമായി ഈ സർക്കാർ സൗഹാർദ്ദത്തിൽപോയാൽ അത് വർഗ്ഗീയ ശക്തികൾക്ക് കീഴടങ്ങലാണ് എന്നുള്ള നിലയിലേയ്ക്കുള്ള വ്യാഖ്യാനങ്ങൾ വരരുത് എന്നാണ് എനിക്ക് പറയുവാനുള്ളത്. ഞാൻ വളരെയേറെ ദീർഘിപ്പിച്ചുപോകുന്നില്ല. ഇവിടെ ദേശാഭിമാനിയുമായി ബന്ധപ്പെട്ട ഒരു കാര്യമാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. നമ്മെ സംബന്ധിച്ചിടത്തോളം കേരളം രക്ഷപ്പെടണമെങ്കിൽ പലപ്പോഴും നമ്മുടെ പഴയകാല മുദ്രാവാക്യങ്ങൾ ചിലതൊക്കെ നാം മാറ്റിവയ്ക്കണം. ചിലത് തിരുത്തണം. ലോകം മാറുന്നു, ഇൻഡ്യ മാറുന്നു, ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളും മാറുന്നു. നമുക്ക് വേണ്ടത്, ഈ രാജ്യത്തെ ജനങ്ങളെ കൂടുതൽ പുരോഗതിയിലേയ്ക്ക് നയിക്കുകയാണ്. ഉൽപ്പാദന ശക്തികളെ നമുക്ക് പ്രോൽസാഹിപ്പിക്കുവാൻ സാധിക്കണം. കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാകണം. കാർഷിക മേഖലയിൽ തൊഴിലവസരങ്ങൾ ഉണ്ടാകണം. വ്യാവസായിക മേഖലയിൽ തൊഴിലവസരങ്ങൾ ഉണ്ടാകണം. അതിന് പൊതുമേഖലയ്ക്ക് മാത്രം സാധ്യമല്ല. നിലവിലുള്ള പൊതുമേഖലയെ നിലനിർത്തിക്കൊണ്ട് സ്വകാര്യ മേഖലയെക്കൂടി കേരളത്തിൽ പ്രോൽസാഹിപ്പിക്കുവാൻ സാധിക്കണം. ഇൻഡ്യയൊട്ടുക്ക് ചെയ്യുന്ന നടപടി അതാണ്. ഞാൻ ഇവിടെ ലിസ്റ്റൊന്നും വായിക്കുന്നില്ല. പശ്ചിമ ബംഗാളിലെ കണക്കുകളാണ്. ഇൻഡ്യാ രാജ്യത്ത് സ്വകാര്യ കുത്തകകൾക്ക് ഏറ്റവും കൂടുതൽ വ്യവസായ യൂണിറ്റുകളുള്ളത് ഇന്ന് കൽക്കട്ടയിലാണ്. ഇന്ന് പശ്ചിമ ബംഗാളിലാണ്. ഞാൻ തെറ്റെന്ന് പറഞ്ഞതല്ല. ബംഗാളിൽ ആകാമെങ്കിൽ കേരളത്തിൽ ആയിക്കൂടെ എന്നതാണ് എന്റെ ചോദ്യം. ഇൻഡ്യയിൽ ഏറ്റവും കൂടുതൽ വിദേശ കമ്പനികൾ പ്രവർത്തിക്കുന്നത് വെസ്റ്റ് ബംഗാളിലാണ്. അമേരിക്കൻ കമ്പനികൾ, ജർമ്മൻ കമ്പനികൾ, യു.കെ.യുടെ കമ്പനികൾ, സ്വിറ്റ്സർലാന്റിന്റെ കമ്പനികൾ, നെതർലാന്റിന്റെ കമ്പനികൾ, ജപ്പാൻ കമ്പനികൾ, ആസ്ട്രേലിയൻ കമ്പനികൾ

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ ഇരുന്നൂറിലേറെ മൾട്ടി നാഷണൽ കമ്പനികൾ പശ്ചിമ ബംഗാളിൽ പ്രവർത്തിക്കുന്നുണ്ട്. മാത്രമല്ല, പെപ്സി-കോളാ കമ്പനി. നേരത്തെതന്നെ പെപ്സിയുടെയും കൊക്കകോളയുടെയും രണ്ട് യൂണിറ്റുകൾ അവിടെയുണ്ട്. ഇപ്പോൾ പെപ്സിയുടെ യൂണിറ്റ് പുതിയതായി ആരംഭിക്കുവാൻ അവിടെ തീരുമാനിച്ചിരിക്കുന്നു. Pepsi has proposed to set up a processing unit for tender coconut water investment in West Bengal. കരിക്കിൽനിന്ന് പുതിയ പ്രോസസിംഗ് യൂണിറ്റ് ആരംഭിക്കുവാൻ പെപ്സി കമ്പനിക്ക് അവിടെ അനുവാദം കൊടുത്തിരിക്കുകയാണ്. ഇവിടെ തുടങ്ങിയാൽ അപകടം. വെസ്റ്റ് ബംഗാളിൽ തുടങ്ങിയാൽ നല്ലത്.....

(ബഹളം)

മി. സ്പീക്കർ : പ്രതിപക്ഷ നേതാവോ മുഖ്യമന്ത്രിയോ സംസാരിക്കുമ്പോൾ രണ്ടുകൂട്ടരും, ബഹളം വയ്ക്കരുത്.

ശ്രീ. എ. കെ. ആന്റണി : വെസ്റ്റ് ബംഗാൾ ഗവൺമെന്റ് അവിടത്തെ ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുവാൻവേണ്ടി എടുക്കുന്ന പോസിറ്റീവായിട്ടുള്ള നടപടികളെങ്കിലും കേരളത്തിലും ആയിക്കൂടെ ? ബംഗാൾ ഗവൺമെന്റിനെ കുറ്റപ്പെടുത്തുകയല്ല. ബംഗാളിൽ ജ്യോതിബാസു ഗവൺമെന്റ് തുടങ്ങിവച്ച ഒരു സമീപനമുണ്ട്. പഴയകാല നിലപാടുകൾ മാറ്റി അവിടെ ഇൻവെസ്റ്റുമെന്റ് ഫ്രെൻഡ്ലി ആയിട്ടുള്ള ഒരു സംസ്ഥാനമായി വെസ്റ്റ് ബംഗാളിനെ മാറ്റാൻ ശ്രമിക്കുന്നു. വെസ്റ്റ് ബംഗാളിലെ മുഖ്യമന്ത്രി ഈയടുത്ത കാലത്ത് ബോംബെയിൽപോയി റ്റാറ്റ, ബിർള, അംബാനി തുടങ്ങിയ എല്ലാപേരെയുംവിളിച്ചു സംസാരിച്ചു. മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് പോകുന്നു. വെസ്റ്റ് ബംഗാൾ പിൻതുടരുന്ന പാതയെങ്കിലും കേരളത്തിൽ സ്വീകരിച്ചുകൂടെ? അങ്ങനെ കേരളത്തിൽ വ്യവസായം ഉണ്ടാക്കുവാൻ ശ്രമിക്കണ്ടേ? അല്ലാതെ കേരളത്തിൽ പഴയ മുദ്രാവാക്യം മാത്രം വിളിച്ചുകൊണ്ടിരുന്നാൽ പബ്ലിക് ഇൻവെസ്റ്റുമെന്റ് ഏതെല്ലാം മേഖലയിൽ ഉണ്ടാകും ? ഇനി പുതിയ നികുതി പിരിക്കുവാനുള്ള സാദ്ധ്യത വളരെ കുറവാണ്. നിങ്ങൾ എതിർക്കുന്നുവെന്ന് ഞാൻ പറയുന്നില്ല. നമുക്ക് ഒരു പുതിയ സമീപനം വേണം. അന്തരീക്ഷം മാറ്റിയെടുക്കണം. നമ്മുടെ മൈൻഡ്സെറ്റ് മാറിയേ പറ്റൂ. കേരളത്തിൽ ഇൻവെസ്റ്റുമെന്റിന് അനുകൂലമായ, വികസനത്തിന് അനുകൂലമായ ഒരു അന്തരീക്ഷം ഉണ്ടാകണം. ഞങ്ങൾ പലപ്പോഴും പറഞ്ഞത്, ഇത് ലാസ്റ്റ് ബസ് എന്നാണ്. കഴിഞ്ഞ കാലങ്ങളിൽ നിങ്ങളും ഞങ്ങളും രണ്ടുകൂട്ടരും പ്രതിപക്ഷത്തിരിക്കുന്ന അവസരത്തിൽ ഒരു നയവും ഭരണപക്ഷത്തിരിക്കുമ്പോൾ ഒരു നയവും വന്ന് ഇവിടെ എന്തുവന്നാലും അതിനെയൊക്കെ പരസ്പരം എതിർത്ത് പ്രോജക്ടുകൾ വരാത്ത ഒരു അന്തരീക്ഷം ഉണ്ടായിപ്പോയി. നിങ്ങൾക്ക് മാത്രമല്ല ഉത്തരവാദിത്തം. ഇത് മുടക്കിയതിൽ ഞങ്ങൾക്കും ഉത്തരവാദിത്വമുണ്ട്. ഇല്ലെന്ന് ഞാൻ പറയുകയില്ല. ആ സമീപനം നമ്മളെ എവിടെകൊണ്ട് എത്തിച്ചു ? ആ സമീപനത്തിന്റെ ഫലമായി മറ്റ് ഇൻഡ്യൻ സംസ്ഥാനങ്ങൾ അതിവേഗത്തിൽ മുന്നോട്ടുപോകുമ്പോൾ നമ്മുടെ വഞ്ചി തിരുനക്കരത്തന്നെ. ഈ തവണ

LIBRARY ARCHIVES Kerala Legislative Assembly

നമുക്ക് ബസ് നഷ്ടപ്പെടാൻ സാദ്ധ്യമല്ല. നമ്മൾ ഇപ്പോൾ ബസ്സിൽ കയറി ഇരിക്കുന്നു. ഡ്രൈവിംഗ് സീറ്റിൽ ഞങ്ങൾ ഇരിക്കുന്നു. ഇനി ഈ കേരളത്തെ കുറേ മുന്നോട്ടുകൊണ്ടുപോകട്ടെ. എല്ലാക്കാലത്തും ഡ്രൈവിംഗ് സീറ്റിൽ ഞങ്ങൾ തന്നെ ഇരിക്കില്ല. ഭരണം എന്നുവച്ചാൽ റിലേ റെയ്സ് പോലെയാണ്. ആരാണ് അവസാനത്തെ ബാറ്റനുള്ള ഓട്ടക്കാരനെന്ന് പറയുവാൻ സാദ്ധ്യമല്ല. ഞങ്ങൾ അഞ്ചുവർഷക്കാലം ഈ സംസ്ഥാനത്തെ പുതിയ നയവുമായി പുരോഗതിയിലേയ്ക്ക് നയിച്ചുകഴിഞ്ഞാൽ എന്നെങ്കിലും ഒരിക്കൽ ജനങ്ങൾ ഞങ്ങളെ ഇറക്കിവിടുമെന്ന് എനിക്ക് അറിയാം. പാർലമെന്ററി ഡെമോക്രസിയുടെ ആദ്യപാഠം അതാണ്. അധികാരകുത്തക ആർക്കുമില്ല. എന്നെങ്കിലും ഒരിക്കൽ ഞങ്ങൾക്ക് ഇറങ്ങിപ്പോകേണ്ടിവരും. ഏതെങ്കിലും ഒരു ഘട്ടത്തിൽ ജനങ്ങൾ ഞങ്ങളെ ഇറക്കിവിടും. അങ്ങനെ വരുന്ന അവസരത്തിൽ, ഏതെങ്കിലും ഒരിക്കൽ എന്നുപറയുവാൻ പറ്റില്ല. അന്ന് ഈ ഡ്രൈവിംഗ് സീറ്റിൽ നിങ്ങൾക്ക് ഇരിക്കുവാൻ അവസരം കിട്ടും. അപ്പോൾ കുറേദൂരം ഈ വണ്ടിയുമായി ഞങ്ങൾ മുന്നോട്ടുപോയാൽ നിങ്ങൾക്ക് ബാക്കികൂടെ ഓടിച്ചാൽ മതി. അതല്ല നിങ്ങൾ ഇപ്പോൾ ടയർ കുത്തിപ്പൊട്ടിച്ചാൽ എന്നെങ്കിലും ഒരു കാലഘട്ടത്തിൽ നിങ്ങളെ ഏൽപ്പിക്കുന്ന അവസരത്തിൽ നിങ്ങളും നരകിക്കും. രാജ്യവും നരകിക്കും. അതുകൊണ്ട് നമുക്ക് പുതിയ സമീപനത്തിൽക്കൂടി മുന്നോട്ടുപോകാം. ഞാൻ ഒരു നല്ല കാര്യം പറഞ്ഞതാണ്. ശ്രീ. രാജേന്ദ്രനൊക്കെ വളരെ ചെറുപ്പമാണ്. എത്രയോ കാലത്തെ രാഷ്ട്രീയ ഭാവിയുള്ള ആളാണ്. നിങ്ങൾക്ക് എല്ലാ അവസരവും ഉള്ളതല്ലേ. കഴിഞ്ഞ 50 വർഷം നാം കേരളത്തിൽ മാറിമാറി അധികാരത്തിൽ ഇരുന്നപ്പോൾ, ഭരണത്തിൽ ഇരിക്കുമ്പോൾ എല്ലാവരും വികസന രാഷ്ട്രീയത്തെക്കുറിച്ച് പറയുകയും പ്രതിപക്ഷത്ത് വരുമ്പോൾ എല്ലാ പ്രോജക്ടുകളേയും ആരോപണം കൊണ്ട് നശിപ്പിക്കുകയും ചെയ്യുന്ന ഒരന്തരീക്ഷം കേരളത്തിൽ വളർന്നു വന്നിരുന്നു. അതിൽ എല്ലാവർക്കും പങ്കുണ്ട്. അതിന്റെ ഡിഗ്രിയിൽ മാത്രമേ വ്യത്യാസമുള്ളൂ. നമുക്ക് ആ അന്തരീക്ഷം മാറ്റാം. നമുക്ക് പുതിയ ആകാശവും പുതിയ ഭൂമിയും കേരളത്തിൽ ആരംഭിക്കാം. കഴിഞ്ഞ കാലങ്ങളിലെ നെഗറ്റീവ് പൊളിറ്റിക്സിനുപകരം മൈൻഡ് സെറ്റ് മാറ്റി ഒരു പുതിയ കേരളം ആരംഭിക്കാം. നമുക്ക് ഒരുമിച്ച് ഓടാം. നിങ്ങൾ ഞങ്ങളോടുകൂടി ഇപ്പോൾ സഹകരിക്കുക. നാളെയെന്നെങ്കിലും നിങ്ങൾ വന്നാൽ അന്ന് ഞങ്ങൾ നിങ്ങളുടെ കൂടെ സഹകരിക്കാം. നമുക്ക് പുതിയൊരു കേരളമുണ്ടാക്കാൻ ശ്രമിക്കാം.

ശ്രീ. കെ. പി. രാജേന്ദ്രൻ : ഇത്ര നല്ല രീതിയിൽ ഈ ഗവൺമെന്റിനെ അങ്ങ് മുന്നോട്ടുകൊണ്ടുപോകുകയാണ്. പക്ഷേ അങ്ങയുടെ രണ്ട് സഹപ്രവർത്തകരുൾപ്പെടെ 26 പേർ യോഗം ചേർന്ന് ഈ ഭരണം പരാജയമാണെന്ന് പരസ്യമായി പറഞ്ഞിരിക്കുകയല്ലേ, സമ്പൂർണ്ണ പരാജയമാണെന്ന് പറഞ്ഞിരിക്കുന്നു. ആ രണ്ടു മന്ത്രിമാരെ മാറ്റണമെന്നാണ് അങ്ങയുടെ സഹപ്രവർത്തകൻ, യു.ഡി.എഫ്. കൺവീനർ ശ്രീ. ഉമ്മൻചാണ്ടി പറഞ്ഞത്. ഇതൊക്കെ ഈ രാജ്യത്തെ ജനങ്ങളുടെ മുമ്പിലുള്ള വസ്തുതയല്ലേ, അതു മറച്ചു വയ്ക്കരുത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ആന്റണി : ശ്രീ. രാജേന്ദ്രൻ 7 വർഷം ഞങ്ങളുടെ കൂടെ ഭരണത്തിലുണ്ടായിട്ടും ഞങ്ങളെ ഇപ്പോഴും മനസ്സിലാക്കിയിട്ടില്ല. ഞാൻ അങ്ങോട്ടു പോകുന്നില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വികസനത്തിന്റെ കുറേ കാര്യങ്ങൾ പറഞ്ഞു. പശ്ചിമബംഗാളിൽ നടക്കുന്ന വികസനത്തെക്കുറിച്ച് പറഞ്ഞു. പശ്ചിമബംഗാൾ മോഡലിലുള്ള വികസന പ്രവർത്തനം നടത്തിയിട്ട് ഏതിനെയാണ് ഞങ്ങൾ എതിർത്തത് ? പെപ്സി, കോള തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് പറഞ്ഞു. പെപ്സി, കൊക്കകോള എന്നീ കമ്പനികൾ വരുന്നതിന് ഞങ്ങൾ എതിരല്ല. വെള്ളമില്ലാത്ത സ്ഥലത്ത് ഈ പദ്ധതി ഇപ്പോൾ നടക്കുന്നതിനെയാണ് ഞങ്ങൾ എതിർത്തത്.

ശ്രീ. എ. കെ. ആന്റണി : ഈ ഗവൺമെന്റിനുവേണ്ടി, പ്രതിപക്ഷത്തോടും പ്രതിപക്ഷ നേതാവിനോടും പ്രതിപക്ഷ ഉപനേതാവിനോടും ഒരു കാര്യം ഞാൻ ഉറപ്പു നൽകുകയാണ്. പ്രധാനപ്പെട്ട എല്ലാ പ്രശ്നങ്ങളും നിങ്ങളുമായി ചർച്ച ചെയ്യാൻ ഞാൻ തയ്യാറാണ്. നിങ്ങളുടെ വിമർശനങ്ങളെ ക്ഷമയോടെ കേൾക്കാൻ ഞങ്ങൾ തയ്യാറാണ്. നിങ്ങളുടെ നിർദ്ദേശങ്ങൾ ക്ഷമയോടെ കേൾക്കാൻ തയ്യാറാണ്. കേരളം ഇനിയും മുന്നോട്ടു പോകണം. അയൽസ്റ്റേറ്റുകളിൽ അനുവദിക്കാവുന്ന കാര്യങ്ങൾ കേരളത്തിലും അനുവദിക്കണം. ബംഗാളിൽ ആകാവുന്ന കാര്യങ്ങൾ കേരളത്തിലും ആകണം. തമിഴ്നാട്ടിലും കർണ്ണാടകത്തിലും ആന്ധ്രപ്രദേശിലുമെല്ലാം നടക്കുന്ന നിലയിൽ അതിവേഗത്തിൽ നമുക്ക് പുരോഗതിയുണ്ടാകണം. അടുത്ത ഏതാനും വർഷം കഴിയുമ്പോഴെങ്കിലും കേരളം ഇൻഡ്യയിലെ പിന്നോക്ക സംസ്ഥാനങ്ങളുടെ പട്ടികയിൽ നിന്ന് ഇൻഡ്യയിലെ വികസനസംസ്ഥാനത്തിന്റെ പട്ടികയിലെത്താൻ സാധിക്കണം. പ്രതിപക്ഷത്തിന്റെ ജോലി ഞങ്ങൾക്ക് സ്തുതിപാഠകം നടത്തുകയല്ല. എല്ലാത്തിനും ഞങ്ങളെ പിൻതാങ്ങുകയല്ല. ഞങ്ങൾ തുറന്ന മനസ്സോടുകൂടി നിങ്ങളോട് സംസാരിക്കാം., ചർച്ച ചെയ്യാം. ആ ചർച്ചകളിൽക്കൂടി നിങ്ങൾ ഉന്നയിക്കുന്ന വിമർശനങ്ങൾ കേൾക്കാൻ തയ്യാറാണ്. പ്രതിപക്ഷത്തിന്റെ സഹകരണത്തോടുകൂടി, ഈ രാജ്യത്തെ വികസന കാര്യത്തിൽ താൽപ്പര്യമുള്ളവരുടേയും സഹകരണത്തോടുകൂടി മുന്നോട്ടു പോകാൻ ആഗ്രഹിക്കുന്നു. പക്ഷേ ഇത് ലാസ്റ്റ് ബസ്സാണ്. ഈ ബസ് മിസ് ചെയ്യാൻ സാദ്ധ്യമല്ല. കേരളം ഓരോ അടിയും മുന്നോട്ടുപോകണം. അതിന് എല്ലാവരും സഹകരിക്കണം. അതിനായി നിങ്ങൾ ഈ ധനാഭ്യർത്ഥന ഏകകണ്ഠമായി അംഗീകരിച്ചുതരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, ടി.കെ. ദേവകുമാർ, എ.കെ. ബാലൻ, ടി.കെ. ബാലൻ, കെ.പി. രാജേന്ദ്രൻ, ബിനോയ് വിശ്വം, പി. നാരായണൻ, എം. കുമാരൻ, മഞ്ഞളാംകുഴി അലി, വി.കെ. ചന്ദ്രൻ, പി. ജയരാജൻ, സാജുപോൾ, ടി.പി. രാമകൃഷ്ണൻ, കെ.കെ. ജയചന്ദ്രൻ, കെ.പി. മോഹനൻ, സി.കെ. നാണു, എ.എ. അസീസ്, ഡോ. എ. നീലലോഹിതദാസൻനാടാർ, ഡോ. കെ.സി. ജോസഫ് എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

മി. സ്പീക്കർ : സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2003-04 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

സഭ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ -79

1. ശ്രീ. കെ. അച്ചുതൻ
2. ,, സി. ടി. അഹമ്മദ് അലി
3. ,, എ. പി. അനിൽകുമാർ
4. ,, എ. കെ. ആന്റണി
5. ,, ഇ. എം. അഗസ്തി
6. ,, കെ. ബാബു
7. ,, ബാബു ദിവാകരൻ
8. ,, ആർ. ബാലകൃഷ്ണപിള്ള
9. ,, പി. കെ. കെ. ബാവ
10. ,, ടി. വി. ചന്ദ്രമോഹൻ
11. ,, കെ. എ. ചന്ദ്രൻ
12. ,, എം. എ. ചന്ദ്രശേഖരൻ
13. ,, ഡൊമിനിക് പ്രസന്റേഷൻ
14. ,, എം. പി. ഗംഗാധരൻ
15. ,, പി. പി. ജോർജ്
16. ,, പ്രയാർ ഗോപാലകൃഷ്ണൻ
17. ശ്രീമതി കെ. ആർ. ഗൗരിയമ്മ
18. ശ്രീ എം. എം. ഹസ്സൻ
19. ,, വി. കെ. ഇബ്രാഹിം കുഞ്ഞ്
20. ,, ടി. എം. ജേക്കബ്

LIBRARY ARCHIVES Kerala Legislative Assembly

21. ശ്രീ. കെ. സി. ജോസഫ്
22. ,, ജോസഫ് എം. പുതുശ്ശേരി
23. ,, പി. ജെ. ജോയി
24. ,, വർക്കല കഹാർ
25. ,, ജി. കാർത്തികേയൻ
26. ,, കെ. കെ. നായർ
27. ,, പി. കെ. കുഞ്ഞാലിക്കുട്ടി
28. ഡോ. എം. എ. കുട്ടപ്പൻ
29. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
30. ,, ലൂഡി ലൂയിസ്
31. ,, മാമ്മൻ മത്തായി
32. ,, സി. മമ്മൂട്ടി
33. ,, കെ. എം. മാണി
34. ശ്രീമതി മെഴ്സി രവി
35. ശ്രീ. കെ. മുഹമ്മദാലി
36. ,, ഇ. ടി. മുഹമ്മദ് ബഷീർ
37. ,, കെ. മോഹൻകുമാർ
38. ,, എ. കെ. മണി
39. ,, സി. മൊയിൻകുട്ടി
40. ,, ആര്യാടൻ മുഹമ്മദ്
41. ,, സി. പി. മുഹമ്മദ്
42. ,, എം. കെ. മുനീർ
43. ,, എം. മുരളി
44. ,, ശ്രീ. കെ. നാരായണക്കുറുപ്പ്
45. ,, എഴുകോൺ നാരായണൻ
46. ,, ഉമ്മൻചാണ്ടി
47. ,, വി. ജെ. പൗലോസ്
48. ,, അടൂർപ്രകാശ്
49. ,, ജി. പ്രതാപവർമ്മ തമ്പാൻ
50. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ

LIBRARY ARCHIVES Kerala Legislative Assembly

51. ശ്രീമതി രാധാരാഘവൻ
52. ശ്രീ. എം. വി. രാഘവൻ
53. ,, എ. എൻ. രാജൻ ബാബു
54. ,, കെ. കെ. രാമചന്ദ്രൻമാസ്റ്റർ
55. ,, യു. സി. രാമൻ
56. ,, തമ്പാനൂർ രവി
57. ,, റോഷി അഗസ്റ്റിൻ
58. ,, ടി. പി. എം. സാഹിർ
59. ,, പി. ശങ്കരൻ
60. ,, കെ. ശങ്കരനാരായണൻ
61. ശ്രീമതി മാലേത്ത് സരളാദേവി
62. ശ്രീ. വി. ഡി. സതീശൻ
63. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
64. ശ്രീ. കടവൂർ ശിവദാസൻ
65. ശ്രീമതി ശോഭനാ ജോർജ്
66. ശ്രീ. നാലകത്ത് സൂപ്പി
67. ,, സ്റ്റീഫൻ ജോർജ്
68. ,, കെ. സുധാകരൻ
69. ,, ഡി. സുഗതൻ
70. ,, എ. സുജനപാൽ
71. ,, സി. എഫ്. തോമസ്
72. പ്രൊഫ. കെ. വി. തോമസ്
73. ശ്രീ. പി. ടി. തോമസ്
74. ,, തോമസ് ചാഴികാടൻ
75. ,, ഉമേഷ് ചള്ളിയിൽ
76. ,, എം. എ. വാഹീദ്
77. ,, കെ. സി. വേണുഗോപാൽ
78. ,, ബി. വിജയകുമാർ
79. ,, കെ. പി. വിശ്വനാഥൻ

654/13

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലിക്കുന്നവർ-31

1. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
2. ,, മഞ്ഞളാംകുഴി അലി
3. ,, എ. എ. അസീസ്
4. ,, കോടിയേരി ബാലകൃഷ്ണൻ
5. ,, എ. കെ. ബാലൻ
6. ,, ടി. കെ. ബാലൻ
7. ,, ബിനോയ് വിശ്വം
8. ,, വി. കെ. ചന്ദ്രൻ
9. ,, വി. ചെന്താമരാക്ഷൻ
10. ,, ടി. കെ. ദേവകുമാർ
11. ,, പി. സി. ജോർജ്
12. ,, കെ. കെ. ജയചന്ദ്രൻ
13. ,, എം. വി. ജയരാജൻ
14. ,, പി. ജയരാജൻ
15. ഡോ. കെ. സി. ജോസഫ്
16. ശ്രീ. എം. കുമാരൻ
17. ,, കെ. വി. കുഞ്ഞിരാമൻ
18. ,, വി. കെ. സി. മമ്മത്കോയ
19. ,, മത്തായി ചാക്കോ
20. ,, കെ. പി. മോഹനൻ
21. ,, പിരപ്പൻകോട് മുരളി
22. ,, സി. കെ. നാണു
23. ,, പി. നാരായണൻ
24. ഡോ. എ. നീലലോഹിതദാസൻ നാടാർ
25. ശ്രീ. കെ. രാധാകൃഷ്ണൻ
26. ,, കെ. പി. രാജേന്ദ്രൻ
27. ,, രാജു എബ്രഹാം

28. ശ്രീ. ടി. പി. രാമകൃഷ്ണൻ

29. ,, സാജുപോൾ

30. ,, കെ. പി. സതീശ്ചന്ദ്രൻ

31. ഡോ. തോമസ് ഐസക്

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

മി. സ്പീക്കർ :

അനുകൂലിക്കുന്നവർ 79

പ്രതികൂലിക്കുന്നവർ 31

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല.

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

VIII അറിയിപ്പ്

നിയമസഭാ സാമാജികർക്കുവേണ്ടി നടത്തുന്ന പ്രസന്റേഷൻ

മി. സ്പീക്കർ : അംഗങ്ങൾക്കായി ഇന്നു വൈകുന്നേരം നാലര മണിക്ക് ഒരു പ്രസന്റേഷൻ ഉണ്ട്. Both of the presenters are very renowned economists. നിങ്ങൾക്ക് നിങ്ങളുടെ സംശയങ്ങൾ ചോദിക്കാം. It will be a very useful and fruitful discussion. മാത്രമല്ല നിങ്ങൾ നിർദ്ദേശിക്കുന്ന നല്ല known-economists പോലെയുള്ള ആളുകളെ, നിങ്ങൾക്ക് സംഭാവന ചെയ്യാൻ കഴിയുന്ന ആളുകളെ ആരെയെങ്കിലും വിളിക്കണമെന്നു പറഞ്ഞാൽ ഭരണപക്ഷത്തിന്റേയും പ്രതിപക്ഷത്തിന്റേയും നിർദ്ദേശമനുസരിച്ച് ആ ആളുകളെ കൊണ്ടുവന്ന് ഇതുപോലെയുള്ള പ്രസന്റേഷൻ നടത്താൻ തയ്യാറാണ്. ബാങ്ക്വറ്റ് ഹാളിലാണ് അറേഞ്ച് ചെയ്തിരിക്കുന്നത്.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2003 ജൂൺ 25-ന് രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്ക് ശേഷം 1.46-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly